# കുടുംബജ്യോതി 2025

SINCE 1982

ഫെബ്രുവരി • പുസ്തകം 43 • ലക്കം 02




## വലിയ യുദ്ധവും ചെറിയ സമാധാനവും

യുദ്ധം യാഥാർഥ്യവും സമാധാനം വെറുമൊരു സ്വപ്നവുമായി മാറിയ ഒരു ജനത പാലസ്തീനിൽ ജീവിതത്തിനും മരണത്തിനുമിടയിലൂടെ സഞ്ചരിക്കുകയാണ്.

സി. ഗൗരിദാസൻ നായർ

കുടുംബജ്യോതി
ചങ്ങനാശേരി അതിരൂപതാ
കുടുംബ പ്രസിദ്ധീകരണം
പുസ്തകം 43 ലക്കം 02
2025
FEBRUARY



മതാന്തര സംവാദത്തിനുള്ള തിരുസംഘത്തിന്റെ
പ്രീഫെക്ടായി നിയമിതനായ കർദിനാൾ

# ജോർജ് കൂവക്കാട്ട് പിതാവിന്
# പ്രാർത്ഥനാശംസകൾ

# ഉള്ളടക്കം

# contents




06 വലിയ യുദ്ധവും ചെറിയ സമാധാനവും
*സി. ഗൗരീദാസൻ നായർ*

14 അവാർഡുകളല്ല അതിജീവനമാണ് പ്രധാനം
*കിരൺ ബാബു*

20 സ്നേഹത്തിൽ വിഭജിക്കപ്പെടുക
*ബോബി ജോസ് കട്ടിക്കാട്*

24 *ദൈവവിളി*
കൈയിൽ വലയുമായി കരയിൽ നില്ക്കരുത്
*ഫ്രാൻസിസ് പാപ്പാ*
ദൈവവിളി ഒരു രഹസ്യം
*ആർച്ചുബിഷപ്പ് തോമസ് തറയിൽ*
എങ്ങനെ ദൈവവിളി ഉറപ്പിക്കാം
*സി. ഡോ. അമൽ കുഴിപ്പിൽ*

30 സ്വപ്നത്തിൽ ഇല്ലാത്ത സ്വപ്നം
*ഫാ. നിഖിൽ ആട്ടുക്കാരൻ*

38 നല്ല മാതാപിതാക്കളാണോ?
*ഡോ. അശ്വിൻ ടോം*

42 കുറവും നിറവും
*ജോസഫ് സെബാസ്റ്റ്യൻ*


## സ്ഥിരംപംക്തികൾ


01 *മുഖപ്രസാദം*
മതാന്തര സംവാദസംഘത്തിന് പുതിയ പ്രീഫെക്ട്

05 *പൂമുഖം*
ആണുങ്ങളെ ആവശ്യമുണ്ട്
*ജോസ് ആൻഡ്രൂസ്*


32 *നടുത്തളം*
സഭാവാർത്തകൾ

34 *മരിയൻ ദർശനം*
കരയുന്ന മാതാവ്
ബിജു സെബാസ്റ്റ്യൻ

36 *ഗുരുമൊഴി*
ഭയത്തെ കീഴടക്കുക
ടി.എസ് ബിജു

44 *പുതിയനിയമത്തിലെ കുടുംബദർശനം*
കുടുംബവും ശിഷ്യത്വവും
*ഡോ. തോമസ് വള്ളിയാനിപ്പുറം*

50 *പുറംവാതിൽ*
കെട്ടിയവന് കിട്ടിയ മുട്ടൻ പണി
*ജെ. മണക്കുന്നേൽ*



To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi

ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
ഫോൺ: 8921677078

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

ആശയം, രൂപകല്പന: സലിമോൻ, കോട്ടയം
അക്ഷരവിന്യാസം: മനോജ് വർഗീസ്

മുദ്രണം: സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.


ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# ആണുങ്ങളെ ആവശ്യമുണ്ട്

**മുതിർന്ന പൗരർ ഏറ്റവുമധികം ക്രൂരമായ പെരുമാറ്റം നേരിടുന്നത് ആൺമക്കളിൽനിന്നാണെന്ന് റിപ്പോർട്ടു വന്നിരിക്കുന്നു.**



തന്റെ അസാന്നിധ്യത്തിൽ മറ്റുള്ളവർക്ക് അഗാധമായ നഷ്ടബോധം ഉണ്ടാക്കുന്നവനാണ് ഉത്തമനായ പുരുഷൻ എന്നാണ് ഫ്രഞ്ച് കവി പോൾ വലേരി പറയുന്നത്. ഓരോ പുരുഷനും തന്നെത്തന്നെ അളക്കാനുള്ള അളവുകോലാണ് അതെന്നു തോന്നുന്നു. തന്റെ അസാന്നിധ്യം ചുറ്റുമുള്ളവരെ സങ്കടപ്പെടുത്തുകയാണോ സന്തോഷിപ്പിക്കുകയാണോ എന്ന് ഓർത്തുനോക്കിയാൽ കാര്യം മനസിലാകും. തന്നെ ജനിപ്പിച്ചതിന്റെ ശിക്ഷയായിട്ടാണ് അമ്മയെ കൊന്നതെന്ന് പ്രതിയായ മകൻ പറഞ്ഞതിന്റെ നടുക്കം വിട്ടുമാറിയിട്ടില്ല. മറ്റൊരു കുട്ടി മൊബൈൽ ഫോൺ പിടിച്ചുവെച്ച അധ്യാപകനോടു പറഞ്ഞത്, പുറത്തിറങ്ങിയാൽ കൊന്നുകളയുമെന്നാണ്. കൊല്ലും കൊലയുമൊന്നുമില്ലെങ്കിലും പലയിടത്തും കാര്യങ്ങൾ അത്ര പന്തിയല്ല. ഉത്തമരായ ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും അഭാവം വീടുകളെയും സ്ഥാപനങ്ങളെയും നാടിനെയും നശിപ്പിക്കുമെങ്കിലും, ആണുങ്ങൾക്ക് പലയിടത്തും മേൽക്കൈ ആയതുകൊണ്ട് അവരാണ് കൂടുതൽ ദുരിതം വിതയ്ക്കുന്നതെന്നു പറയാം.

ഇനിയൊരു കണക്കുകൂടി കേൾക്കൂ. മുതിർന്ന പൗരർ ഏറ്റവുമധികം ക്രൂരമായ പെരുമാറ്റം നേരിടുന്നത് ആൺമക്കളിൽനിന്നാണെന്ന് റിപ്പോർട്ടു വന്നിരിക്കുന്നു. കേന്ദ്ര സാമൂഹിക നീതിവകുപ്പിന്റെ നാഷണൽ ഹെൽപ് ലൈൻ ഫോർ സീനിയർ സിറ്റിസൺസിന്റെ കേരളത്തിലെ 2023-24ലെ വാർഷിക റിപ്പോർട്ടിലാണ് ഇതുള്ളത്. 38 ശതമാനം മുതിർന്ന പൗരർ ആൺമക്കളിൽനിന്നും, 15 ശതമാനം പേർ മരുമക്കളിൽനിന്നും ക്രൂരമായ പെരുമാറ്റം നേരിടുകയാണ്. പലരുടെയും കൈകളിൽ മദ്യവും മയക്കുമരുന്നും ഇരിപ്പുണ്ട്. വീട്ടിലുള്ളവർ അവർക്ക് ഏറ്റവും എളുപ്പമുള്ള ഇരകളാണ്. ലഹരിയുടെ ഉന്മാദവും അതിന്റെ ഫലമായുണ്ടാകുന്ന വകതിരിവില്ലായ്മയും രോഷവുമൊക്കെ വീട്ടിലുള്ളവരോടു തീർത്താൽ എതിർപ്പ് കാര്യമായി ഉണ്ടാകില്ല. സഹായം കിട്ടേണ്ട സമയത്ത് മക്കളിൽനിന്ന് അധിക്ഷേപവും മർദനവും ഏല്ക്കേണ്ടിവരുന്നവർ കടുത്ത നന്ദികേടാണ് അനുഭവിക്കുന്നത്. ഭർത്താവോ മകനോ ആരുമാകട്ടെ, അത്തരം ആണുങ്ങൾ വീട്ടിലേക്കു വരുമ്പോൾ പലർക്കും ആധിയാണ്; ഇറങ്ങിപ്പോകുമ്പോൾ സന്തോഷവും. സങ്കടമുണ്ടെങ്കിലും അവരുടെ മരണംപോലും ചിലർക്ക് ആശ്വാസമാകുകയാണ്.

രാഷ്ട്രീയപാർട്ടികളിലും സംഘടനകളിലും തൊഴിൽസ്ഥാപനങ്ങളിലും സഭയിലുമൊക്കെ ഇത്തരം അയോഗ്യ പുരുഷന്മാരുണ്ട്. അവരുടെ സാന്നിധ്യം ചുറ്റുമുള്ളവരുടെ സമാധാനം കെടുത്തുകയാണ്. ഗതികേടുകൊണ്ടാണ് പലരും സഹിക്കുന്നത്. ഒപ്പമുള്ളവരെ എപ്പോഴും ശകാരിക്കുന്നവർ, ശിക്ഷിക്കുന്നവർ, പരിഹസിക്കുന്നവർ, മർദിക്കുന്നവർ, അർഹമായ വേതനം തടയുന്നവർ, അധികാരപ്രമത്തത കാണിക്കുന്നവർ, സ്ത്രീകളെ അവമതിക്കുന്നവർ, കുട്ടികളെ ഭയപ്പെടുത്തുന്നവർ... അങ്ങനെ ആരൊക്കെയുണ്ടെന്നു ഗവേഷണം നടത്തുകയല്ല, ആത്മപരിശോധന നടത്തുകയാണു വേണ്ടത്. ഞാൻ ഇല്ലാതാകുമ്പോൾ ആരെങ്കിലും ആശ്വസിക്കാൻ സാധ്യതയുണ്ടോ? ജനിപ്പിച്ചതിന്റെയും സ്നേഹിച്ചതിന്റെയും ഭക്ഷണം വാരിത്തന്നതിന്റെയും പഠിപ്പിച്ചതിന്റെയും പണം തന്നതിന്റെയും ശിക്ഷയാണോ കൊടുത്തുകൊണ്ടിരിക്കുന്നത്? മറ്റുള്ളവരെ കൊല്ലാക്കൊല ചെയ്യുകയാണോ? ആശ്ലേഷിക്കുന്നതിനുപകരം, കടക്ക് പുറത്തെന്നാണോ പറയുന്നത്?

അതേ, വീട്ടിലും സ്ഥാപനങ്ങളിലും സമൂഹത്തിലും ആണുങ്ങളെ ആവശ്യമുണ്ട്. എപ്പോഴും ഒപ്പമുണ്ടായിരുന്നെങ്കിലെന്ന് എല്ലാവരും ആഗ്രഹിക്കുന്ന ആണുങ്ങൾ. ജനിപ്പിച്ചതിന്റെ ശിക്ഷ വിധിക്കാൻ പ്രായമാകുംമുമ്പ്, ബാല്യത്തിൽ തന്നെ പോൾ വലേരിയുടെ വാക്കുകൾ ആൺകുട്ടികളിൽ എത്തട്ടെ. ○





• പാലസ്തീൻ പാക്കേജ് •

സി. ഗൗരിദാസൻ നായർ

# വലിയ യുദ്ധവും ചെറിയ സമാധാനവും

**യുദ്ധം യാഥാർഥ്യവും സമാധാനം വെറുമൊരു സ്വപ്നവുമായി മാറിയ ഒരു ജനത പാലസ്തീനിൽ ജീവിതത്തിനും മരണത്തിനുമിടയിലൂടെ സഞ്ചരിക്കുകയാണ്.**

പതിനഞ്ച് മാസങ്ങൾ നീണ്ടുനിന്ന ഇസ്രായേൽ-ഹമാസ് യുദ്ധത്തിന് താത്കാലികമായെങ്കിലും വിരാമമായിരിക്കുന്നു. 2025 ജനുവരി 19ന് ഇരുപക്ഷവും അംഗീകരിച്ച വെടിനിർത്തൽ കരാർ നിലവിൽ വന്നു. അത് മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് തീരുമാനം. ഈ കരാറിന്റെ ഭാഗമായുള്ള ഇസ്രായേലി ബന്ദികളുടെയും പാലസ്തീനിയൻ തടവുകാരുടെയും കൈമാറ്റം ആരംഭിച്ചു കഴിഞ്ഞു. പക്ഷേ, ഈ സമാധാനം ദുർബലമാണ്; ഗാസ ഇപ്പോഴും സംഘർഷമുനമ്പിലാണ്.

പാലസ്തീൻ എന്നത് രണ്ടായി വിഭജിക്കപ്പെട്ട ഒരു ജനതയും രാജ്യവുമാണ്. ഒരുഭാഗത്ത് വെസ്റ്റ് ബാങ്ക് പ്രദേശം, മറുവശത്ത് ഗാസയും. വെസ്റ്റ് ബാങ്കിൽ പാലസ്തീൻ ലിബറേഷൻ അതോറിറ്റി എന്ന പേരിൽ ഫത്താ വിഭാഗമാണ് അധികാരത്തിൽ. താരതമ്യേന മിതവാദികളാണവർ. എന്നാൽ, മറുവശത്ത് ഗാസയിൽ 2005 മുതൽ അധികാരം കയ്യാളുന്നത് ഹമാസ് എന്ന തീവ്ര ഇസ്ലാമിക് നിലപാടുള്ള സംഘടനയാണ്. അവർക്ക് ഇത്രയും കാലം ഇറാന്റെയും സിറിയയുടേയുമൊക്കെ പിന്തുണയുമുണ്ടായിരുന്നു.

2023 ഒക്ടോബർ ഏഴിന് ഇസ്രായേലി അതിർത്തി ഗ്രാമങ്ങളിലേക്ക് ഇരച്ചുകയറി 1200ഓളം സാധാരണക്കാരായ ഇസ്രായേലികളെ ഹമാസ് പ്രവർത്തകർ കൊന്നൊടുക്കുകയും, സ്ത്രീകളടക്കം 251 ഇസ്രായേലി പൗരന്മാരെ ബന്ദികളാക്കുകയും ചെയ്തതോടെയാണ് ഇസ്രായേൽ ഗാസയ്ക്കു നേരെ രൂക്ഷമായ ആക്രമണം അഴിച്ചുവിട്ടത്. മനുഷ്യമനഃസാക്ഷി മരവിച്ചുപോകുന്ന തരത്തിലുള്ള നിഷ്ഠുരതകളാണ് ഇസ്രായേലി ഗ്രാമത്തിൽ ഒരു സംഗീതപരിപാടിയിൽ പങ്കെടുക്കാനായി ഒത്തുചേർന്ന നിഷ്കളങ്കരായ മനുഷ്യർക്കു നേരെ ഹമാസ് സേന കാട്ടിക്കൂട്ടിയത്.

അതിന് മുതലും പലിശയും ചേർത്ത് തിരിച്ചുകൊടുക്കുകയാണ് ഇസ്രായേൽ സേന ചെയ്തത്. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നയിക്കുന്ന വലത്-തീവ്ര വലതുപക്ഷ സർക്കാർ ഹമാസിന്റെ നട്ടെല്ലൊടിക്കാൻ

## ഇസ്രായേൽ-ഹമാസ് സംഘർഷത്തിന്റെ നാൾവഴികൾ

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആരംഭിച്ച പാലസ്തീൻ പ്രശ്നത്തിന്റെ ഏറ്റവും പുതിയ അധ്യായമാണ് ഇപ്പോഴത്തെ ഇസ്രായേൽ-ഹമാസ് സംഘർഷം.

ഈ സംഘർഷം രാഷ്ട്രീയ-സാമൂഹിക-മതപരമായ സങ്കീർണതകളുടെ ഒരു സങ്കരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിലെ യഹൂദരുടെ ഒരു വിഭാഗം പാലസ്തീൻ പ്രദേശത്തേക്കു കുടിയേറി തുടങ്ങി. ഇത് പ്രദേശത്തെ അറബിവംശജരുമായി സംഘർഷത്തിന് വഴിവെച്ചു.

**ബ്രിട്ടീഷ് മാൻഡേറ്റ്**

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം പാലസ്തീൻ ബ്രിട്ടീഷ് മാൻഡേറ്റ് ആയി. ബ്രിട്ടീഷുകാർ യഹൂദകുടിയേറ്റത്തിന് അനുമതി നല്കിയതോടെ സംഘർഷം രൂക്ഷമായി.

1948ൽ ബ്രിട്ടീഷ് മാൻഡേറ്റ് അവസാനിച്ചതോടെ ഇസ്രായേൽരാഷ്ട്രം സ്ഥാപിതമായി. ഇത് അറബ് രാജ്യങ്ങളുമായി യുദ്ധത്തിനു കാരണമായി.

**1967ലെ ആറുദിന യുദ്ധം**

ഈ യുദ്ധത്തിൽ ഗാസാ, വെസ്റ്റ് ബാങ്ക്, ഗോലാൻ മലനിരകൾ എന്നീ പ്രദേശങ്ങൾ ഇസ്രായേൽ പിടിച്ചടക്കി.

**ഹമാസിന്റെ ഉദയം**

**ഇസ്ലാമികപ്രസ്ഥാനം:** 1987ൽ ഇസ്രായേലി അധിനിവേശത്തിനെതിരെ പാലസ്തീനിലെ ഗാസയിൽ ഒരു ഇസ്ലാമികപ്രസ്ഥാനം രൂപംകൊണ്ടു. അതാണ് ഹമാസ്.

നേരത്തെ ഇസ്രായേലിനെതിരെ പോരാട്ടങ്ങളും പ്രക്ഷോഭങ്ങളും നടത്തിവന്ന യാസർ അരാഫത്തിന്റെ നേതൃത്വത്തിലുള്ള ഫത്താ പാർട്ടി ക്ഷയിച്ചതോടെയാണ് ഹമാസ് പാലസ്തീനിൽ തങ്ങളുടെ സ്വാധീന മുറപ്പിച്ചത്.

**സായുധ പോരാട്ടം:** ഹമാസ് ഇസ്രായേലി അധിനിവേശത്തിനെതിരെ സായുധപോരാട്ടം നടത്താൻ തീരുമാനിച്ചു.

**ഗാസയിലെ ഭരണം:** 2006ൽ നടന്ന പാലസ്തീൻ നിയമസഭാ തെരഞ്ഞെടുപ്പിൽ ഗാസ മുനമ്പിൽ ഹമാസ് ഭൂരിപക്ഷം നേടി. തുടർന്ന് ഗാസയിലെ ഭരണം അവരുടെ കൈയിലായി.

**ഇസ്രായേലി ഉപരോധം:** ഹമാസ് ഗാസയിലെ ഭരണം ഏറ്റെടുത്തതിനെ തുടർന്ന് ഇസ്രായേൽ ഗാസ ഉപരോധിച്ചു. 2008, 2012, 2014, 2021 വർഷങ്ങളിൽ ഇസ്രായേലും ഹമാസും തമ്മിൽ വലിയ തോതിലുള്ള സായുധസംഘർഷങ്ങൾ ഉണ്ടായി. ഈ യുദ്ധങ്ങളിൽ നിരവധി പേർ കൊല്ലപ്പെട്ടു; ലക്ഷക്കണക്കിന് പേർ അഭയാർഥികളായി.

**കാരണങ്ങൾ**

**ഭൂമി:** പാലസ്തീൻ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥത രണ്ട് ജനതകളും അവകാശപ്പെടുന്നതാണ് പ്രധാന പ്രശ്നം. പാലസ്തീനികൾ സ്വന്തമായ ഒരു രാഷ്ട്രം സ്ഥാപിക്കാനുള്ള അവകാശം ആവശ്യപ്പെടുന്നു. ഇസ്രായേലാകട്ടെ, തങ്ങളുടെ ജനതയുടെ സുരക്ഷ ഉറപ്പാക്കുക എന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നായി കാണുന്നു. അതിനുമപ്പുറം പാലസ്തീനികൾ അധിവസിക്കുന്ന പ്രദേശങ്ങളിലേക്കു പ്രവേശിച്ച് താമസമുറപ്പിക്കുന്നതിന് അവർ ഇസ്രായേലികൾക്ക് സജീവ പിന്തുണയും നല്കുന്നു. ഇത് നിരന്തര സംഘർഷങ്ങൾക്ക് വഴിയൊരുക്കുന്നു.

**മതം:** ഇസ്ലാം, യഹൂദമതം എന്നീ മതങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങൾ ഈ സംഘർഷത്തെ വഷളാക്കുന്നു.

**പ്രത്യാഘാതങ്ങൾ**

**മാനവിക ദുരന്തം:** യുദ്ധങ്ങളിൽ നിരവധി

---

ഇത് ഒരു നല്ല അവസരമായിക്കണ്ടു. അവർ അഴിച്ചുവിട്ട ആക്രമണത്തിൽ ഏറെയും കൊല്ലപ്പെട്ടത് സാധാരണ മനുഷ്യരായിരുന്നു. ഒന്നും രണ്ടും പേരല്ല, 2025 ജനുവരി 19നുള്ള സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 46,899 പേർ. അതിനു പുറമേ ഈ ആക്രമണങ്ങളിൽ 1,10,725 പേർക്ക് പരിക്കേറ്റിട്ടുമുണ്ട്. മറുവശത്ത്, ഹമാസിന്റെ ആക്രമണങ്ങളിൽ 1,139 ഇസ്രായേലികൾക്കും ജീവൻ നഷ്ടമായി.

അനന്തമായി നീളുകയായിരുന്ന ഇസ്രായേൽ-ഹമാസ് സംഘർഷം, ഇറാനിലേക്കും സിറിയയിലേക്കുമൊക്കെ പടരുകയും മധ്യേഷ്യ

പേർ കൊല്ലപ്പെട്ടു. ലക്ഷക്കണക്കിന് പേർ അഭയാർഥികളായി.

**സാമ്പത്തിക പ്രതിസന്ധി:** ഗാസയിലെ സാമ്പത്തികസ്ഥിതി വളരെ മോശമാണ്. ഉപരോധം കാരണം അടിസ്ഥാനസൗകര്യങ്ങൾ തകർന്നിരിക്കുന്നു.

**രാഷ്ട്രീയ അസ്ഥിരത:** മധ്യേഷ്യയിലെ രാഷ്ട്രീയസ്ഥിരതയെ ഇസ്രായേൽ-ഹമാസ് സംഘർഷം ഗുരുതരമായി ബാധിക്കുന്നു.

**സമാധാനത്തിനുള്ള സാധ്യതകൾ**

**ദ്വിരാഷ്ട്ര പരിഹാരം:** പാലസ്തീൻ പ്രദേശത്ത് ഒരു ഇസ്രായേൽ രാഷ്ട്രവും ഒരു പാലസ്തീൻ രാഷ്ട്രവും എന്ന രീതിയിലുള്ള ഒരു പരിഹാരമാണ് ദ്വിരാഷ്ട്രപരിഹാരം.

**അന്താരാഷ്ട്രസമൂഹത്തിന്റെ ഇടപെടൽ:** അന്താരാഷ്ട്രസമൂഹം ഇരുവിഭാഗങ്ങളെയും ചർച്ചകൾക്കു പ്രേരിപ്പിക്കുകയും, സമാധാനശമങ്ങൾക്കു പിന്തുണ നല്കുകയും ചെയ്യേണ്ടതുണ്ട്.

**അന്താരാഷ്ട്രനിയമങ്ങൾ**

ഇസ്രായേൽ-ഹമാസ് സംഘർഷം അന്താരാഷ്ട്രനിയമത്തിന്റെയും മനുഷ്യാവകാശ നിയമങ്ങളുടെയും സങ്കീർണമായ പശ്ചാത്തലത്തിലാണ് നടക്കുന്നത്. ഈ സംഘർഷത്തിൽ ഉൾപ്പെട്ട പ്രവൃത്തികളെ അന്താരാഷ്ട്രനിയമം പല കോണുകളിൽ നിന്ന് വിലയിരുത്തുന്നു.

**പ്രധാന വിഷയങ്ങൾ**

**അധിനിവേശം:** 1967ലെ ആറുദിന യുദ്ധത്തിൽ വെസ്റ്റ് ബാങ്ക്, ഗാസ എന്നിവിടങ്ങൾ ഇസ്രായേൽ പിടിച്ചടക്കിയത് അന്താരാഷ്ട്രനിയമപ്രകാരം അധിനിവേശമായി കണക്കാക്കപ്പെടുന്നു. അധിനിവേശം അന്താരാഷ്ട്രനിയമപ്രകാരം അനധികൃതമാണ്.

**മനുഷ്യാവകാശ ലംഘനങ്ങൾ:** സംഘർഷത്തിൽ ഇരുവശത്തും നിരവധി മനുഷ്യാവകാശ ലംഘനങ്ങൾ നടന്നിട്ടുണ്ട്. സിവിലിയൻ കൊലപാതകം, ഭീകരത, അടിസ്ഥാനസൗകര്യങ്ങളുടെ നാശം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**അന്താരാഷ്ട്ര മാനവികനിയമം:** യുദ്ധകാലത്ത് പാലിക്കേണ്ട അന്താരാഷ്ട്ര മാനവികനിയമങ്ങൾ ഇരുവശത്തും ലംഘിക്കപ്പെട്ടതായി ആരോപണമുണ്ട്. സിവിലിയൻ സംരക്ഷണം, സാധാരണക്കാരുടെ ജീവനും സ്വത്തും സംരക്ഷിക്കൽ എന്നീ അടിസ്ഥാന തത്വങ്ങൾ ലംഘിക്കപ്പെട്ടതായി ആരോപണമുയരുന്നു.

**ഉപരോധം:** ഇസ്രായേൽ ഗാസയെ ഉപരോധിക്കുന്നത് മനുഷ്യാവകാശലംഘനമാണെന്ന് വിമർശിക്കപ്പെടുന്നു. ഭക്ഷണം, മരുന്ന്, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ അഭാവം ഗാസയിലെ ജനജീവിതത്തെ ദുരിതത്തിലാക്കുന്നു.

**സായുധസംഘർഷം:** ഹമാസ് ഒരു സായുധസംഘടനയായി കണക്കാക്കപ്പെടുന്നതിനാൽ അവരുടെ പ്രവർത്തനങ്ങളെ ഭീകരവാദമായി ചിത്രീകരിക്കാറുണ്ട്.

**അന്താരാഷ്ട്ര ആശങ്കകൾ**

അന്താരാഷ്ട്ര സമൂഹത്തിന് ഈ സംഘർഷത്തെക്കുറിച്ച് കടുത്ത ആശങ്കയാണുള്ളത്. യുഎൻ, യൂറോപ്യൻ യൂണിയൻ തുടങ്ങിയ സംഘടനകൾ ഇരുവിഭാഗങ്ങളോടും സമാധാനത്തോടെ പ്രവർത്തിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇരുകൂട്ടരും തമ്മിലുള്ള രാഷ്ട്രീയവൈരുധ്യങ്ങൾ കാരണം ഒരു സ്ഥിര പരിഹാരം ഇനിയും അകലെയാണ്.

**സമാധാനപ്രതീക്ഷ**

ഈ സംഘർഷത്തിന് ഒരു സ്ഥിരപരിഹാരം കാണണമെങ്കിൽ ഇരുവശത്തും സമാധാനത്തിനുള്ള ശ്രമങ്ങൾ ശക്തമാക്കേണ്ടതുണ്ട്. അന്താരാഷ്ട്രസമൂഹം ഇതിന് മധ്യസ്ഥം വഹിക്കണം. ദ്വിരാഷ്ട്രപരിഹാരം എന്ന ആശയം ഇപ്പോഴും സമാധാനത്തിനുള്ള ഒരു സാധ്യതയായി കണക്കാക്കപ്പെടുന്നുണ്ട്.

ആകെത്തന്നെ സംഘർഷഭൂമിയായി മാറുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തപ്പോൾ അതു തടയുന്നതിന് അമേരിക്കയുടെയും, സൗദി അറേബ്യ, ഈജിപ്ത്, ഖത്തർ തുടങ്ങിയ രാജ്യങ്ങളുടെയും നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷമായി നടന്നുവന്ന സമാധാന പരിശ്രമങ്ങളാണ് ഇപ്പോഴത്തെ വെടിനിർത്തൽ കരാറിനു വഴിയൊരുക്കിയത്.

**വെടിനിർത്തൽ കരാർ**

2025 ജനുവരി 19ന് നിലവിൽ വന്ന ഇസ്രായേൽ-ഹമാസ് വെടിനിർത്തൽ കരാറിന്റെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്:

## കൂട്ടക്കൊലയിൽനിന്ന് തുടക്കം

2023 ഒക്ടോബർ ഏഴിന് ഇസ്രായേൽ-ഹമാസ് പോരാട്ടം ആരംഭിച്ചത്, ഹമാസ്സേന ഇസ്രായേലിനെതിരെ അഴിച്ചുവിട്ട ആക്രമണത്തോടെയാണ്. 'ഓപ്പറേഷൻ അൽ-അക്സ ഫ്‌ളഡ്' എന്നാണ് ഹമാസ് അതിനിട്ട പേര്.

യഹൂദർക്ക് പവിത്രദിനമായ അന്ന് രാവിലെ 20 മിനിട്ടുകൾക്കിടയിൽ ഹമാസ് ഇസ്രായേലിനുള്ളിലേക്ക് തൊടുത്തുവിട്ടത് 3,000–5,000 റോക്കറ്റുകളാണ്. അന്നേദിവസം വൈകിട്ടോടെ ഇസ്രായേലി അതിർത്തി ഗ്രാമങ്ങളിലേക്കു പാഞ്ഞുകയറിയ ഹമാസ് സൈനികർ നടത്തിയ കൂട്ടക്കൊല മനുഷ്യമനഃസാക്ഷിയെ നടുക്കുന്നതായിരുന്നു.

ഏകദേശം 1200 നിഷ്കളങ്കരായ മനുഷ്യരെ അവർ കൊന്നൊടുക്കി. അവരിൽ ഏറെപ്പേരും സ്ത്രീകളായിരുന്നു. ഭൂരിപക്ഷവും അവിടെയൊരു ഗ്രാമത്തിൽ സംഗീതപരിപാടിയിൽ പങ്കെടുക്കാൻ വന്നവർ. അതിനൊപ്പം അവർ 251 പേരെ ബന്ദികളാക്കുകയും ചെയ്തു.

തങ്ങളുടെ ഇന്റലിജൻസ് സംവിധാനത്തെയാകെ നോക്കുകുത്തിയാക്കിക്കൊണ്ട് ഹമാസ് നടത്തിയ ആക്രമണം ഇസ്രായേലിന് വലിയ ഞെട്ടലും അപമാനവുമായി. അന്നു രാത്രിയിൽ ഇസ്രായേൽ ഗാസയിലേക്ക് മിസൈൽ വർഷമാരംഭിച്ചു. അവർ അതുകൊണ്ടും നിർത്തിയില്ല. ഇസ്രായേലി സേന ഗാസയിലേക്ക് ഇരച്ചുകയറി വീടുകൾ കയറിയിറങ്ങി ആളുകളെ തടവിലാക്കുകയും നിരവധി പേരെ കൊല്ലുകയും ചെയ്തു.

ദിവസങ്ങൾക്കുള്ളിൽ ഹമാസിന് പിന്തുണയുമായി ലെബനൻ ആസ്ഥാനമായുള്ള ഹിസ്ബുള്ള എന്ന സംഘടന രംഗത്തു വന്നു. ഇറാന്റെ പിന്തുണയുള്ള ഹിസ്ബുള്ളയെ ഇസ്രായേൽ തകർത്തെറിഞ്ഞു. ഇസ്രായേൽ ഉള്ളിലേക്കു കടന്ന് ബോംബാക്രമണം നടത്തി അവരുടെ ആയുധശേഖരം ഏറെയും നശിപ്പിച്ചു; പ്രബലരായ സൈനികനേതാക്കളെ കൊന്നൊടുക്കി.

ഈ ഘട്ടത്തിലാണ് സിറിയയിൽ അസാദ് ഭരണത്തിനെതിരെ തദ്ദേശീയ പ്രതിരോധസേനകൾ രംഗത്തെത്തിയത്. അവർ അധികാരം പിടിച്ചതോടെ, ഹിസ്ബുള്ളയുടെ സ്വാധീനകേന്ദ്രംകൂടിയായ സിറിയയിലേക്ക് കടന്നുകയറിയ ഇസ്രായേൽ അവിടെയുള്ള ഇറാന്റെ ആയുധശേഖരങ്ങളും നശിപ്പിച്ചു.

ഹമാസിന്റെയും ഹിസ്ബുള്ളയുടെയും നട്ടെല്ലൊടിച്ചുവെന്ന സമാധാനത്തിലാണ് ഇപ്പോൾ ഇസ്രായേൽ. എന്നാൽ, അതെത്രമാത്രം ശരിയാണെന്നു സംശയിക്കണം.

ഹമാസ് 2023 ഒക്ടോബർ ഏഴിന് മറ്റു രാജ്യക്കാരും ഇസ്രായേലികളുമടക്കം 251 പേരെയാണ് ബന്ദികളാക്കിയിരുന്നത്. ആദ്യഘട്ടത്തിൽ അവരിൽ അവശേഷിക്കുന്ന 33 ബന്ദികളെ മോചിപ്പിക്കും. ഇവരിൽ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവർ ഉൾപ്പെടുന്നു. കരാർ നിലവിൽവന്ന ജനുവരി 19 ഞായറാഴ്ച ഹമാസ് മൂന്നു സ്ത്രീകളെ വിട്ടയച്ചു. മറുവശത്ത് ഇസ്രായേൽ 90 തടവുകാരെയും. തുടർന്നുള്ള 7, 14, 28, 35 ദിവസങ്ങളിൽ ബാക്കിയുള്ള ബന്ദികളെ ഹമാസും, ഏകദേശം 1,000 തടവുകാരെ ഇസ്രായേലും മോചിപ്പിക്കാനാണ് പദ്ധതി.

ബന്ദികളെ മോചിപ്പിക്കുന്നതും പരിക്കേറ്റവരെ ചികിത്സിക്കുന്നതും ക്രമീകരിക്കാൻ പ്രത്യേക സംഘങ്ങൾ രൂപീകരിക്കും. വെടിനിർത്തലിന്റെ കാലയളവിൽ സമാധാനം നിലനിർത്തുന്നതിനുള്ള നടപടികൾ ഇരുപക്ഷവും മധ്യസ്ഥരാജ്യങ്ങളും സ്വീകരിക്കും. കരാറിന്റെ ഭാഗമായി, ഇസ്രായേൽസേന ഗാസയിൽനിന്ന് പിന്മാറ്റം ആരംഭിക്കും. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെടിനിർത്തലിന്റെ 16-ാം ദിവസത്തിൽ പുറത്തുവിടാൻ പദ്ധതിയുണ്ട്. ഈ കരാർ നടപ്പിലാക്കുന്നതിന് അമേരിക്ക, ഈജിപ്ത്, ഖത്തർ തുടങ്ങിയ രാജ്യങ്ങളുടെ ഇടപെടലുകൾ നിർണായകമാണ്. ഇവർ തമ്മിലുള്ള ആശയവിനിമയം ശക്തമായിരിക്കണം.



കാരണം, ഇസ്രായേൽ-ഹമാസ് വെടിനിർത്തൽ കരാർ നിലവിൽ വന്നതിനു പിന്നാലെ ഗാസയുടെ നിയന്ത്രണം വീണ്ടും ഹമാസിന്റെ കയ്യിലായിരിക്കുകയാണ്.

ഇസ്രായേൽ സൈന്യം പിന്മാറിയതിനെ തുടർന്ന് ഗാസ നിയന്ത്രിക്കാനായി ആയിരക്കണക്കിന് സൈനികരെയാണ് ഹമാസ് ഗാസ തെരുവുകളിലേക്ക് അയയ്ക്കുന്നത്. ഗാസയിൽ ഹമാസ് ഇപ്പോഴും പ്രബലശക്തിയായി തുടരുന്നുവെന്നാണ് ഈ സംഭവവികാസം വ്യക്തമാക്കുന്നത്. ഹമാസിനെ നശിപ്പിക്കാനോ മറ്റൊരു ബദൽ ശക്തിപ്പെടുത്താനോ ഇസ്രായേലിന് സാധിച്ചിട്ടില്ലെന്നും ഇതു തെളിയിക്കുന്നു.

തെരുവുകളിലൂടെ സായുധരും യൂണിഫോം ധരിച്ചവരുമായ ഹമാസ് സൈനികർ ഇക്കഴിഞ്ഞ ദിവസങ്ങളിൽ പരേഡ് നടത്തി. ആദ്യത്തെ ഇസ്രായേലി ബന്ദികളെ റെഡ് ക്രോസിന് കൈമാറിയപ്പോൾ ഹമാസിന്റെ കോർ നുഖ്ബ ഫോഴ്സ് യൂണിറ്റിലെ പോരാളികൾ പൂർണ സൈനിക ഉപകരണങ്ങൾ ധരിച്ച് ആയുധധാരികളായി രംഗത്തുണ്ടായിരുന്നുവെന്ന് അറബ് മധ്യസ്ഥർ പറഞ്ഞു.

ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ, ആധുനിക മധ്യേഷ്യയുടെ ചരിത്രത്തിലെ ഏറ്റവും മാരകമായ യുദ്ധങ്ങളിലൊന്നിനാണ് താത്കാലികമായെങ്കിലും അന്ത്യമുണ്ടാക്കിയത്. ഈ വെടിനിർത്തൽ കരാർ നിലനിൽക്കുകയാണെങ്കിൽ മേഖലയിലെ സംഘർഷങ്ങൾ ലഘൂകരിക്കാൻ കഴിയും. പക്ഷേ, അതുണ്ടാവുമോ എന്നതാണ് ചോദ്യം.

**മാനുഷിക ദുരന്തം**

വിവരണാതീതമായ മാനുഷികദുരന്തമാണ് ഈ കഴിഞ്ഞ 15 മാസക്കാലം കൊണ്ട് ഗാസാ മുനമ്പിൽ ഉണ്ടായത്. ഏകദേശം രണ്ടര ദശലക്ഷം പേർ തിങ്ങിപ്പാർത്തിരുന്ന ഗാസ മുനമ്പ് ഇന്നു ദുരിതഭൂമിയാണ്. അവിടെ സ്വപ്നങ്ങൾ നെയ്ത് ജീവിച്ചിരുന്ന പതിനായിരങ്ങൾ എന്നേക്കുമായി ഗാസയും ഈ ഭൂമിയും വിട്ടുപോയിരിക്കുന്നു. ഇരുവശത്തും സ്ത്രീകളും കുഞ്ഞുങ്ങളുമാണ് ഈ യുദ്ധത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയത്. മുകളിലെ കണക്കുകൾ കാട്ടുംപോലെ, അവരിൽ ഭൂരിപക്ഷവും പാലസ്തീനികൾ. ഐക്യരാഷ്ട്രസഭയുടെയും പാലസ്തീനി ഉദ്യോഗസ്ഥരുടെയും കണക്കുകൾ പ്രകാരം, ഇസ്രായേലി ബോംബാക്രമണത്തിൽ ഗാസയിൽ ജീവൻ നഷ്ടപ്പെട്ടവരിൽ 17,400 പേർ കുട്ടികളാണ്. അതായത് കഴിഞ്ഞ 15 മാസക്കാലയളവിൽ ഓരോ 30 മിനിട്ടിലും അവിടെ ഒരു കുട്ടി കൊല്ലപ്പെടുകയായിരുന്നു.

യൂണിസെഫ് രേഖപ്പെടുത്തിയ കുഞ്ഞുങ്ങളുടെ മരണങ്ങൾ ഇങ്ങനെ: ഒരു വയസിൽ താഴെ പ്രായമുള്ള 710 കുഞ്ഞുങ്ങൾ; 1-3 വയസിന് ഇടയിലുള്ള 1,793 കുഞ്ഞുങ്ങൾ; 4-5 വയസ് പ്രായമുള്ള 1,205 നഴ്സറി വിദ്യാർഥികൾ; 6-12 വയസ് പ്രായമുള്ള 4,205 പ്രൈമറി സ്കൂൾ വിദ്യാർഥികൾ; 13-17 വയസ് പ്രായമുള്ള



## ഹമാസ്: തീവ്ര ഇസ്ലാമിന്റെ മുഖം

പാലസ്തീൻ-ഇസ്രായേലി സംഘർഷത്തിൽ എന്നും തീവ്രനിലപാട് സ്വീകരിച്ചിട്ടുള്ള സംഘടനയാണ് ഹമാസ്. വളരെ സങ്കീർണവും പലതരം വ്യാഖ്യാനങ്ങൾക്കു വിധേയവുമാണ് അവരുടെ പ്രത്യയശാസ്ത്രം. അവരുടെ പ്രഖ്യാപിതലക്ഷ്യം തന്നെ, ഇസ്രായേലിനെ ഉന്മൂലനം ചെയ്ത് പാലസ്തീനിൽ ഒരു സ്വതന്ത്ര ഇസ്ലാമികരാഷ്ട്രം സ്ഥാപിക്കുക എന്നതാണ്. അവരുടെ നിലപാടുകൾ ഇങ്ങനെ സംക്ഷേപിക്കാം:

**പ്രത്യയശാസ്ത്രം**

**ഇസ്ലാമിക ദേശീയത:** ഹമാസ് ഒരു തീവ്ര ഇസ്ലാമികസംഘടനയാണ്. അവർ ഇസ്ലാമിനെ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാർഗദർശകമായി കണക്കാക്കുന്നു.

3,442 ഹൈസ്കൂൾ വിദ്യാർഥികൾ.

ആയിരക്കണക്കിന് പേരെ കാണ്മാനില്ല. ബോംബാക്രമണത്തിൽ തകർന്നടിഞ്ഞ കെട്ടിടങ്ങൾക്കടിയിൽ അവർ പെട്ടുപോയിട്ടുണ്ടാവാം എന്നാണ് കരുതപ്പെടുന്നത്. പക്ഷെ, അവരെ കണ്ടെത്തുക എളുപ്പമല്ല. അവർ ഒരുപക്ഷേ കുടുങ്ങിയത് തകർന്നടിഞ്ഞ പതിനായിരക്കണക്കിന് കെട്ടിടങ്ങൾക്കടിയിലാവാം.

പ്രതിദിനം 500–600 ട്രക്കുകൾ ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യസാധനങ്ങളുമായി കടന്നെത്തിയിരുന്ന മുനമ്പിൽ, കഴിഞ്ഞ ഒന്നരവർഷക്കാലം ചെന്നെത്തിയത് ഏതാനും ആയിരം ട്രക്കുകൾ മാത്രം. ഇതോടെ ഗാസയിലെ ഏകദേശം 85 ശതമാനം മനുഷ്യരും പട്ടിണിയിലായി. ഇതിനുപുറമേ, ഗാസയിലേക്ക് മരുന്നുമായെത്തിയ ട്രക്കുകൾ തടയുകയും, ആശുപത്രികളിലെ രോഗികളെ ഹമാസ് മനുഷ്യകവചങ്ങളാക്കിയിരിക്കുന്നു എന്നാരോപിച്ച് അവ ലക്ഷ്യം വെച്ച് ഇസ്രായേൽ ബോംബാക്രമണം അഴിച്ചുവിടുകയും ചെയ്തതോടെ ദുരിതം പൂർണമായി.

കൊടുംപട്ടിണിയിലേക്കു പതിച്ച പാലസ്തീനികൾക്ക് ഭക്ഷണവുമായെത്തിയ വേൾഡ് സെൻട്രൽ കിച്ചൺ എന്ന ആഗോള സംഘടനയുടെ ഏഴ് സന്നദ്ധപ്രവർത്തകർ 2024 ഏപ്രിൽ മാസത്തിൽ ഇസ്രായേലി ആക്രമണത്തിൽ കൊല്ലപ്പെട്ടത് സ്ഥിതിഗതികൾ രൂക്ഷമാക്കി. തങ്ങൾക്ക് സംഭവിച്ച വലിയ നഷ്ടം വകവെക്കാതെ വേൾഡ് സെൻട്രൽ കിച്ചൺ പ്രവർത്തകർ ഗാസയിലേക്കു മടങ്ങിയെത്തിയതോടെയാണ് അവിടെ പട്ടിണിക്ക് അല്പമെങ്കിലും ആശ്വാസമായത്.

അടിസ്ഥാനസൗകര്യങ്ങൾ വ്യാപകമായി തകർന്നിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ ഉപഗ്രഹകേന്ദ്രമായ യൂറോസാറ്റ് നടത്തിയ പഠനം കാട്ടുന്നത്, ഗാസയിലെ 69% വീടുകളും തകർന്നടിഞ്ഞിരിക്കുന്നു എന്നാണ്. ആകെ തകർന്നത് 60,368 കെട്ടിടങ്ങൾ. അവയിൽ തന്നെ 20,050 എണ്ണം ഏതാണ്ട് പൂർണമായി തന്നെ തകർന്നിരിക്കുന്നു

**സയണിസ വിരുദ്ധത:** ഇസ്രായേലിനെ സയണിസ്റ്റ് പ്രോജക്റ്റിന്റെ ഫലമായി കാണുന്ന ഹമാസ്, ഇസ്രായേലിനെ ഉന്മൂലനം ചെയ്യുക എന്നതാണ് തങ്ങളുടെ പ്രധാന ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.
**പാലസ്തീൻ ദേശീയത:** പാലസ്തീനിൽ ഒരു സ്വതന്ത്ര ഇസ്ലാമികരാഷ്ട്രം സ്ഥാപിക്കുക എന്നത് ഹമാസിന്റെ പ്രധാന ലക്ഷ്യമാണ്.
**സായുധ പോരാട്ടം:** ഹമാസ് സായുധയുദ്ധത്തെ ഇസ്രായേലിനെതിരെ പോരാടാനുള്ള ഏകമാർഗമായി കാണുന്നു.
**സാമൂഹിക സേവനം:** ഹമാസ് സാമൂഹിക സേവനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുന്നു. സ്കൂളുകൾ, ആശുപത്രികൾ, ധനസഹായം എന്നിവ നല്കി ഗാസയിലെ ജനങ്ങളെ സഹായിക്കുന്നു.

**തീവ്രവാദം**

**തീവ്രവാദം:** ഹമാസ് ഒരു തീവ്രവാദസംഘടനയാണ്. സിവിലിയൻ കൊലപാതകം, ആത്മഹത്യാ ബോംബിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടപ്പെടുന്നു.
**അസഹിഷ്ണുത:** ഹമാസിന്റെ പ്രത്യയശാസ്ത്രം മറ്റു മതങ്ങളോടും അഭിപ്രായങ്ങളോടുമുള്ള അസഹിഷ്ണുതയിൽ അധിഷ്ഠിതമാണെന്ന് വിമർശിക്കപ്പെടുന്നു.
**അധികാരമോഹം:** ഹമാസിന്റെ പ്രധാന ലക്ഷ്യം പാലസ്തീനിൽ സമ്പൂർണ അധികാരം പിടിച്ചടക്കുക എന്നതാണ്. ഇസ്രായേലിനെ ഉന്മൂലനം ചെയ്യുക എന്നത് ഒരു മറയാണെന്നും വിമർശിക്കപ്പെടുന്നു.

ഹമാസിന്റെ ഈ സമീപനങ്ങളാണ് ഇസ്രായേൽ-ഹമാസ് സംഘർഷത്തിന് ഒരു സ്ഥിരപരിഹാരം ഉണ്ടാകുന്നതിനുള്ള പ്രധാന തടസങ്ങൾ.

വെന്ന് സാറ്റലൈറ്റ് ചിത്രങ്ങൾ വ്യക്തമാക്കുന്നു. വീടുകൾക്കു പുറമേ ആശുപത്രികൾ, സ്കൂളുകൾ, വൈദ്യുതി ഗ്രിഡ്, ജലവിതരണ സംവിധാനം എന്നിവയെല്ലാം തകർക്കപ്പെട്ടിരിക്കുകയാണ്.

വെടിനിർത്തൽ കരാർ നിലവിൽ വന്നിട്ടുണ്ടെങ്കിലും, കഴിഞ്ഞ ഒന്നരവർഷക്കാലത്തെ യുദ്ധമേല്പിച്ച മുറിവുകളിൽ നിന്ന് ഇപ്പോഴും ചോരയൊഴുകുകയാണ്. വീടില്ലാത്തവരായിത്തീർന്ന ആയിരക്കണക്കിന് ആളുകൾ അഭയം തേടിയത് യുഎൻ ഏജൻസികൾ നടത്തുന്ന സ്കൂളുകളിലും മറ്റ് താത്കാലിക താമസകേന്ദ്രങ്ങളിലുമാണ്. അവരെ പുനരധിവസിപ്പിക്കുക എളുപ്പമല്ല. ഇതിനും പുറമെയാണ്, യുദ്ധം ഗാസയിലെ ജനങ്ങൾക്കേല്പിച്ച വലിയ മാനസികാഘാതം. നിരന്തരമായ ആക്രമണങ്ങൾ, വ്യാപകമായ നാശനഷ്ടങ്ങൾ, പ്രിയപ്പെട്ടവരെ നഷ്ടപ്പെടൽ എന്നിവയെല്ലാം അവരുടെ മാനസികാരോഗ്യത്തെ ഗുരുതരമായി ബാധിച്ചു കഴിഞ്ഞു. പലർക്കും പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ പോലുള്ള മാനസിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്.

അന്താരാഷ്ട്രസമൂഹം ഗാസയിലെ മാനുഷികദുരന്തത്തെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. യുഎൻ, റെഡ്ക്രോസ്, മറ്റു സന്നദ്ധസംഘടനകൾ എന്നിവർ ഗാസയിലെ ജനങ്ങൾക്ക് സഹായം നല്കാനുള്ള ശ്രമങ്ങൾ തുടരുന്നു. എന്നാൽ, യുദ്ധത്തിന്റെ തീവ്രത കാരണം ഈ സഹായപ്രവർത്തനങ്ങൾക്ക് വലിയ തടസങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഗാസയിലെ മാനുഷികദുരന്തം അവസാനിപ്പിക്കാനും സ്ഥിരമായ സമാധാനം കണ്ടെത്താനും അന്താരാഷ്ട്രസമൂഹം ശ്രമിക്കണം. അതിനായി ഇസ്രായേലും പാലസ്തീനും തമ്മിലുള്ള സംഘർഷം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് ശക്തമാകേണ്ടത്.

കിരൺ ബാബു

# അവാർഡുകളല്ല അതിജീവനമാണ് പ്രധാനം

**പ്രോത്സാഹനം കിട്ടിയില്ലെങ്കിലും, അവാർഡുകൾ വാരിക്കൂട്ടിയില്ലെങ്കിലും ഞാനെഴുതിക്കൊണ്ടിരിക്കും; ദൈവം അഭിഷേകത്തിന്റെ പുതപ്പ് എന്നിൽ നിന്ന് എടുത്തുകളയും വരെ.**

**നൂറിലധികം പുസ്തകങ്ങളുടെ രചയിതാവായ വിനായക് നിർമൽ സംസാരിക്കുന്നു.**



പത്താംക്ലാസ് വിദ്യാർഥിയായിരിക്കെ 1990ൽ ആദ്യകഥ പ്രസിദ്ധീകരിച്ചുകൊണ്ട് എഴുത്തുവഴിയിൽ ചുവടുവെച്ച വിനായക് നിർമൽ കഴിഞ്ഞ 35 വർഷമായി നിരന്തരം എഴുതിക്കൊണ്ടിരിക്കുന്നു. സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ ഇതുപോലെ കൈവെക്കാനും വ്യക്തിമുദ്ര പതിപ്പിക്കാനും ചുരുങ്ങിയ കാലത്തിനുള്ളിൽ മറ്റൊരു എഴുത്തുകാരനും കഴിഞ്ഞിട്ടില്ല എന്ന് അദേഹത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ആർക്കും മനസിലാകും. കഥ, നോവൽ, ബാലസാഹിത്യം, ജീവചരിത്രം, വിവർത്തനം, സിനിമ, സാഹിത്യം, ഡോക്യുമെന്ററികൾക്കും ടെലിഫിലിമുകൾക്കുമുള്ള സ്ക്രിപ്റ്റുകൾ, ഗാനങ്ങൾ... ഇങ്ങനെ പോകുന്നു വിനായകിന്റെ എഴുത്തുലോകങ്ങൾ.

കുടുംബജ്യോതിയോട് അദേഹം സംസാരിക്കുന്നു...


*വിനായക് നിർമൽ*

▸▸ *ഈ പ്രായത്തിനിടയ്ക്ക് 100 പുസ്തകങ്ങൾ. ഇതെങ്ങനെ സാധിച്ചു? സ്വപ്നം പോലെ തോന്നുന്നുണ്ടോ?*

തീർച്ചയായും. ഒരു പുസ്തകംപോലും പുറത്തിറക്കാൻ കഴിയുമോയെന്ന് ആശങ്കപ്പെട്ടിരുന്ന എഴുത്തിന്റെ ഒരു തുടക്കകാലമുണ്ട്. എംഎയ്ക്കു പഠിക്കുമ്പോൾ ആദ്യനോവലും, നാലഞ്ചുവർഷത്തെ ഇടവേളയ്ക്കു ശേഷം എന്നെ വായനക്കാർക്ക് ഏറെ പ്രിയപ്പെട്ടവനാക്കിയ *രണ്ടുപേർക്കിടയിലൊരു പുഴയുണ്ട്* എന്ന ലേഖനസമാഹാരവും പുറത്തിറങ്ങി. തുടർന്ന് നാലഞ്ചു പുസ്തകങ്ങൾകൂടി പുറത്തിറങ്ങിയപ്പോൾ, ഇത്രയുമൊക്കെയേ എന്നെക്കൊണ്ടു പറ്റൂ എന്നു തോന്നിയിരുന്നു. അവിടെ നിന്നാണ് ഇപ്പോൾ നൂറു കവിഞ്ഞു നില്ക്കുന്നത്. ഇക്കഴിഞ്ഞ സെപ്റ്റംബറിലാണ് നൂറാമതു പുസ്തകമായ *നീയെന്നെ അറിയുന്നില്ലെങ്കിലും* ഇറങ്ങിയത്. അതേവർഷം തന്നെ നാലു പുസ്തകങ്ങൾകൂടി പുറത്തിറങ്ങി.

▸▸ *എഴുത്ത് അത്ര നിസാരമാണോ?*

ശരിക്കും പെയ്ൻ എടുത്തുതന്നെയാണ് എഴുതുന്നത്. ഞാൻ അനുഭവിക്കാത്തത് വായനക്കാർക്ക് അനുഭവിക്കാനാവില്ലല്ലോ. ശാരീരികവും മാനസികവുമായ പലവിധ സമ്മർദങ്ങളിലൂടെയും സംഘർഷങ്ങളിലൂടെയും എഴുത്തിന്റെ വേളയിൽ ഞാൻ കടന്നുപോകുന്നുണ്ട്. എഴുത്തിനെ ദൈവം തന്ന കൃപയായിട്ടാണ് ഞാൻ കരുതുന്നത്. പരന്ന വായനയോ അറിവിന്റെ പാണ്ഡിത്യമോ എഴുത്തിന്റെ പാരമ്പര്യമോ എനിക്കില്ല. എന്നിട്ടും ഇപ്പോഴും ഞാൻ എഴുതുന്നുണ്ടെങ്കിൽ അത് ദൈവം എനിക്ക് അഭിഷേകം തരുന്നതുകൊണ്ടാണ്. എഴുത്തിന്റെ പേരിൽ മേനി നടിക്കാൻ എനിക്കാവില്ല. ദൈവമെന്നെ എഴുതിക്കുന്നു എന്നതു കൊണ്ടു മാത്രം ഞാൻ വേഗത്തിൽ എഴുതുന്നു; കൂടുതൽ എഴുതുന്നു. എഴുതുന്നതിന്റെ ആധിക്യംകൊണ്ടാവാം, സുകരപ്രസവം എന്നും രണ്ടു കൈയും കൊണ്ട് എഴുതുന്ന ആൾ എന്നും മറ്റും ചിലരെന്നെ വിശേഷിപ്പിക്കാറുണ്ട്. രണ്ടുകരങ്ങളും, എന്നേക്കാൾ അറിവും പാണ്ഡിത്യവുമുണ്ടായിരുന്നിട്ടും ഇപ്പറയുന്നവർക്ക് ഇതെന്തുകൊണ്ട് സാധിക്കുന്നില്ല എന്നതാണ് എന്റെ ചോദ്യം. അവർ ചിലപ്പോൾ അവരുടെ ബുദ്ധിയിലാവാം ആശ്രയിക്കുന്നത്. ഞാനാകട്ടെ, ദൈവത്തിലും.



**പരന്ന വായനയോ അറിവിന്റെ പാണ്ഡിത്യമോ എഴുത്തിന്റെ പാരമ്പര്യമോ എനിക്കില്ല. എന്നിട്ടും ഞാൻ എഴുതുന്നുണ്ടെങ്കിൽ, അത് ദൈവം എനിക്ക് അഭിഷേകം തരുന്നതുകൊണ്ടാണ്.**

▸▸ *വിനായകിന് ഒരു തനത്ശൈലിയുണ്ട്. ആരുടെയെങ്കിലും സ്വാധീനം?*

എന്നെ മുൻവിധിയോടെ കാണുന്നവരുണ്ട്. എന്നെ വായിക്കാതെ എന്റെ എഴുത്തുകളെക്കുറിച്ച് അഭിപ്രായം പറയുന്നവരുമുണ്ട്. മറ്റൊരാളെപ്പോലെയാണ് ഞാൻ എഴുതുന്നത് എന്നു പറഞ്ഞുനടക്കുന്നത് അത്തരക്കാരാണ്. പതിനഞ്ചു വയസിൽ ഞാനെഴുതിയത് അവർ വായിച്ചിട്ടില്ല. ഇരുപതിലും ഇരുപത്തഞ്ചിലും മുപ്പതിലും എഴുതിയതും വായിച്ചിട്ടില്ല. അതേ ശൈലി തന്നെയാണ് ഈ അമ്പതാംവയസിലും ഞാൻ തുടരുന്നത്. ചില എഴുത്തുകാരോട് ഇഷ്ടക്കൂടുതലുണ്ട്. അപ്പോഴും, കുട്ടികൃഷ്ണമാരാർ പറഞ്ഞതുപോലെ, വലിയവരിൽനിന്ന് അകന്നു വളരാനാണ് എനിക്കിഷ്ടം.

▸▸ *കഥകളും നോവലുകളും എഴുതിയാണല്ലോ എഴുത്തിലേക്ക് കടന്നുവന്നത്. ഇപ്പോൾ അതൊന്നും കാണുന്നില്ല.*

പതിനഞ്ചുവയസുള്ളപ്പോൾ ഞാനെഴുതിയ ഒരു കഥയെക്കുറിച്ച് എം. കൃഷ്ണൻ നായർ സാഹിത്യവാരഫലത്തിൽ വളരെ പോസിറ്റീവായി എഴുതി എന്നുപറഞ്ഞാൽ ഇപ്പോൾ ആരെങ്കിലും വിശ്വസിക്കുമോ?

**ഓർമയില്ലാതെ കിടന്നിരുന്ന ആറുമാസങ്ങൾക്കു മുമ്പുവരെ അമ്മയെന്നോടു പറയുമായിരുന്നു, നിനക്കൊന്നിനും കുറവ് വരില്ലെടാ. ഞാൻ യൗസേപ്പിതാവിനോട് പ്രാർഥിക്കുന്നുണ്ട്.**

ബിഎയ്ക്ക് പഠിക്കുന്ന കാലത്ത് തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്ന എന്റെ ഒരു നോവലിലെ ഒരു കഥാപാത്രത്തിന്റെ മനഃശാസ്ത്രവശത്തെക്കുറിച്ച് എന്റെ ഒരധ്യാപകൻ, അതു ഞാനാണ് എഴുതിയതെന്നറിയാതെ ക്ലാസിൽ സംസാരിച്ചു എന്നു പറഞ്ഞാലും ആരെങ്കിലും വിശ്വസിക്കുമോ? അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. കഥയും നോവലും തന്നെയാണ് എനിക്കിഷ്ടം. ഞാൻ മുമ്പു ജോലി ചെയ്തിരുന്ന ഒരു സ്ഥാപനവുമായി ബന്ധപ്പെട്ടാണ് ലേഖനമെഴുത്തിലേക്കു തിരിഞ്ഞത്. ആഴ്ചതോറും മാഗസിൻ പുറത്തിറക്കണം. പറയത്തക്ക ലേഖനങ്ങൾ ഒന്നും കിട്ടുന്നില്ല. കിട്ടുന്നതാവട്ടെ റീറൈറ്റ് ചെയ്താൽപോലും കാമ്പില്ലാത്തവയും. ലേഖനമെഴുത്തിലേക്കു തിരിയുകയായിരുന്നു എനിക്കു മുമ്പിലുണ്ടായിരുന്ന ഏകമാർഗം. ആ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടതോടെ അവിടെ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ നിർബന്ധിക്കപ്പെട്ടു. അതുവരെ ആത്മീയസാഹിത്യരംഗത്ത് പരിചിതമല്ലാതിരുന്ന വിഷയങ്ങളും വ്യക്ത്യനുഭവങ്ങളും എഴുത്തിന് വിഷയമായി. ലേഖനങ്ങൾക്ക് ആവശ്യക്കാരേറിയപ്പോൾ ലേഖനസമാഹാരങ്ങൾ പുറത്തിറങ്ങാൻ വൈകിയില്ല. ഇതിനിടയിലും കഥയെഴുത്ത് തുടരുന്നുണ്ട്. കഴിഞ്ഞ ഡിസംബറിൽ ദീപികയിലും കുടുംബജ്യോതിയിലും ദീപനാളത്തിലും കഥകൾ പ്രസിദ്ധീകരിച്ചിരുന്നു.

▸▸ *വിഷയങ്ങൾ കണ്ടെത്താൻ മുന്നൊരുക്കങ്ങൾ എന്തെങ്കിലും?*

എം.ടി പറഞ്ഞ പ്രസിദ്ധമായ ഒരു വാചകമുണ്ട്; അറിയാത്ത മഹാസമുദ്രങ്ങളേക്കാൾ അറിയുന്ന നിളയെക്കുറിച്ച് എഴുതാനാണ് എനിക്കിഷ്ടമെന്ന്. അതുതന്നെയാണ് ഞാനും ചെയ്യുന്നത്. എനിക്കു പ

**ഒരിടത്തും വിനായകിന്റെ പേര് അച്ചടിച്ചുവരാത്ത ഒരു കാലമുണ്ടായിരുന്നല്ലോ?**

*റൈറ്റേഴ്സ് ബ്ലോക്ക് ഒന്നുമായിരുന്നില്ല. അത് ഇതുവരെ ഉണ്ടായിട്ടുമില്ല. ജോലി ചെയ്തിരുന്ന സ്ഥാപനം മറ്റു പ്രസിദ്ധീകരണങ്ങളിൽ എഴുതരുതെന്നു പറഞ്ഞ് ബ്ലോക്കു ചെയ്തപ്പോൾ സംഭവിച്ചതാണ് ആ മൗനം. എഴുതാതെ, പുസ്തകമിറക്കാതെ രണ്ടോ മൂന്നോ വർഷം. പാട്ടുകാരനോട് പാടരുതെന്നും, വൈദികനോട് വി. കുർബാന അർപ്പിക്കരുതെന്നും പറയുന്നതുപോലത്തെ അവസ്ഥ. ആ മാനസികസംഘർഷങ്ങൾ ഇപ്പോഴും വേദനിപ്പിക്കുന്നുണ്ട്. ഒടുവിൽ അതിന്റെ പേരിൽ അവിടെനിന്ന് രാജിവെച്ചു പുറത്തുവന്നപ്പോഴാണ് വീണ്ടും എഴുതിത്തുടങ്ങിയത്. പക്ഷേ അനിശ്ചിതത്വത്തിലേക്കായിരുന്നു ആ ഇറക്കം. എങ്കിലും ജീവിതത്തിൽ ഞാനെടുത്ത ഏറ്റവും നല്ല തീരുമാനമായിരുന്നു ആ എക്സിറ്റ്. ദൈവമാണ് എന്നെക്കൊണ്ട് അതെടുപ്പിച്ചതെന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. ഇപ്പോൾ ഞാനൊരിടത്തെയും സ്റ്റാഫല്ല. എന്നാൽ പലതിന്റെയും ഭാഗമാണുതാനും. ഒപ്പം എന്ന മാസിക കഴിഞ്ഞ എട്ടുവർഷമായി അണിയിച്ചൊരുക്കുന്നത് ഞാനാണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽനിന്ന് പുറത്തിറങ്ങുന്ന സീറോ മലബാർ വിഷന്റെ കൺസൾട്ടന്റ് എഡിറ്ററാണ്. ഷെക്കെയ്ന ടെലിവിഷന്റെ പല പ്രോഗ്രാമുകൾക്കും സ്ക്രിപ്റ്റ് ചെയ്യുന്നുണ്ട്. ഇതൊന്നും എക്കാലവും ഉണ്ടായിരിക്കുമെന്ന് പറയാൻ കഴിയില്ല. എങ്കിലും ദൈവം ഇരുളിൽനിന്ന് എന്നെ കൈപിടിക്കാനുണ്ടാവുമെന്ന് ഉറച്ചു വിശ്വസിക്കുന്നു.*


രിചയമുള്ള, എനിക്കു ചുറ്റുമുള്ള വ്യക്തികളും സംഭവങ്ങളുമാണ് എന്റെ എഴുത്തിന്റെ വിഷയം. അത് കഥയായാലും ലേഖനമായാലും. രണ്ടിലും എനിക്കു മാത്രമറിയാവുന്ന സംഭവങ്ങളും വ്യക്തികളും അനുഭവങ്ങളുമുണ്ടാകും. പ്രത്യേക ഒരുക്കങ്ങളോ പഠനങ്ങളോ നടത്താറില്ല. മനസിലാണ് ആദ്യം ഞാനെഴുതുന്നത്. യാത്രയ്ക്കിടയിലും ബാത്ത്റൂമിലായിരിക്കുമ്പോൾപോലും എനിക്ക് എഴുത്തുവരാറുണ്ട്. പണ്ടൊക്കെ കടലാസിൽ ഒറ്റയെഴുത്താണ്. വെട്ടലോ തിരുത്തലോപോലും വേണ്ടിവന്നിരുന്നില്ല. ഫസ്റ്റ് കോപ്പിതന്നെ ഫെയർ കോപ്പി. ഇപ്പോൾ ലാപ്ടോപിലാണ് എഴുത്ത്. അത് കുറേക്കൂടി സൗകര്യപ്രദം.

▶▶ *എഴുത്തിൽ പുതിയ രീതിശാസ്ത്രങ്ങൾ പരീക്ഷിക്കപ്പെടണം എന്നു തോന്നുന്നില്ലേ?*

തീർച്ചയായും. ഞാനെഴുതിത്തുടങ്ങിയ കാലത്തെ ഭാഷയോ കഥകളോ അല്ല ഇപ്പോഴുള്ളത്. എം.ടിയെയും എൻ. മോഹനനെയും മാധവിക്കുട്ടിയെയും ഒക്കെ വായിച്ചുവളർന്ന കാലമായിരുന്നു എന്റേത്. അതിൽനിന്ന് ഇപ്പോൾ ഭാഷയും പ്രയോഗങ്ങളും എഴുത്തും അമ്പേ മാറിപ്പോയി. അത്തരമൊരു രീതിയിലേക്ക് എനിക്കു മാറാൻ കഴിയുമോയെന്ന് അറിയില്ല. എങ്കിലും പ്രമേയസ്വീകരണത്തിലും അവതരണത്തിലും മാറ്റംവരുത്തി, ഇതേവരെ എഴുതിയതിൽ നിന്നെല്ലാം വ്യത്യസ്തമായി എഴുതണമെന്ന് ആഗ്രഹമുണ്ട്; ഒരു മേയ്ക്കോവർ പോലെ...

▶▶ *ക്രിസ്തീയ എഴുത്തുകാരൻ എന്ന് വിശേഷിപ്പിച്ചു കാണാറുണ്ട്.*

ക്രിസ്തീയ എഴുത്തുകാരൻ എന്നു പറയുന്നതിനേക്കാൾ ക്രൈസ്തവമൂല്യങ്ങളിൽ വിശ്വസിച്ച് എഴുതുന്ന ഒരാൾ എന്നു പറയുന്നതാവും കൂടുതൽ ശരി. അതാണ് എനിക്കിഷ്ടം. നായർ എഴുത്തുകാരൻ, ഈഴവ എഴുത്തുകാരൻ, മുസ്ലീം എഴുത്തുകാരൻ എന്നൊന്നും പറയാറില്ലല്ലോ. യഥാർഥ എഴുത്തിൽ ജാതിയും മതവും വേണ്ട. ഞാൻ കൂടുതൽ എഴുതുന്നത് ക്രൈസ്തവപ്രസിദ്ധീകരണങ്ങളിൽ ആയതുകൊണ്ടാവാം ഈ വിശേഷണം. എഴുത്തിന്റെ തുടക്കകാലത്ത് സെക്കുലർ മാധ്യമങ്ങളിലെല്ലാം എഴുതിയിരുന്നു. ആകാശവാണിയിൽ കഥ വന്നിട്ടുണ്ട്.



**35 വർഷം എഴുതിയിട്ടും ഇപ്പോഴാണ് ഇങ്ങനെയൊരാൾ ഉണ്ടെന്ന് ചിലരെങ്കിലും അറിയുന്നത്. അറിയപ്പെടാനും അംഗീകരിക്കപ്പെടാനും ഒരു സമയമുണ്ട്. ദൈവം അതാഗ്രഹിക്കുമ്പോൾ സംഭവിക്കട്ടെ.**

എവിടെയെഴുതിയാലും എന്തെഴുതിയാലും അതിൽ ക്രിസ്തീയമൂല്യം കടന്നുവരാറുണ്ട്. ഞാൻ വിശ്വസിച്ചു വളർന്ന, ഞാൻ ഇപ്പോഴും ജീവിക്കുന്ന, എന്റെ ചുറ്റുപാടുമുള്ള ക്രിസ്തീയമൂല്യങ്ങളുടെ സ്വാധീനമാണ് അതിനു കാരണം. ലോകത്തെ അതിജീവിക്കുന്നതും എക്കാലവും നിലനില്ക്കുന്നതും ക്രൈസ്തവമൂല്യങ്ങളുള്ള കൃതികൾ മാത്രമാണെന്നാണ് എന്റെ വിശ്വാസം. വിക്ടർ ഹ്യൂഗോയുടെ പാവങ്ങളും, ടോൾസ്റ്റോയിയുടെ ആറടിമണ്ണുമൊക്കെ മികച്ച ഉദാഹരണം. അതേ ക്രിസ്തീയ മൂല്യങ്ങൾ പകർത്താനാണ് എന്റെയും ശ്രമം. ആ അർഥത്തിൽ ഞാനുമൊരു ക്രിസ്തീയ എഴുത്തുകാരനാണ്. എനിക്കതിൽ അഭിമാനവുമുണ്ട്.

▶▶ *ഇങ്ങനെയൊക്കെ എഴുതിയിട്ടും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന് തോന്നിയിട്ടുണ്ടോ?*

ഹയരാർക്കിയിൽ നിന്നുള്ള പ്രശസ്തിപത്രങ്ങളും അവാർഡുകളുമാണ് പരിഗണന

എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ എനിക്കതൊന്നും കിട്ടിയിട്ടില്ല. ഞാനതിനു വേണ്ടി ശ്രമിച്ചിട്ടുമില്ല. എന്റെ എഴുത്തിനെ സ്നേഹിക്കുന്ന, എന്റെ പുസ്തകങ്ങൾക്കുവേണ്ടി കാത്തിരിക്കുന്ന, എന്നെ വിശ്വസിക്കുന്ന ഒരുപിടി ആളുകൾ ചുറ്റുമുണ്ട്. അതിൽ വൈദികരും കന്യാസ്ത്രീകളും സെമിനാരിവിദ്യാർഥികളും അകത്തോലിക്കരും അല്മായരും അക്രൈസ്തവരുമെല്ലാമുണ്ട്. അവരിൽനിന്നു കിട്ടുന്ന സ്നേഹമാണ് ഏറ്റവും വലിയ അംഗീകാരം. ക്ഷമയോടെ കാത്തിരിക്കുക; തക്കസമയത്ത് കർത്താവ് നിന്നെ ഉയർത്തിക്കൊള്ളും എന്നാണല്ലോ തിരുവചനം. ഞാനതിൽ വിശ്വസിക്കുന്നു. അതുപോലെ, വിതയ്ക്കാനും കൊയ്യാനും ഒരു സമയമുണ്ടല്ലോ... 35 വർഷം പലരീതിയിൽ എഴുതിയിട്ടും ഇപ്പോഴാണ് ഇങ്ങനെയൊരാൾ ഉണ്ടെന്ന് ചിലരെങ്കിലും അറിയുന്നത്. അറിയപ്പെടാനും അംഗീകരിക്കപ്പെടാനും ഒരു സമയമുണ്ട്. ദൈവം അതാഗ്രഹിക്കുമ്പോൾ സംഭവിക്കട്ടെ. ആര് ആരെ അംഗീകരിച്ചാലും ഇല്ലെങ്കിലും ദൈവം അംഗീകരിക്കുന്നുണ്ടോ എന്നുമാത്രം നോക്കിയാൽ മതി. എന്നെ അംഗീകരിക്കാത്ത ഒരു വ്യക്തിയോടും എനിക്ക് അകലം തോന്നാറില്ല.

ഇങ്ങനെ ചോദിച്ചതുകൊണ്ട് മറ്റൊരു കാര്യംകൂടി പറയാം. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നവരെ എഴുത്തുകാരായി, അവാർഡുകളുടെയും അംഗീകാരങ്ങളുടെയും ചുമതല വഹിക്കുന്ന ആരെങ്കിലും അംഗീകരിക്കുന്നുണ്ടോ? സഭയിലെ വലിയ അവാർഡുകളുടെ ലിസ്റ്റ് പരിശോധിച്ചുനോക്കണം. അവർ സംഘടിപ്പിക്കുന്ന പുസ്തകചർച്ചകൾ, ആദരിക്കൽ... അവിടെ എവിടെയെങ്കിലും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്ന വ്യക്തികളെ കണ്ടിട്ടുണ്ടോ? അവരുടെ പുസ്തകങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ടോ? ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. സെക്കുലർ ലോകത്ത് പേരുംപെരുമയുമുള്ള ക്രൈസ്തവനാമധാരികളെ തേടിപ്പിടിച്ച് അവാർഡു കൊടുക്കും; ആദരിക്കും. ഇങ്ങനെ അവാർഡു കിട്ടിയവർ എപ്പോഴെങ്കിലും സഭയുടെ അവാർഡുകളെക്കുറിച്ചു പറയാറുണ്ടോ? പല ക്രൈസ്തവപ്രസിദ്ധീകരണങ്ങളും റാപ്പർ പോലും പൊട്ടിക്കാതെ പള്ളിമേടയ്ക്കുള്ളിലും ഓഫീസുകളിലും കെട്ടിക്കിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതേസമയം സെക്കുലർ പ്രസിദ്ധീകരണങ്ങളിൽ പേരുകേട്ടവ പൊതുവിൽ പ്രദർശിപ്പിക്കാറുമുണ്ട്. സ്വന്തം രൂപതയിൽനിന്ന് ഇറങ്ങുന്ന പ്രസിദ്ധീകരണങ്ങൾപോലും വായിക്കാത്ത വൈദികരും സന്യസ്തരുമുണ്ടെന്ന കാര്യം സത്യമല്ലേ? പിന്നെങ്ങനെ അത്തരം പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാരെ അവർ തിരിച്ചറിയും. ക്രൈസ്തവപ്രസിദ്ധീകരണങ്ങളിൽ എഴുതുന്നവർക്ക് ആത്മാഭിമാനത്തോടെ ജീവിക്കാനും സമൂഹത്തിന്റെ ആദരം നല്കാനും സഭാസംവിധാനം ശ്രദ്ധിക്കണം. സ്വന്തം കുടുംബത്തിലുള്ളവരെ സഭ അംഗീകരിച്ചില്ലെങ്കിൽ പിന്നെ ആരവരെ അംഗീകരിക്കും?

▸▸ *എഴുത്തിന് കുടുംബത്തിന്റെ പിന്തുണയെങ്ങനെ?*

എഴുതിത്തുടങ്ങിയ കാലം മുതലേ കുടുംബത്തിൽനിന്നു സപ്പോർട്ട് കിട്ടിയിട്ടില്ല. ഒറ്റയ്ക്ക് വഴി

**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ

Feb 1

ജോസ്, മല്ലപ്പള്ളി

**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ

Feb 7

അനിത, ചങ്ങനാശേരി



വെട്ടി വന്നവനാണ് ഞാൻ. പക്ഷേ ദൈവം എന്റെ കൈയ്ക്കു പിടിച്ചിട്ടുണ്ടായിരുന്നു. ഒരു സാദാകുടുംബത്തിലെ അപ്പനും അമ്മയ്ക്കും, അധികമൊന്നും ലോകപരിചയമില്ലാത്ത കൂടെപ്പിറപ്പുകൾക്കും അഞ്ചാംക്ലാസ് മുതൽ എഴുതിത്തുടങ്ങിയ എന്റെ എഴുത്തിനെ അംഗീകരിക്കാനോ പ്രോത്സാഹിപ്പിക്കാനോ കഴിയുമായിരുന്നില്ല. ഇപ്പോൾ അവർ സന്തോഷിക്കുന്നുണ്ട് എന്ന കാര്യം അംഗീകരിക്കുന്നു. ഭാര്യയും മക്കളും അടങ്ങുന്ന ഇപ്പോഴത്തെ കുടുംബവും എന്റെ എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നു പൊങ്ങച്ചം പറയാനും ഞാനില്ല. നൂറുപുസ്തകം എഴുതിയിട്ടും എത്രപേർ അറിയുന്നു, എന്ത് അംഗീകാരം ലഭിച്ചു എന്നാണ് ഭാര്യയുടെ ചോദ്യം. എഴുത്ത് എന്നെ സംബന്ധിച്ചിടത്തോളം എന്റെ മാത്രം ആവശ്യമായിരുന്നു. ദൈവം എന്നെക്കുറിച്ചു കണ്ട സ്വപ്നമാണ് എഴുത്ത്. എന്നെയൊരു എഴുത്തുകാരനാക്കാൻ ദൈവം അനാദിയിലേ നിശ്ചയിച്ചതുപോലെ. ഞാൻ ജീവിച്ചിരിക്കുന്നതുതന്നെ എഴുതാൻ വേണ്ടിയാണ്. പ്രോത്സാഹനം കിട്ടിയില്ലെങ്കിലും, അവാർഡുകൾ വാരിക്കൂട്ടിയില്ലെങ്കിലും ഞാനെഴുതിക്കൊണ്ടിരിക്കും; ദൈവം അഭിഷേകത്തിന്റെ പുതപ്പ് എന്നിൽനിന്ന് എടുത്തുകളയും വരെ.

▸▸ *അടിയുറച്ച ദൈവവിശ്വാസിയാണല്ലോ...*

ദൈവത്തിൽ അല്ലാതെ മറ്റാരെ നാം വിശ്വസിക്കും? ഉറപ്പുള്ള ഏക കോട്ട അവിടുന്നുതന്നെയല്ലേ? എല്ലാവരും എന്നെ തള്ളിക്കളഞ്ഞ സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഒരാളുപോലും സഹായിക്കാനില്ലാതെ പെരുവഴിയിൽ അന്തിച്ചുനിന്നുപോയ സന്ദർഭങ്ങൾ. അന്ന് ദൈവം മാത്രമേ കൂടെയുണ്ടായിരുന്നുള്ളൂ. ഞാൻ നിലനില്ക്കുന്ന സഭയും എന്റെ വീടും ചെറുപ്രായത്തിൽതന്നെ പരിശുദ്ധ അമ്മയിലേക്ക് എന്നെ അടുപ്പിച്ച എന്റെ അമ്മയുമെല്ലാം ഇക്കാര്യത്തിൽ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഓർമയില്ലാതെ കിടന്നിരുന്ന ആറുമാസങ്ങൾക്കു മുമ്പുവരെ അമ്മയെന്നോടു പറയുമായിരുന്നു, നിനക്കൊന്നിനും കുറവ് വരില്ലെടാ. ഞാൻ യൗസേപ്പിതാവിനോട് പ്രാർഥിക്കുന്നുണ്ട്. യൗസേപ്പിതാവിന്റെ പേരുകാരനല്ലേ നീ... പിതാവ് നിന്റെ കാര്യം നോക്കിക്കോളും. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഞാൻ പാടുപെടുന്നത് അമ്മയ്ക്കു മനസിലാവുന്നുണ്ടായിരുന്നു. അന്നൊക്കെ എങ്ങനെ കുറവുകളില്ലാതെ കടന്നുപോയി എന്ന് ഇന്നാലോചിക്കുമ്പോൾ അദ്ഭുതം തോന്നും. സെറാഫാത്തിലെ വിധവയുടെ അപ്പക്കുടം പോലെയായിരുന്നു എന്റെ കാര്യങ്ങൾ. കുറച്ചു സമ്പാദിച്ചവന് ഒന്നിനും കുറവുണ്ടായിരുന്നില്ല; കൂടുതൽ സമ്പാദിച്ചവന് മിച്ചമുണ്ടായിരുന്നില്ല എന്നുപറഞ്ഞതുപോലെ. എന്തോ ദൈവത്തിന് എന്നെ ഇഷ്ടമാണ്; വായനക്കാർക്കും.

○

# സ്നേഹത്തിൽ വിഭജിക്കപ്പെടുക

**ജീവിതത്തിന്റെ സായന്തനത്തിൽ നമ്മെ വിധിക്കാൻ പോകുന്നത് സ്നേഹമായിരിക്കും.**

യേശുവിന്റെ ഒന്നാംവരവിനെക്കുറിച്ച് കൃത്യമായ ധാരണയുള്ള നമുക്ക് അവിടുത്തെ രണ്ടാംവരവിനെക്കുറിച്ച് എത്രത്തോളം ധാരണയുണ്ട്? ഈ രണ്ടാംവരവിൽ അവിടുന്ന് എങ്ങനെയായിരിക്കും മനുഷ്യരാശിയെ അടയാളപ്പെടുത്താൻ പോകുന്നത്? രണ്ടുരീതിയിൽ മാനവരാശിയെ വേർതിരിക്കുമെന്നാണ് സുവിശേഷം നല്കുന്ന പാഠം.

വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ വായിക്കുന്നുണ്ട്, ദൂതന്മാരുടെ അകമ്പടിയോടെ അവിടുന്ന് വീണ്ടും വരും. അപ്പോൾ മാനവരാശിയെ, കോലാടുകളെയും ചെമ്മരിയാടുകളെയും വേർതിരിക്കുന്നതുപോലെ ഇടതും വലതുമായി നിർത്തും. കോലാടുകളും ചെമ്മരിയാടുകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നമ്മൾ കാര്യമായി ചിന്തിക്കാറില്ല. അടിമുടി വ്യത്യസ്തരാണ് ഇരുകൂട്ടരും (Entirely different species). ഇവ രണ്ടും തമ്മിൽ ഒരു പൊരുത്തവുമില്ല.

ഇടയനുമായി ബന്ധപ്പെട്ട് വേദപുസ്തകം പറയുമ്പോൾ അവിടെയൊന്നും കോലാടിന്റെ കഥയല്ല, ചെമ്മരിയാടിന്റെ കഥയാണ് കേൾക്കുന്നത്. ഒറ്റയ്ക്കു നടക്കുമ്പോൾ അതിജീവനത്തിന് ബുദ്ധിമുട്ടുള്ള മൃഗമാണ് ചെമ്മരിയാട്. അതൊരിക്കലും അഗ്രസീവല്ല. കൊമ്പുണ്ടെങ്കിൽപോലും, തനിക്കൊരു കൊമ്പുണ്ടെന്ന ധാരണ അതിന്റെയുള്ളിൽ ഇനിയും പതിഞ്ഞിട്ടില്ല. ചെമ്മരിയാടിൽ നിന്ന് പൂർണമായും വ്യത്യസ്തമാണ് കോലാട്. കോലാട് അഗ്രസീവാണ്. ഒറ്റയ്ക്കു



നടക്കുക എന്നതാണ് അതിന്റെ രീതി. അപകടകരമാംവിധം ചെങ്കുത്തായ മലയുടെ മുകളിലൊക്കെ അതു കയറിപ്പോകാറുണ്ട്.

മനുഷ്യരാശിയെ രണ്ടായി വേർതിരിക്കുമ്പോൾ, എന്തായിരിക്കണം അതിന്റെ മാനദണ്ഡം? സ്നേഹത്തിൽ വിഭജിക്കപ്പെടുക എന്നതുതന്നെയാണ് പ്രധാനം. ജോൺ ഓഫ് ദ ക്രോസ് അതു വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ സായന്തനത്തിൽ നമ്മെ വിധിക്കാൻ പോകുന്നത് സ്നേഹമായിരിക്കും. ലോകത്ത് മറ്റു വ്യത്യാസങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. നമ്മൾ ഉണ്ടാക്കിയെടുത്ത ദേശത്തിന്റെ വ്യത്യാസങ്ങളോ ഭാഷയുടെ വ്യത്യാസങ്ങളോ നമ്മൾ സ്വാഭാവികമായി ജനിച്ച ജെൻഡറിന്റെ വ്യത്യാസങ്ങളോ ഒന്നും അവിടെ പ്രധാനപ്പെട്ടതാകുന്നില്ല.

രണ്ടേ രണ്ടുതരം മനുഷ്യരേയുള്ളൂ; നിങ്ങൾ സ്നേഹത്തിന്റെ മനുഷ്യരാണോ അല്ലയോ...? നിങ്ങൾ ചെയ്ത മനുഷ്യരാണോ ചെയ്യാത്ത മനുഷ്യരാണോ...?

ഒരു ജീവിതത്തിനകത്ത് ലോകത്തെ ഭേദപ്പെടുത്താൻ നിങ്ങൾ എന്തു ചെയ്തു എന്നിടത്താണ് ഈ മുഴുവൻ ചോദ്യങ്ങളും അവസാനിക്കുന്നത്. അവിടുന്ന് രണ്ടാമതു വരുമ്പോൾ നമ്മെ തിരിച്ചറിയാനുള്ള മാർഗം സ്നേഹത്തിൽ എന്തുമാത്രം നിക്ഷേപിച്ചിട്ടുണ്ട് എന്നതായിരിക്കും. ചെറിയവർക്ക് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്. ഞാൻ പലപ്പോഴും ഊഹിക്കാറുണ്ട്, ദരിദ്രർക്കുവേണ്ടി വക്കീലുപണി ചെയ്ത ഒരാളുടെ പേരാണല്ലോ യേശു എന്ന്.

പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ ആ വാക്ക് ഉപയോഗിക്കുന്നുണ്ട്. ഏറ്റവും ദുർബലരായവർക്കുവേണ്ടി വാദിക്കുന്ന ഒരാളാണ് വക്കീൽ. കാലാകാലങ്ങളായി നമുക്കുള്ള അഡ്വക്കേറ്റ് യേശുവാണ്. എനിക്കു വിശന്നു, എനിക്കു ദാഹിച്ചു, ഞാൻ പരദേശിയായിരുന്നു, ഞാൻ തടവിലായിരുന്നു, ഞാൻ രോഗിയായിരുന്നു... നിങ്ങൾ എന്തു ചെയ്തു? ആറു ചോദ്യങ്ങളാണ്... ചോദ്യപേപ്പർ നേരത്തെ പുറത്തായ ഒരു പരീക്ഷയ്ക്ക് തോല്ക്കുക എന്നു പറയുന്നത് സുഖകരമായ കാര്യമല്ല.

പക്ഷേ, പത്തുരണ്ടായിരം വർഷമായി ഇക്കാര്യത്തിൽ തോറ്റുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് ക്രിസ്റ്റ്യാനിറ്റി എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. ഒരു കാര്യം



**ഈശോ രണ്ടാമതു വരുമ്പോൾ നമ്മെ തിരിച്ചറിയാനുള്ള മാർഗം, സ്നേഹത്തിൽ എന്തുമാത്രം നിക്ഷേപിച്ചിട്ടുണ്ട് എന്നതായിരിക്കും.**

ശ്രദ്ധിച്ചോണം; മതപരമായ അനുഷ്ഠാനങ്ങളെക്കുറിച്ചൊന്നും അതിൽ പരാമർശിക്കപ്പെടുന്നില്ല. ശ്രദ്ധിച്ചു വായിച്ചെടുക്കേണ്ട ഭാഗമാണത്. യേശു നിഷേധിക്കാനും തള്ളിപ്പറയാനും ശ്രമിച്ച പലതും വളരെ ഗൗരവപൂർവം എടുക്കുകയും, എന്നാൽ അതിനു പുറത്തു നടക്കുന്ന കാര്യങ്ങളോട് മുഖം തിരിക്കുകയും ചെയ്യുന്ന പ്രലോഭനത്തിൽ ഞാനുൾപ്പെടെയുള്ള ഭൂരിഭാഗം മനുഷ്യരും അകപ്പെട്ടുപോകുന്നുണ്ട്.

പള്ളിയ്ക്കുള്ളിൽ എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ചു മാത്രമാണ് പലപ്പോഴും നമ്മൾ വ്യാകുലപ്പെടുന്നത്. അതിനുശേഷം എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ചുള്ള ചിന്തകൂടി നമുക്കുണ്ടാകണം. ഞായറാഴ്ച എന്തു സംഭവിക്കുന്നു എന്നതിനു തുല്യംതന്നെ പ്രധാനപ്പെട്ടതാണ് മറ്റ് ആറു ദിവസങ്ങളും. മനുഷ്യനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാം എന്തുമാത്രം സംലഭ്യരാകുന്നുണ്ട് എന്ന വിചാരമുണ്ടാകുമ്പോൾ, ചിലപ്പോൾ ആത്മീയതയെ സംബന്ധിച്ചു തലകുനിക്കേണ്ടിവന്നേക്കാം. സാബത്തും മനുഷ്യനും തമ്മിലുള്ള തർക്കമുണ്ടാകുമ്പോൾ യേശു പറയുന്നത് ശ്രദ്ധിക്കണം: സാബത്തിനേക്കാൾ പ്രധാനം മനുഷ്യനാണ്. ഇക്കാലത്തുപോലും ആശങ്കയുണർത്തുന്ന ഒരു കാര്യമാണ് യേശു പറയുന്നത്: മനുഷ്യനെക്കാൾ പ്രധാനമല്ല സാബത്ത്.

എപ്പോഴാണ് അങ്ങയെ കണ്ടത് എന്ന മട്ടിലാണല്ലോ നമ്മുടെ ചോദ്യങ്ങൾ. എവിടെയാണ് നമ്മൾ അവിടുത്തെ കാണാത്തതായിട്ടുള്ളത്? അവിടുന്ന് പറ

യുന്ന ആശങ്കകളിൽ പങ്കുചേരാനുള്ള സാധ്യതകൾ ഓരോ സെക്കന്റിലും നമുക്കു ചുറ്റുമുണ്ട്. വിശപ്പ് എന്നുപറയുന്നതു മാത്രം ആലോചനാവിഷയമാക്കുക. അരി ചോറായി മാറുന്നത് അത്ര നിസാരപ്രവൃത്തിയല്ല. അതിന് ആരോഗ്യമുള്ള ഒരു സ്ത്രീ വേണം; ജോലിക്കു പോകുന്ന പുരുഷൻ വേണം. കൂടാതെ, വേറെ പല ഘടകങ്ങളും വേണം.

മനുഷ്യനു വിശക്കുന്നുണ്ട് എന്ന് ഇത്രമാത്രം ധൈര്യത്തോടെ പറയാൻ കഴിയുന്നത്, വിശപ്പുമായി ബന്ധപ്പെട്ട ചില കുഞ്ഞുകാര്യങ്ങളിൽ - അഞ്ചപ്പവും കപ്പൂച്ചിൻ മെസും - ഇടപെടുന്നതുകൊണ്ടാണ്. ഇത്രയും ചെറിയ പരിസരത്തുപോലും വിശപ്പ് എന്നു പറയുന്ന കാര്യത്തെ വളരെ ഗൗരവത്തോടെ നമ്മൾ കാണുന്നുണ്ട്. വിശക്കുന്നുവെന്നു പറയുന്നത് അത്ര എളുപ്പമല്ല. വീടിന്റെ പശ്ചാത്തലത്തിൽ പറഞ്ഞാൽ, എന്റെ അപ്പന്റെ കാലത്തൊക്കെ വിശന്നിരുന്ന അനുഭവങ്ങളുണ്ടായിരുന്നു. അക്കാലത്തെ ഏറ്റവും വലിയ ഉത്കണ്ഠ, കഴിച്ചോ എന്നതായിരുന്നു.

ആശ്രമത്തിലായിരുന്ന കാലത്ത് വ്യാഴാഴ്ചകളിൽ നടക്കാൻ പോകും. തൊട്ടടുത്ത് ഒരു വീടുണ്ട്. പുറത്തുനിന്ന് റിട്ടയർ ചെയ്തു വന്ന പ്രമുഖനായ ഒരാളാണ് അവിടെ താമസം. ആംഗ്ലോ ഇന്ത്യൻ കമ്യൂണിറ്റിയിൽപ്പെട്ടയാൾ. ഒറ്റയ്ക്കാണ് താമസം. നടക്കാൻ പോകുമ്പോൾ അയാൾ ഞങ്ങളെ വിളിച്ചുനിർത്തി ചോദിക്കുന്ന പതിവുചോദ്യമിതാണ്:

ഇന്നെന്താണ് കഴിച്ചത്?

യൗവനകാലത്ത് എല്ലാത്തരം ഇഷ്ടവിഭവങ്ങളും കഴിച്ച ഒരാളുടെ വ്യസനങ്ങൾ മുഴുവൻ അതിൽ ഒളിഞ്ഞുകിടപ്പുണ്ട്.

വിശപ്പിനോടു ബന്ധപ്പെട്ട സംഭവങ്ങളിലെല്ലാം യേശു വളരെ പ്രത്യക്ഷത്തിൽ ഇടപെടുന്നുണ്ട്. അവന് അവരോട് അനുകമ്പ തോന്നി എന്നു നാം വായിക്കുന്നുണ്ടല്ലോ. തന്റെ സത്സംഗിൽ കഴിച്ചുകൂട്ടിയിരുന്ന മനുഷ്യരെ തിരിച്ചയയ്ക്കുമ്പോൾ അവർ വഴിയിൽ വീണുപോയേക്കുമോ എന്നാണ് യേശുവിന്റെ ആശങ്ക. വിശന്നു പോയ മനുഷ്യരൊക്കെ ഇന്ന് വഴിയിൽ വീണുകിടപ്പുണ്ട്.

ഇക്കാലത്തെ ഒട്ടുമിക്ക കുറ്റകൃത്യങ്ങളും വിശപ്പുമായി ബന്ധപ്പെട്ടു കിടക്കുന്നു. ചെറിയ മനുഷ്യരുടെ കാര്യമാണ് പറയുന്നത്. വലിയ മനുഷ്യർ ആഡംബരത്തിനുവേണ്ടി ചെയ്തുകൂട്ടുന്ന വലിയ കുറ്റകൃത്യങ്ങളെക്കുറിച്ചല്ല. ആഫ്രിക്കക്കാരായ മനുഷ്യർ വിമാനങ്ങൾ ഹൈജാക്ക് ചെയ്തതിന്റെ പേരിലല്ല, കടയിൽനിന്നു സാധനങ്ങൾ മോഷ്ടിച്ചതിന്റെ പേരിലാണല്ലോ കൈയോടെ പിടികൂടപ്പെട്ടിരുന്നത്?

താഴെത്തട്ടിലുള്ള എല്ലാ മനുഷ്യരുടെയും കുറ്റകൃത്യങ്ങൾക്കു പിന്നിൽ വിശപ്പുണ്ട്. വഴിയിൽ വീണുപോയ മനുഷ്യരുടെയെല്ലാം പിന്നിൽ വിശപ്പിന്റെ കഥകൾ കേൾക്കാം. എല്ലാ വിശപ്പും അടങ്ങിക്കഴിയുമ്പോഴും, പിന്നെയും അനുഭവിക്കുന്ന ഒരു വിശപ്പുണ്ട്. എല്ലാ കിണറുകളിൽനിന്നും കുടിച്ചുകഴിയുമ്പോഴും പിന്നെയും തുടരുന്ന ഒരു ദാഹമുണ്ട്. ആ ദാഹത്തെ നാം വിളിക്കുന്ന പേരാണ് അപാരത. അപാരതയോട് ആഭിമുഖ്യമുള്ളവരാകുക.

ചെറുപ്പകാലത്ത് എന്തുമാത്രം സിനിമ കണ്ടിരുന്ന ആളായിരുന്നു ഞാൻ. പക്ഷേ ഇപ്പോൾ ഒരു സിനിമയ്ക്കുവേണ്ടി മൂന്നുമണിക്കൂർ ഇൻവെസ്റ്റ് ചെയ്യുക എന്നു പറയുമ്പോൾ, അത് പ്രായത്തിന്റെ മാത്രം പ്രശ്നമായി തോന്നുന്നില്ല. നമുക്കു പ്രധാനപ്പെട്ട വലിയ കാര്യങ്ങളേക്കാളും പ്രധാനപ്പെട്ട വേറെ ചില കാര്യങ്ങൾ നമ്മെ മാടിവിളിക്കുന്നുണ്ട്. ആ ദാഹത്തിലേക്ക് ഉണരുകയാണ് ചില മനുഷ്യർ. യേശുവുമായി അടുത്തബന്ധം സ്ഥാപിച്ചിട്ടുള്ള മനുഷ്യരൊക്കെ ദാഹം അറിഞ്ഞിട്ടുണ്ട്.

കിണറ്റിൻകരയിൽ വെള്ളം കോരിവെച്ച കുടം അവിടെ വെച്ചിട്ട് നടന്നുപോയ സ്ത്രീയെക്കുറിച്ചൊക്കെ നാം വായിക്കുന്നുണ്ടല്ലോ. ആത്യന്തികമായി മനുഷ്യന് ചില ദാഹങ്ങളുണ്ട്. അതു ശമിപ്പിക്കാൻ നാം കുടിച്ചുകൊണ്ടിരിക്കുന്ന കിണറുകളൊന്നും മതിയാവുകയില്ല. ചെറിയ ദാഹത്തിന് സിക്ലാസ് കടകൾ മതി; സർബത്ത് സോഡയും മറ്റും. പക്ഷേ വലിയ ദാഹത്തിന് പുഴ നിങ്ങളെ തേടിവരും. ഓരോ സ്ഥലരാശികൾ നിങ്ങളെ ഗതിമാറി തേടിയെത്തും.

കുഞ്ഞുഹൃദയത്തിന് ചെറിയ സ്നേഹം എടുത്തും കൊടുത്തും മുമ്പോട്ടുപോവുക സാധ്യമാണ്. എന്നാൽ ഇതിനകത്ത് എന്തെങ്കിലും കവിഞ്ഞൊഴുകണം. വേദപുസ്തകം പറയുന്നതുപോലെ, എന്റെ പാനപാത്രം കവിഞ്ഞൊഴുകുകയാണ്. കവിഞ്ഞൊഴുകുന്ന മനുഷ്യരാകുക. ഉള്ളിൽ ജലരാശിയില്ലെന്നല്ല പറയുന്നത്, കവിഞ്ഞൊഴുകുന്ന ജലരാശിയുള്ളവരാകുക.

ഹെൽത്ത് പാർലർ HEALTH PARLOUR അൻവിൻ തോമസ്

# ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കണം

കാലാവസ്ഥയിൽ ഏറെ മാറ്റങ്ങളുണ്ടാകുന്ന മാസമാണ് കടന്നുവരുന്നത്. അതുകൊണ്ടുതന്നെ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടത് ആവശ്യമായി വരുന്നു.

ജലദോഷവും ചുമയുമുണ്ടാക്കുന്ന ഭക്ഷണപദാർഥങ്ങൾ ഒഴിവാക്കുകയാണ് ഇതിൽ പ്രധാനം. ഐസ്ക്രീം, ശീതളപാനീയങ്ങൾ എന്നിവ ശരീരത്തിന്റെ താപനിലയിലും താഴ്ന്നവയായതിനാൽ അവ വേണ്ടെന്നു വെക്കണം. ശരീരത്തിന്റെ താപനില സാധാരണ നിലയിൽ നിർത്തുന്ന ഭക്ഷണം ഉൾപ്പെടുത്തണം. കൂടുതൽ വിശപ്പ് അനുഭവപ്പെടുന്നതിന്റെ പേരിൽ കൂടുതൽ ഭക്ഷണം കഴിക്കുന്നതും നല്ലതല്ല. കാരണം, അത് ദഹനസംബന്ധമായ പ്രശ്നങ്ങൾക്കു കാരണമാകും. നേരം വെളുത്തിട്ടും ചുരുണ്ടുകൂടി കിടക്കാനുള്ള താത്പര്യവും ഉപേക്ഷിക്കുന്നതാണ് നല്ലത്. നേരത്തെ എഴുന്നേറ്റ് വ്യായാമം ചെയ്യുന്നത് ആരോഗ്യം സംരക്ഷിക്കും.

ചർമത്തിലെ ജലാംശം നഷ്ടപ്പെടുന്നുണ്ടെങ്കിൽ അതൊഴിവാക്കാൻ ദിവസത്തിലൊരു തവണയെങ്കിലും മോയ്സ്ചറൈസർ ഉപയോഗിക്കണം. കൂടാതെ ധാരാളം വെള്ളം കുടിക്കുകയും വേണം. ആന്റി ഓക്സിഡന്റുകൾ ധാരാളമടങ്ങിയ മത്തങ്ങ, ഉരുളക്കിഴങ്ങ് തുടങ്ങിയവ കഴിക്കുന്നത് നല്ലതാണ്. വൈറ്റമിൻ ഡി ലഭിക്കാൻ സഹായിക്കുന്ന ഭക്ഷണവും ആഹാരത്തിൽ ഉൾപ്പെടുത്തണം.

---

നഗ്നനെ ഉടുപ്പിക്കുക എന്നതിന് അഞ്ചു മുഴം ചേലകൊണ്ട് അവനെ ഉടുപ്പിക്കുക എന്നുമാത്രമല്ല അർഥം. പലപല തലങ്ങളിൽ മനുഷ്യർ നാണംകെടുന്ന കാലമാണിത്. ഏതെങ്കിലുമൊക്കെ കാര്യങ്ങളിൽ അപമാനം നേരിടേണ്ടിവരുന്ന മനുഷ്യരെ പൊതിയണം. അവരെ നിവർന്നുനില്ക്കാൻ പ്രേരിപ്പിക്കണം. ആരെയും അപമാനത്തിനു വിട്ടുകൊടുക്കാതിരിക്കുക. പക്ഷേ ആയുധങ്ങളേക്കാൾ മൂർച്ചയുള്ള അമ്പുകളല്ലേ നാം പലപ്പോഴും എയ്തുകൊണ്ടിരിക്കുന്നത്.

ഞാൻ രോഗിയായിരുന്നുവെന്ന് ഈശോ പറയുന്നുണ്ട്. രോഗിയല്ലാത്തതായി ആരാണുള്ളത്? ഒരു വലിയ മെഡിക്കൽ കോളജിന്റെ വാർഡുപോലല്ലേ ലോകം. പൂർണ ആരോഗ്യമുള്ള ഒരു മനുഷ്യനെയും ഈ അമ്പത്തിയഞ്ച് വർഷത്തിനിടയിൽ ഞാൻ കണ്ടിട്ടില്ല. ക്ഷോഭിക്കാത്ത, ദുഃഖമില്ലാത്ത ഒരു മനുഷ്യൻ പോലുമില്ല.

ഞാൻ തടവറയിലായിരുന്നു. എന്തുമാത്രം തടവുകൾക്കുള്ളിലാണ് നമ്മുടെ ജീവിതം. നമ്മൾ കാണുന്നതിനേക്കാൾ കൂടുതൽ കാണാത്ത അഴികൾക്കുള്ളിൽ നാം പെട്ടുപോവുകയല്ലേ?

മനുഷ്യരാശിയിൽനിന്ന് ഒറ്റപ്പെട്ടു നിന്നാൽ ചങ്കുവേദന അനുഭവിക്കുന്ന മനുഷ്യർ ഇങ്ങനെ ചോദിക്കും: എപ്പോഴാണ് ഞങ്ങൾ അങ്ങയെ നഗ്നനായും രോഗിയായും അലയുന്നവനായും കണ്ടിട്ടുള്ളത്? ഈ ചെറിയവരിൽ ഒരുവന് നല്കിയപ്പോഴൊക്കെ എനിക്കുതന്നെയാണ് നല്കിയത്. രക്ഷയിലേക്കുള്ള വഴിയാണ് ഈ ആറു കാര്യങ്ങളെന്ന് ഒരിക്കലും വിചാരിക്കരുത്. രക്ഷയുടെ ഫലങ്ങളാണ് അവ. സ്നേഹത്താൽ രക്ഷിക്കപ്പെട്ട ഒരു മനുഷ്യന്റെ പാനപാത്രം കവിഞ്ഞൊഴുകുമ്പോൾ അയാൾക്കു ചുറ്റുമുള്ള മനുഷ്യരുടെ എല്ലാത്തരം ആവശ്യങ്ങൾക്കും അയാൾ കൃത്യമായ ഉത്തരമായി മാറും.

ഏറ്റവും വലിയ സ്നേഹത്തിലേക്ക് സമർപ്പിച്ചു കഴിയുമ്പോഴാണ് പൊങ്കൽകുടംപോലെ ജീവിതം കവിഞ്ഞൊഴുകുന്നത്. ഒരു പ്രത്യേകഘട്ടത്തിൽ ആരൊക്കെയോ നമ്മോട് വളരെ നിശബ്ദമായി പറയുന്നു: നിങ്ങൾ നമസ്കരിക്കുന്ന സത്തയിൽ ഒന്നായിത്തീരണമെന്നാഗ്രഹിക്കുന്ന അതേ യേശു തന്നെയാണ്, ഇങ്ങനെ അലയുന്നവനും മുറിവേറ്റവനുമായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്. അവനോട് നമ്മൾ എന്തു ചെയ്തു? ഉത്തരം സ്വയം കണ്ടെത്തണം. ○

# കൈയിൽ വലയുമായി കരയിൽ നില്ക്കരുത്

**ദൈവവിളിയുടെ അനന്തസാഗരത്തെ നോക്കി, വഞ്ചിയിലിരുന്ന് വലയും നന്നാക്കി, നമ്മുടെ സുരക്ഷ മാത്രം നോക്കിനിൽക്കാതെ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കണം.**



ദൈവം നമുക്കായി തെരഞ്ഞെടുത്ത വഴിയിലൂടെ നമ്മുടെ സന്തോഷത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി യേശുവിനെ അനുഗമിക്കാനുള്ള വിളിയാണ് ദൈവവിളി. ഈ വാഗ്ദാനത്തെ പുണരുവാനുള്ള തീരുമാനത്തിന് സ്വാഭാവികമായും സാഹസമെടുക്കാനുള്ള ധൈര്യം വേണം. നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിനുള്ള പദ്ധതി തിരക്കാൻ ധൈര്യവും ഉറച്ച തീരുമാനവും വേണം. ദൈവവിളിയുടെ അനന്തസാഗരത്തെ നോക്കി വഞ്ചിയിൽ വലയും നന്നാക്കി നമ്മുടെ സുരക്ഷ നോക്കി നിൽക്കാതെ, കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കണം. ഈ തീരുമാനങ്ങളാണ് ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സംഭാവന നല്കുന്ന തരത്തിൽ നമ്മുടെ വ്യക്തിപരമായ ക്രിസ്തീയ ജീവിതയാത്രയ്ക്ക് ശരിയായ ലക്ഷ്യം ക്രമപ്പെടുത്തുന്ന പ്രകടനമായി മാറുന്നത്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ ചിലർക്ക് സമർപ്പണജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ആകർഷണം തോന്നും. സഭയുടെ വള്ളത്തിൽ മനുഷ്യരെ പിടിക്കാൻ സുവിശേഷത്തിനും സഹോദരർക്കുമായി നമ്മെ മുഴുവനും വിശ്വസ്ത സേവനത്തിനു സമർപ്പിക്കുമ്പോൾ, അതു ചിലപ്പോൾ നമ്മെ പ്രചോദിപ്പിക്കുകയോ ഭയചകിതരാക്കുകയോ ചെയ്യാം. എങ്കിലും കർത്താവിനായി നമ്മുടെ ജീവിതം അപകടപ്പെടുത്തുന്നതിനേക്കാൾ വലിയ സന്തോഷം വേറെന്താണുള്ളത്? നമ്മുടെ വിളിയെ വിവേചിച്ചറിയുകയും നേരായ വഴിയിൽ നയിക്കുകയും ചെയ്യുക എളുപ്പമല്ല. ഇന്നത്തെ യുവജനങ്ങളെ കേൾക്കാനും വ്യക്തമായി വിവേചിച്ചറിയാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കാനുള്ള ഒരു നവീന സമർപ്പണം വൈദികരിലും സന്യസ്തരിലും പരിശീലകരിലും ശക്തിപ്പെടണം. പ്രാർഥനയിലും ദൈവവചനധ്യാനത്തിലും പരിശുദ്ധ കുർബാനയുടെ ആരാധന

യിലും ആത്മീയസഹയാത്രയിലുംകൂടി ദൈവപദ്ധതിയെ കണ്ടെത്താൻ കഴിയുന്ന തരത്തിൽ ഒരു യുവജനദൗത്യവും ദൈവവിളിയുടെ പ്രചാരണവും കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. മറിയത്തിന്റെ ദൈവവിളി ഒരു വാഗ്ദാനമായിരുന്നു; അതോടൊപ്പം ആശങ്ക നിറഞ്ഞതും. അവളുടെ ദൗത്യം എളുപ്പമായിരുന്നില്ല. എങ്കിലും അവൾ ഭയപ്പെട്ടില്ല. നമുക്കും മറിയത്തിലേക്കു നോക്കി പ്രത്യുത്തരിക്കാം. സുരക്ഷിതത്വത്തേക്കാൾ ദൈവത്തിന്റെ വാഗ്ദാനവാഹകരാകാം.

*(ദൈവവിളിക്കുവേണ്ടിയുള്ള 56-ാം ലോക പ്രാർഥനാദിനത്തോട് അനുബന്ധിച്ച് നല്കിയ സന്ദേശം)*


# ദൈവവിളി ഒരു രഹസ്യം



**ആർച്ചുബിഷപ്പ് തോമസ് തറയിൽ**

**ഞാനിപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്കു മുമ്പിൽ എനിക്കുവേണ്ടി കൈകൾ വിരിച്ചുപിടിച്ചു പ്രാർഥിക്കാൻ ഒരു വൈദികനുണ്ടെന്നു ഞാൻ തിരിച്ചറിയുമ്പോൾ അതെനിക്കു നല്കുന്ന സുരക്ഷിതത്വം അപാരമാണ്.**

ദൈവവിളി എന്നത് ഒരു വലിയ രഹസ്യമാണ്. എന്തുകൊണ്ട് ഒരാൾക്ക് ദൈവവിളി ലഭിക്കുന്നു എന്നത് ദൈവത്തിന്റെ ഹൃദയത്തിനു മാത്രം അറിയാവുന്ന രഹസ്യമാണ്. ദൈവത്തിന്റെ ഹൃദയത്തിലാണ് ഓരോ ദൈവവിളിയും ഉദിക്കുന്നത്. പക്ഷേ, അങ്ങനെയൊരു ദൈവവിളി ലഭിക്കുമ്പോൾ നമ്മൾ അതിനെ സംശയിക്കാം; തെന്നിമാറാൻ ശ്രമിക്കാം. വിളിക്കപ്പെട്ടിട്ടുണ്ടോ എന്ന തരത്തിലുള്ള സംശയങ്ങൾ പരിശീലനകാലത്ത് എനിക്ക് കുടുതലുണ്ടായിരുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്.



പക്ഷേ ജീവിതത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ നമുക്കതിന് യെസ് പറയാനുള്ള ധൈര്യം കിട്ടുന്നു. കർത്താവ് നമ്മെ കൈപിടിച്ചു നടത്തുന്നതുപോലെയുള്ള അനുഭവമുണ്ടാകുന്നു. അതുകൊണ്ടാണ് ദൈവവിളി ഒരു രഹസ്യമാണ് എന്നു പറയുന്നത്.

ദൈവവിളിയിലേക്കു നയിക്കുന്നത് എപ്പോഴും കുടുംബവും മാതാപിതാക്കളും വിശ്വാസാനുഭവങ്ങളുമാണ്. ഇടവകസമൂഹത്തിന്റെ വിശ്വാസാനുഭവവും ഇക്കാര്യത്തിൽ പ്രധാനമാണ്. ഒരു വ്യക്തി ദൈവവിളി കണ്ടെത്തുന്നുണ്ടെങ്കിൽ അതിനു പിന്നിൽ അയാളുടെ

## ദൈവവിളി തിരിച്ചറിയാനുള്ള സൂചനകൾ

- ദൈവനിയോഗം അറിയുവാനുള്ള അദമ്യമായ ആഗ്രഹം.
- ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന പിഴുതുമാറ്റാൻ കഴിയാത്ത തോന്നൽ.
- നമ്മുടെ ദൈവവിളിയെക്കുറിച്ചു മറ്റുള്ളവർക്കുണ്ടാകുന്ന ബോധ്യം.
- സ്വയം ജീവിക്കാതെ ദൈവത്തിനുവേണ്ടി മാത്രം ജീവിക്കാനുള്ള ആഗ്രഹം.
- ദൈവവിളിയെക്കുറിച്ചു ചിന്തിക്കുവാൻ ആരംഭിക്കുമ്പോൾതന്നെ ഉള്ളിൽ അനുഭവപ്പെടുന്ന അസ്വസ്ഥത.
- അസ്വസ്ഥതയെയും ആശങ്കകളെയും ദൂരെയകറ്റിക്കൊണ്ട് ഉള്ളിൽ നിറയുന്ന സമാധാനവും സന്തോഷവും.
- ദൈവവിളിക്ക് പ്രത്യുത്തരം കൊടുക്കണമെന്ന് ഉള്ളിലുണ്ടാകുന്ന ദൃഢമായ തീരുമാനം.
- ജീവിതം ദൈവത്തിനുമുമ്പിൽ ബലിയായി സമർപ്പിക്കാനുള്ള സന്നദ്ധത.

മാതാപിതാക്കൾ നയിച്ച വിശ്വാസജീവിതം അല്പമെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ടാവണം. മാതാപിതാക്കളുടെ ത്യാഗപൂർണമായ ജീവിതമാണ് അവരെ സ്വാധീനിക്കുന്നത്. സമൂഹം ദൈവവിളിക്കു നല്കുന്ന പ്രാധാന്യവും വിലയും, ഒരു വ്യക്തിയുടെ ദൈവവിളിയിൽ നിർണായകഘടകമാകും.

ദൈവവിളിയുടെ അനുഗൃഹീതമായ ജീവിതം തെരഞ്ഞെടുക്കാൻ ഇതെല്ലാം എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. യൂറോപ്പിൽ ദൈവവിളി കുറയുമ്പോൾ ആഫ്രിക്കയിലും മറ്റും ദൈവവിളി കൂടുകയാണ്. ചിലപ്പോൾ ഒരു ഇടവകയിലോ രൂപതയിലോ സന്യാസസമൂഹത്തിലോ ദൈവവിളി കുറയുമ്പോൾ, മറ്റൊരു രൂപതയിലും ഇടവകയിലും സന്യാസസമൂഹത്തിലും അത് കൂടിക്കൊണ്ടേയിരിക്കും. ദൈവവിളി കുറയുന്നതിനു കാരണമെന്ത് എന്ന തരത്തിൽ ചോദ്യങ്ങൾ ഉയരുമ്പോൾ, അതിനുള്ള മറുപടി ഇതാണ്: ദൈവം എല്ലാവരെയും വിളിക്കുന്നുണ്ട്. പക്ഷേ, എല്ലാവർക്കും ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ആ വിളിയ്ക്ക് പ്രത്യുത്തരം നല്കാൻ കഴിയാറില്ല.

വിശദമാക്കാം. ചില കുടുംബങ്ങൾ ഏറ്റവുമധികം പ്രാധാന്യം കൊടുക്കുന്നത് ഭൗതികമായ സുഖങ്ങൾക്കും സന്തോഷങ്ങൾക്കുമാണ്. 'നീ പഠിച്ചു വലിയ ആളാകണം, വലിയ ശമ്പളം



## പുരോഹിതനാകാൻ ആഗ്രഹിച്ച പട്ടാളക്കാരൻ



വർഷം 1944. ജർമനി.

അതൊരു ഡിസംബർ മാസമായിരുന്നു. നിർബന്ധിത സൈനികസേവനത്തിന് വിധിക്കപ്പെട്ട നൂറുകണക്കിനു യുവാക്കളിൽ ഒരുവന്റെ പേര് ജോസഫ് റാറ്റ്സിംഗർ എന്നായിരുന്നു. ഭാവിയിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നു പട്ടാള ഉദ്യോഗസ്ഥൻ ചോദിച്ചു. 'ഒരു കത്തോലിക്കാ വൈദികനാകണം.' റാറ്റ്സിംഗർ മറുപടി പറഞ്ഞു. 'അങ്ങനെയെങ്കിൽ നിങ്ങൾ മറ്റെന്തെങ്കിലും തൊഴിൽ അന്വേഷിക്കണം. പുതിയ ജർമനിയിൽ പുരോഹിതന്മാരെ ആവശ്യമില്ല.' അതായിരുന്നു പട്ടാള ഉദ്യോഗസ്ഥന്റെ മറുപടി. ജോസഫ് റാറ്റ്സിംഗർക്ക് അറിയാമായിരുന്നു, പുരോഹിതരുടെ പ്രസക്തി ഇപ്പോഴെന്നതിനേക്കാൾ അടുത്ത ജർമനിക്ക് കൂടുതൽ ആവശ്യമാണെന്ന്. അതുകൊണ്ടുതന്നെ വൈദികനാകണമെന്ന ആ ചെറുപ്പക്കാരന്റെ ആഗ്രഹത്തിന് തെല്ലും മങ്ങലേറ്റില്ല. ആഗ്രഹിച്ചതുപോലെ ആ ചെറുപ്പക്കാരൻ വൈദികനായി. പിന്നീട് മെത്രാനായി, ഏറ്റവും ഒടുവിൽ മാർപാപ്പായും. അതെ, ബെനഡിക്ട് പതിനാറാമൻ പാപ്പാ.

കിട്ടുന്ന ജോലി നേടണം, ഒരുപാട് സമ്പത്തുണ്ടാക്കണം.' പല കുടുംബങ്ങളിലും മാതാപിതാക്കൾ മക്കൾക്ക് ചെറുപ്പത്തിലേ പറഞ്ഞുകൊടുക്കുന്നത് ഇത്തരം ഉപദേശങ്ങളാണ്. എന്നിട്ടോ, സുഖമായി ജീവിക്കണം. ഇതു നിരന്തരം കേട്ടു വളരുന്ന ഒരു കുട്ടിയെ ദൈവം വിളിക്കുന്നുണ്ടെങ്കിൽതന്നെ അവനെങ്ങനെ തനിക്കുള്ള ആത്മീയമായ ആ വിളി തിരിച്ചറിയും? ഇങ്ങനെയുള്ള സാഹചര്യങ്ങൾ പ്രബലപ്പെടുമ്പോൾ

## ദൈവവിളിക്കു ഉത്തരം കൊടുക്കുമ്പോൾ: ഫ്രാൻസിസ് പാപ്പാ

ദീർഘനാളത്തെ പ്രാർഥനയിലൂടെയും പ്രയത്നത്തിലൂടെയും ശിക്ഷണത്തിലൂടെയും പഠനത്തിലൂടെയും ബൗദ്ധികവും മാനസികവും ആത്മീയവുമായ പരിശീലനത്തിലൂടെയുമാണ് ഒരു യുവാവ് വൈദികനും, ഒരു യുവതി സന്യാസിനിയും ആകുന്നത്. ഈ കാലമത്രയും അവരെ മനസിലാക്കി സഹായിക്കേണ്ടതും, അവരിലെ ദൈവവിളിയെ പരിപോഷിപ്പിക്കേണ്ടതും ഇടവകജനത്തിന്റെ കടമയാണ്. മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളോടൊപ്പം താരതമ്യം ചെയ്യപ്പെടാവുന്ന ഒന്നല്ല സെമിനാരിയും സന്യസ്തപരിശീലനകേന്ദ്രങ്ങളും. ഇവിടെ അർഥികൾ പഠിക്കുക മാത്രമല്ല, അവരുടെ ജീവിതം ക്രിസ്തുവിനോട് അനുരൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ദീർഘമായ പരിശീലനത്തിനിടയിലും, ഏറ്റവും ഒടുവിൽ സുപ്രധാനമായ തീരുമാനം എടുക്കുന്നതിനുമുമ്പും വിവേചനബുദ്ധിയോടും വിവേകത്തോടും കാര്യബോധത്തോടുംകൂടി വൈദികജീവിതം അഥവാ സന്യസ്തജീവിതം തനിക്കു യോജ്യമാണോ എന്ന് (discernment) ഓരോ അർഥിയും ചിന്തിക്കുകയും വിലയിരുത്തുകയും വേണം. അതിനുശേഷമാണ് പൂർണമായ സ്വാതന്ത്ര്യത്തോടെ അനുയോജ്യമായ തീരുമാനമെടുക്കേണ്ടത്.

ദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറഞ്ഞെന്നുവരാം.

ഒരു അപ്പന്റെയും അമ്മയുടെയും റോളാണ് ജനം വൈദികനിൽനിന്ന് പ്രതീക്ഷിക്കുന്നത്. പട്ടാളക്കാരന്റെയോ പൊലീസുകാരന്റെയോ ഓർഗനൈസറുടെയോ റോൾ ഒരു വൈദികനിൽ നിന്ന് ഇടവകജനം പ്രതീക്ഷിക്കുന്നേയില്ല. അപ്പന്റെയും അമ്മയുടെയും റോൾ എന്താണെന്ന് നമുക്കറിയാം. മക്കൾക്ക് സുരക്ഷിതത്വം നല്കലാണ് അത്. ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാനുള്ള ലൈസൻസ് നല്കലല്ല അതെന്ന് ഓർമിക്കുക.

ചിലപ്പോൾ സ്നേഹപൂർവകമായ തിരുത്തൽ നല്കേണ്ടതായി വരും. വാത്സല്യം പകർന്നുകൊടുക്കേണ്ടി വരും. അസ്ഥിരതയുണ്ടാക്കുന്ന സാഹചര്യങ്ങളിൽ സ്ഥിരയുടെ ഉറവിടമായി മാറേണ്ട വ്യക്തിയാണ് വൈദികൻ. നീ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്കു മുമ്പിൽ നിനക്കുവേണ്ടി കൈകൾ വിരിച്ചുപിടിച്ചു പ്രാർഥിക്കാൻ ഒരു വൈദികനുണ്ടെന്നു തിരിച്ചറിയുന്ന ഒരു വിശ്വാസിക്ക്, അതു നല്കുന്ന സുരക്ഷിതത്വം അപാരമായിരിക്കും. ഇങ്ങനെ സുരക്ഷിതത്വം കൊടുക്കുന്ന ശുശ്രൂഷയാണ് വൈദികനിൽനിന്ന് ദൈവജനം പ്രതീക്ഷിക്കുന്നത്. ○

# എങ്ങനെ ദൈവവിളി ഉറപ്പിക്കാം?

സി. ഡോ. അമൽ കുഴിപ്പിൽ

**ദൈവവിളി തിരിച്ചറിഞ്ഞാലും, അക്കാര്യത്തിൽ വിവേചനാപൂർവകമായ തെരഞ്ഞെടുപ്പിനായി ആത്മീയപിതാക്കന്മാരുടെ ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കണം.**



പൗരോഹിത്യ-സന്യസ്ത ദൈവവിളിയിലേക്ക് ദൈവം എന്നെ വിളിക്കുന്നുണ്ടോയെന്നു കൃത്യമായി മനസിലാക്കാനും, ദൈവം എന്താണ് എന്നിൽനിന്ന് ആഗ്രഹിക്കുന്നതെന്നു തിരിച്ചറിയാനും സഹായിക്കുന്ന ചില മാർഗങ്ങൾ പങ്കുവെക്കാം.

**പ്രാർഥന**

പ്രാർഥനയെന്നത് ദൈവവുമായുള്ള സംഭാഷണമാണ്; കേവലം ആവശ്യങ്ങൾ ഉണർത്തിക്കൽ മാത്രമല്ല. ഹൃദയത്തിൽനിന്നു ദൈവത്തോടു സംസാരിക്കുക. ഒരു ഉത്തമസുഹൃത്തിനോട് സംസാരിക്കുന്ന വിധത്തിൽ യേശുവിനോടു

## ദൈവവിളി ലഭിച്ച വ്യക്തി ജീവിതചര്യയായി മാറ്റേണ്ട അഞ്ച് കാര്യങ്ങൾ

**വിരക്തി:** സ്വന്തം ഇഷ്ടത്തെ സ്നേഹിക്കുകയോ, സ്വന്തം ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിൽ സന്തോഷിക്കുകയോ ചെയ്യാതിരിക്കുക.
**കീഴ്‌വഴക്കം:** ദൈവസ്നേഹത്തെപ്രതി ഒരാൾ എല്ലാ കാര്യങ്ങളിലും തന്റെ മേലധികാരികൾക്ക് പൂർണമായി കീഴ്‌വഴങ്ങുക.
**സഹനം:** പ്രതികൂല സാഹചര്യങ്ങളിൽ പീഡകളെ സന്തോഷത്തോടും നിശബ്ദതയോടുംകൂടി ആശ്ലേഷിക്കുക.
**സംതൃപ്തി:** ഏറ്റവും താഴ്ന്ന പരിഗണനയും പെരുമാറ്റവും ലഭിച്ചാലും അസംതൃപ്തി പ്രകടിപ്പിക്കാതിരിക്കുകയും സംതൃപ്തിയോടെ ജീവിക്കുകയും ചെയ്യുക.
**അവബോധം:** മറ്റാരെയുംകാൾ നിസാരനും താഴ്ന്നവനുമാണെന്ന അവബോധം ഹൃദയത്തിലുണ്ടായിരിക്കുക.
*(വിശുദ്ധ ബെനഡിക്ടിന്റെ സന്യാസനിയമങ്ങളിൽ എന്ന പുസ്തകത്തിൽ നിന്ന്)*

സംസാരിക്കുക. എന്നെക്കുറിച്ച് നിന്റെ പദ്ധതിയെന്താണെന്നു ചോദിക്കുക. അതു വെളിപ്പെടുത്താൻ പറയുക. പ്രാർഥനയിലൂടെ തീരുമാനങ്ങൾക്ക് വ്യക്തമായ മറുപടി കിട്ടത്തക്ക വിധത്തിൽ അവിടുന്നിൽ പൂർണമായും ആശ്രയിക്കുക.

**കൂദാശകൾ**

ജാലകത്തിൽ പൊടിയും മറ്റു മാലിന്യങ്ങളും പടർന്നുപിടിച്ചാൽ പുറംകാഴ്ചകൾ വ്യക്തമാകുകയില്ല. നമ്മുടെ ആത്മാവിന്റെ ജാലകങ്ങളിൽ പാപമാകുന്ന മാലിന്യങ്ങളും കറകളും പറ്റിപ്പിടിച്ചിട്ടുണ്ടെങ്കിൽ നമുക്കു ദൈവത്തിന്റെ സ്വരം വ്യക്തമായി കേൾക്കാൻ സാധിക്കയില്ല. ആത്മാവിന്റെ കറകൾ കഴുകിക്കളയാനുള്ള എളുപ്പമാർഗമാണ് കൂദാശാസ്വീകരണം. കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബാന സ്വീകരണത്തിലൂടെയും നമുക്കു ദൈവവുമായി കൂടിച്ചേരാൻ കഴിയും. ദിവ്യകാരുണ്യം സ്വീകരിച്ചുകഴിയുമ്പോൾ നാം പ്രാർഥിക്കുക; ഈശോയേ, എന്റെ ദൈവവിളി എന്താണെന്ന് എനിക്കു വെളിപ്പെടുത്തിത്തരണമേ എന്ന്.

**പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം**

ദൈവഹിതം നമുക്കു വെളിപ്പെടുത്തി തരുന്നതിൽ ഏറെ സഹായിക്കുന്ന വ്യക്തിയാണ് പരിശുദ്ധ അമ്മ. ദൈവവിളി തിരിച്ചറിയുക എന്ന നിയോഗത്തോടെ എല്ലാ ദിവസവും നന്മ നിറഞ്ഞ മറിയമേ എന്ന ജപം മൂന്നു പ്രാവശ്യം ഭക്തിപൂർവം ചൊല്ലി മാതാവിന്റെ മാധ്യസ്ഥ്യം തേടുക. ദൈവം നിശ്ചയിച്ചിരിക്കുന്ന വഴിയിലൂടെ മുന്നോട്ടുപോകാനുള്ള ധൈര്യം അമ്മ നമുക്കു നല്കും.

**ധ്യാനം**

പല ധ്യാനങ്ങളിലും അദ്ഭുതങ്ങൾ സംഭവിക്കാറുണ്ട്. ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചുള്ള ആഴപ്പെട്ട വിചാരങ്ങൾ ലഭിക്കാനും അതു കാരണമാകുന്നു. അതുപോലെ മൗനധ്യാനവും പ്രാർഥനയും ദൈവഹിതം വെളിപ്പെടുത്തിത്തരും

**നല്ല ഉപദേശം**

ദൈവവിളി തിരിച്ചറിഞ്ഞാലും, അക്കാര്യത്തിൽ വിവേചനാപൂർവകമായ തെരഞ്ഞെടുപ്പിനായി ആത്മീയപിതാക്കന്മാരുടെ ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കുക. പരിചയമുള്ള വൈദികർ, സിസ്റ്റേഴ്സ്, ആത്മീയമായി മികച്ച രീതിയിൽ ജീവിക്കുന്ന അല്മായർ എന്നിവരൊക്കെ ഇക്കാര്യത്തിൽ സഹായികളായി മാറാം. അവരുടെ ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കാൻ മടികാണിക്കരുത്. ○

ഫാ. നിഖിൽ ആട്ടുക്കാരൻ

# സ്വപ്നത്തിൽ ഇല്ലാത്ത സ്വപ്നം

**മമ്മി മരിച്ചുകഴിഞ്ഞപ്പോൾ വീണ്ടുമൊരു ചോദ്യമുയർന്നു; ഇനി എന്ത്? വൈദികനാകണം എന്നുതന്നെയായിരുന്നു എന്റെ തീരുമാനം.**

പത്താം ക്ലാസിലെ പരീക്ഷ കഴിഞ്ഞു വീട്ടിലേക്കു മടങ്ങാനൊരുങ്ങുമ്പോൾ മതാധ്യാപികയായിരുന്ന സി. യുക്കരിസ്റ്റ് എന്നോട് ചോദിച്ചു: 'നിഖിലേ, പത്തു കഴിഞ്ഞിട്ട് എന്താണ് പരിപാടി?'

ഇന്നും വളരെ അദ്ഭുതത്തോടുകൂടി മാത്രമാണ് ഞാൻ എന്റെ മറുപടിയെ വിലയിരുത്തുന്നത്. അതുവരെ വിചാരിക്കാതിരുന്ന, മനസിലുണ്ടാകാതിരുന്ന ഒരു മറുപടി ഞാൻ സിസ്റ്റർക്കു നല്കി: 'ഞാൻ സെമിനാരിയിൽ പോകും.' വ്യക്തമായ ബോധ്യത്തോടും കാഴ്ചപ്പാടോടും കൂടിയല്ല ഞാൻ ആ മറുപടി പറഞ്ഞത്. കാരണം, ഇങ്ങനെയൊരു ദൈവവിളി ലഭിക്കുമെന്നോ വൈദികനാകുമെന്നോ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ഏതൊരു കൗമാരക്കാരനെയുംപോലെ ലൗകികമായ ചില മോഹങ്ങളിലും വിചാരങ്ങളിലുമാണ് ഞാൻ അക്കാലത്ത് കഴിഞ്ഞുകൂടിയിരുന്നത്. അൾത്താര ബാലനായിരുന്നില്ല. ദേവാലയവുമായി ഏതെങ്കിലും വിധത്തിൽ അടുത്തബന്ധവും പുലർത്തിയിരുന്നില്ല.

സി. യുക്കരിസ്റ്റിന് നല്കിയ മറുപടി മുതൽ ദൈവവിളിയെന്ന യാഥാർഥ്യത്തിലേക്ക് ഞാൻ പതിയെ നടന്നുതുടങ്ങുകയായിരുന്നു. വൊക്കേഷൻ ക്യാമ്പിന് പോകണമെന്നു പറഞ്ഞ് സി. യുക്കരിസ്റ്റ് വീട്ടിലെത്തിയപ്പോഴാണ് അന്നു ഞാൻ പറഞ്ഞ കാര്യം ഒരിക്കൽകൂടി ഓർമയിലേക്കു വന്നത്. ഞായറാഴ്ചകളിലല്ലാതെ ഇടദിവസങ്ങളിൽ ഒരിക്കൽ



പോലും പള്ളിയിൽ പോകാത്ത ഞാൻ പിറ്റേദിവസം പള്ളിയിൽ പോയി. ഒരൊറ്റ കാര്യം മാത്രമേ അന്നു പ്രാർഥിച്ചുള്ളൂ: ഈശോയേ, ഞാൻ ക്യാമ്പിനു പോകുകയാണ്. എനിക്കു ദൈവവിളിയുണ്ടെങ്കിൽ എനിക്കു സെലക്ഷൻ കിട്ടണം. ഇത്തവണ കിട്ടിയില്ലെങ്കിൽ ഇനിയൊരു ദൈവവിളി ക്യാമ്പിലും ഞാൻ പോകില്ല. ഇത്തവണ സെലക്ഷൻ കിട്ടിയാൽ പിന്നെയൊരിക്കലും ഞാൻ തിരിഞ്ഞുനോക്കില്ല.

മൂന്നുദിവസത്തെ ക്യാമ്പു കഴിഞ്ഞ് വീട്ടിലെത്തി. രണ്ടാഴ്ച കടന്നുപോയി. മറുപടിയൊന്നും കിട്ടിയില്ല. ഒരു ദിവസം ഞാൻ സെമിനാരിയിലേക്കു ഫോൺ ചെയ്തു. ഫോണെടുത്ത ബ്രദർ എന്നോടു പറഞ്ഞത് മറ്റൊരു കാര്യമായിരുന്നു.

ആരെയും അങ്ങോട്ട് അറിയിക്കുകയില്ല; ഇങ്ങോട്ട് ആരെങ്കിലും അന്വേഷണം നടത്തിയാൽ അവരെ സെലക്ട് ചെയ്യാം. ഇതായിരുന്നത്രേ സെമിനാരി അധികാരികളുടെ തീരുമാനം. എന്തുകൊണ്ട് അവർ അങ്ങനെയൊരു തീരുമാനം എടുത്തു എന്നു ചോദിച്ചാൽ, അതിനൊന്നും എനിക്കുത്തരമില്ല. ദൈവം എന്നെ തെരഞ്ഞെടുത്തിട്ടുണ്ട് എന്നതിനു വലിയൊരു അടയാളമായി ഈ തീരുമാനത്തെ കാണാനാണ് എനിക്കിഷ്ടം.

2007 ജൂൺ 11ന് ഞാൻ റൊഗേഷനിസ്റ്റ് സെമിനാരിയിൽ ചേർന്നു. അടുത്തവർഷം എന്റെ പപ്പ മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചു. സംഘർഷഭരിതമായ അനുഭവങ്ങളിലൂടെയാണ് പിന്നീട് ഞാനും എന്റെ അനിയനും മമ്മിയും കടന്നുപോയത്. ലക്ഷങ്ങളുടെ കടക്കാരായി മാറി ഞങ്ങൾ. അത് വീട്ടിത്തീർക്കാൻ എന്നെ ഇനി സെമിനാരിയിലേക്ക് അയയ്ക്കണ്ട എന്നായിരുന്നു ബന്ധുക്കളുടെ തീരുമാനം. പക്ഷേ സെമിനാരിയിലേക്കുതന്നെ മടങ്ങുമെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞു. വീട്ടുകാർ അതിനെ എതിർത്തില്ല. പ്ലസ് ടു പരീക്ഷ കഴിഞ്ഞുള്ള രണ്ടുമാസക്കാലം. ഞാൻ പലവിധ ജോലികൾക്കും പോയി. പാറമടയിൽ, പോസ്റ്ററൊട്ടിക്കൽ, പത്രവിതരണം... മമ്മി വീടുകളിൽ ജോലിക്കു പോയി. അനിയൻ അന്ന് എട്ടാംക്ലാസിൽ പഠിക്കുകയാണ്. സെമിനാരിപഠനം തുടർന്നു.

ഒരു വർഷത്തെ റീജൻസി ആറുമാസമായപ്പോഴേക്കും വീട്ടിൽനിന്ന് വിളിയെത്തി.



**എന്തിന് നീ വൈദികനാകണം, തിരിച്ചുപോന്നുകൂടെ നിനക്ക് എന്നു മിക്കവരും പ്രതിസന്ധികളുടെ കാലത്ത് എന്നോടു ചോദിച്ചിട്ടുണ്ട്. ഞാനതിനെല്ലാം ഉത്തരം കണ്ടെത്തിയത് എന്റെതന്നെ ജീവിതത്തിൽ നിന്നായിരുന്നു.**

മമ്മിക്ക് സുഖമില്ല. ചെറിയ വയറുവേദനയിൽ തുടങ്ങിയ അസുഖം. പക്ഷേ ആ രോഗം കരൾവരെ വ്യാപിച്ച കാൻസറായിരുന്നു. അവസാന സ്റ്റേജിലെത്തി കഴിഞ്ഞത്രേ. പിന്നീടുള്ള മാസങ്ങളിൽ ഞാൻ മമ്മിക്ക് ഒപ്പമായിരുന്നു.

മമ്മി മരിച്ചുകഴിഞ്ഞപ്പോൾ വീണ്ടുമൊരു ചോദ്യമുയർന്നു; ഇനി എന്ത്? വൈദികനാകണം എന്നുതന്നെയായിരുന്നു എന്റെ തീരുമാനം. ആ ആഗ്രഹത്തെ എന്റെ അനിയൻ എതിർത്തില്ല. അനിയന്റെ അധ്വാനമാണ് ഇന്നും എന്റെ ദൈവവിളിയിൽ അടിയുറച്ചുനില്ക്കാൻ എനിക്കു കരുത്തുപകരുന്നത്. എന്തിന് നീ വൈദികനാകണം, തിരിച്ചുപോന്നുകൂടെ നിനക്ക് എന്നു മിക്കവരും അക്കാലത്ത് എന്നോടു ചോദിച്ചിട്ടുണ്ട്. ഞാനതിനെല്ലാം ഉത്തരം കണ്ടെത്തിയത് എന്റെതന്നെ ജീവിതത്തിൽ നിന്നായിരുന്നു.

ദൈവത്തിൽനിന്ന് നേരിട്ടു ലഭിച്ചതാണ് എനിക്കെന്റെ ദൈവവിളിയെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ഏറ്റവും വിശുദ്ധിയോടും ആത്മാർഥതയോടുംകൂടി തന്നെയാണ് ഒരു വൈദികനായി ജീവിക്കേണ്ടതെന്ന തികഞ്ഞ ബോധ്യത്തോടെയാണ് ഞാനെന്റെ ദൈവവിളി തെരഞ്ഞെടുത്തിരിക്കുന്നത്. ഓരോരുത്തരും അവരവരുടെ ദൈവവിളിയ്ക്കനുസൃതം ജീവിക്കുമ്പോൾ വിജയമുണ്ടാകും. മറ്റുള്ളവരെ നോക്കി വിധിക്കാനുള്ളതല്ല നമ്മുടെ ജീവിതം. സഭയ്ക്കു കുറവുകളും പോരായ്മകളുമുണ്ടെങ്കിലും ആ സഭയെ സ്നേഹിച്ചുകൊണ്ട് ശുശ്രൂഷ ചെയ്യാനുള്ളതാണ് ഈ ദൈവവിളി. ○


## പ്രത്യാശയുടെ കഥകൾ പറയുന്നവരാകണം മാധ്യമപ്രവർത്തകർ: പാപ്പാ

വാക്കുകളും ചിത്രങ്ങളും പണിയായുധങ്ങളായുള്ള അമൂല്യദൗത്യവും സവിശേഷ ഉത്തരവാദിത്വവുമാണ് മാധ്യമപ്രവർത്തകരുടേതെന്ന് ഫ്രാൻസിസ് പാപ്പാ. പ്രത്യാശയുടെ ജൂബിലി വർഷത്തിലെ മാധ്യമജൂബിലിയാചരണത്തിന് വത്തിക്കാനിൽ എത്തിയ വിവിധരാജ്യക്കാരായ മാധ്യമപ്രവർത്തകർക്കു നല്കിയ സന്ദേശത്തിലാണ് ഫ്രാൻസിസ് പാപ്പാ ഇങ്ങനെ പറഞ്ഞത്.

യുദ്ധങ്ങളാലും അക്രമങ്ങളാലും നിരപരാധികളുടെ നിണം ചിന്തപ്പെടുന്ന വിഷമകരമായ ഒരു ചരിത്രഘട്ടത്തിലാണ് ലോകം. സത്യം അന്വേഷിക്കുന്നതിനും യുദ്ധത്തിന്റെ ഭീകരതകൾ ആഖ്യാനം ചെയ്യുന്നതിനും ജീവൻ പോലും അപകടപ്പെടുത്തുന്ന മാധ്യമപ്രവർത്തകരോടുള്ള കൃതജ്ഞത പാപ്പാ രേഖപ്പെടുത്തി.

നുണകളെയും വിദ്വേഷത്തെയും മറികടക്കാൻ അനിവാര്യമായ മാറ്റത്തെക്കുറിച്ച് പാപ്പാ അനുസ്മരിച്ചു. ചരിത്രം നമ്മോടാവശ്യപ്പെടുന്ന മാറ്റമാണത്. അതിന് ഏറ്റവും ആവശ്യം ധൈര്യമാണ്. ധൈര്യം എന്ന പദത്തിന്റെ ലത്തീൻമൂലത്തിലുള്ള 'കോർ ഹബേയൊ' (cor habeo) എന്നീ വാക്കുകളുടെ അർഥം 'ഹൃദയം ഉണ്ടായിരിക്കുക' എന്നാണ്. ഹൃദയത്തിന്റെ ഈ ആന്തരശക്തിയെ സ്വതന്ത്രമാക്കണം. സ്വാതന്ത്ര്യം തെരഞ്ഞെടുപ്പു നടത്താനുള്ള ധൈര്യമാണെന്ന് കൂട്ടിച്ചേർത്ത പാപ്പാ, ഹൃദയത്തെ ദുഷിപ്പിക്കുന്നവയിൽ നിന്നു വേർപെടാനുള്ള ധൈര്യം പുതുക്കണമെന്നും പറഞ്ഞു. ഈ ജൂബിലി അതിനുള്ള അവസരമാകട്ടെയെന്നും അദേഹം ആശംസിച്ചു

നടുത്തളം
GLOBAL NEWS



## മതാന്തരസംവാദ ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായി കർദിനാൾ ജോർജ് കൂവക്കാട്

വിവിധ മതങ്ങൾക്കിടയിൽ സൗഹാർദം ഊട്ടിയുറപ്പിക്കുന്നതിനും, സമാധാനത്തിനായുള്ള സംഭാഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രവർത്തിക്കുന്ന വത്തിക്കാനിലെ ഡിക്കാസ്റ്ററിയുടെ പുതിയ പ്രീഫെക്ടായി ചങ്ങനാശേരി അതിരൂപതാംഗമായ കർദിനാൾ ജോർജ് കൂവക്കാടിനെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ജനുവരി 24ന് അദേഹം പുതിയ ചുമതലയേറ്റെടുത്തു. പാപ്പായുടെ വിദേശയാത്രയുടെ ചുമതലകളും അദേഹം തുടർന്ന് വഹിക്കും.


പരിശുദ്ധ പിതാവിന്റെ മാർഗനിർദേശത്തിലും, തനിക്കു മുമ്പുള്ളവർ അഗാധമായ ജ്ഞാനത്തോടെ ഇതിനകം രൂപപ്പെടുത്തിയ മതസൗഹാർദ പാതയിലും ആശ്രയിച്ചുകൊണ്ട് പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നു കർദിനാൾ പ്രതികരിച്ചു. മതങ്ങൾക്കിടയിലുള്ള സൗഹൃദം സ്വപ്നംകാണുന്ന, ജനതകൾക്കിടയിൽ സമാധാനത്തോടെയുള്ള സഹവർത്തിത്വം ആഗ്രഹിക്കുന്ന ആളുകളുടെ പ്രാർഥനകളും, ഡിക്കസ്റ്ററിയിലെ സഹപ്രവർത്തകരുടെ സഹകരണവും തന്നെ



ശക്തിപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും ഐക്യം ഉറപ്പാക്കുകയും ചെയ്യുന്ന, ബഹുസാംസ്കാരികവും ബഹുമതപരവുമായ ഒരു സമൂഹത്തിലാണ് ഞാൻ ജനിച്ചത്. മതാന്തരസംവാദങ്ങൾ ഇന്ത്യൻ ആത്മീയതയുടെ ഭാഗവുമാണ്. മതിലുകളല്ല, പാലങ്ങളാണ് ക്രിസ്ത്യാനികൾ പണിയേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും. അദ്ദേഹം കൂട്ടിച്ചേർത്തു. മതാന്തരസംഭാഷണം കേവലം മതങ്ങൾ തമ്മിലുള്ള സംഭാഷണമല്ല, ദൈവവിശ്വാസത്തിന്റെ സൗന്ദര്യത്തിനു സാക്ഷ്യം വഹിക്കുന്ന മഹത്തരമായ ദൗത്യമാണെന്നും കർദിനാൾ ചൂണ്ടിക്കാട്ടി.

## കർദിനാൾ ഗ്രേഷ്യസ് വിരമിച്ചു


ആർച്ചുബിഷപ്പ് ജോൺ റൊഡ്രിഗസ്

ബോംബെ അതിരൂപതയുടെ മെത്രാപ്പോലീത്തായായിരുന്ന കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് സമർപ്പിച്ച രാജി ഫ്രാൻസിസ് പാപ്പാ സ്വീകരിച്ചു. അദ്ദേഹത്തിന് 80 വയസുണ്ടായിരുന്നു. അതിരൂപതയുടെ പുതിയ സാരഥിയായി ആർച്ചുബിഷപ്പ് ജോൺ റൊഡ്രിഗസ് സ്ഥാനമേല്ക്കും. ബോംബെ അതിരൂപതയുടെ പിന്തുടർച്ചാവകാശമുള്ള ആർച്ചുബിഷപ്പായി സേവനമനുഷ്ഠിച്ചു വരുകയായിരുന്നു അദ്ദേഹം.

മുംബൈയിൽ 1967 ആഗസ്റ്റ് 21നാണ് ആർച്ചുബിഷപ്പ് ജോൺ റോഡ്രിഗസ് ജനിച്ചത്. 1998 ഏപ്രിൽ 18ന് പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം 2013 ജൂൺ 29ന് മെത്രാനായി അഭിഷിക്തനായി. ബോംബെ അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്ത അദ്ദേഹം പിന്നീട് 2023 മാർച്ച് 25ന് പൂനയുടെ മെത്രാനായും തുടർന്ന് 2024 നവംബർ 30ന് ബോംബെ അതിരൂപതയുടെ പിന്തുടർച്ചാവകാശമുള്ള മെത്രാനായും നിയമിതനായി.

## ചൈനയിൽ ഒരു കത്തോലിക്കാ മെത്രാൻ അഭിഷിക്തനായി!



*പരിശുദ്ധ സിംഹാസനവും ചൈനയും തമ്മിലുള്ള ഉടമ്പടിയ്ക്കനുസൃതം നിയമനം അംഗീകരിക്കപ്പെട്ടതിനെ തുടർന്ന് ജനുവരി 20ന് ഫാ. അന്തോണിയോ ജി വൈസോംഗ് ലൂലിയാംഗ് രൂപതയുടെ പ്രഥമ മെത്രാനായി അഭിഷിക്തനായി. ഫ്രാൻസിസ് പാപ്പാ ചൈനയിലെ ഫെൻയാംഗ് രൂപത റദ്ദാക്കിക്കൊണ്ട് 2024 ഒക്ടോബർ 28ന് സ്ഥാപിച്ച രൂപതയാണ് ലൂലിയാംഗ്.*

*1973 ആഗസ്റ്റ് മൂന്നിന് ഷാംഗ്ഹായിൽ നവമെത്രാൻ ജി വൈസോംഗ് ജനിച്ചു. ബൈജിംഗിലെ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ അദ്ദേഹം 2001 ഒക്ടോബർ 14നാണ് പൗരോഹിത്യം സ്വീകരിച്ചത്.*

*33 ലക്ഷത്തിലേറെയാണ് ലൂലിയാംഗ് രൂപതാതിർത്തിക്കുള്ളിലെ ജനസംഖ്യ. അതിൽ കത്തോലിക്കരുടെ സംഖ്യ 20000 മാത്രം. ഇവരുടെ അജപാലനകാര്യങ്ങളിൽ സഹായിക്കാൻ അമ്പതോളം വൈദികരും ഇരുപത്തിയഞ്ചിലേറെ സന്ന്യാസിനികളും പ്രവർത്തിക്കുന്നു.*

*കത്തോലിക്കാസഭയ്ക്ക് ചൈനയിൽ പൂർണതോതിൽ പ്രവർത്തന സ്വാതന്ത്ര്യമില്ല. വത്തിക്കാനും ചൈനീസ് സർക്കാരും തമ്മിലുള്ള പ്രത്യേക ഉടമ്പടിപ്രകാരം വളരെയധികം പരിമിതികളോടെ മാത്രമേ സഭയ്ക്ക് അവിടെ പ്രവർത്തിക്കാനാവൂ.*

ബിജു സെബാസ്റ്റ്യൻ

# കരയുന്ന മാതാവ്

**ലൂർദിനും ഫാത്തിമായ്ക്കും വളരെ മുമ്പേ മാതാവ് പ്രത്യക്ഷപ്പെട്ട പുണ്യഭൂമിയാണ് ഫ്രാൻസിലെ ലാസലെറ്റ്.**

ലോകത്തിലെ വിവിധ പ്രദേശങ്ങളിൽ മാതാവിന്റെ രൂപം കണ്ണീരു വാർക്കുന്നതായി ഇതിനകം പലവട്ടം കേട്ടിട്ടുണ്ട്. ആദ്യമായി മാതാവ് കണ്ണീരു വാർത്തത് ലാസലെറ്റിലായിരുന്നു. മറ്റൊരു പ്രത്യേകത കൂടിയുണ്ട് ലാസലെറ്റിന്. ലോകപ്രശസ്ത തീർഥാടനകേന്ദ്രങ്ങളായ ലൂർദിനും ഫാത്തിമായ്ക്കും വളരെ മുമ്പേ മാതാവ് പ്രത്യക്ഷപ്പെട്ട പുണ്യഭൂമി കൂടിയാണ് ഫ്രാൻസിലെ ലാസലെറ്റ്.

ഫ്രാൻസിലെ ആൽപ്സ് പർവതത്തോടു ചേർന്നാണ് ലാസലെറ്റ് സ്ഥിതി ചെയ്യുന്നത്. ഈ മലമുകളിൽ 1848 സെപ്റ്റംബർ 19നാണ് മാതാവ് കരഞ്ഞു കൊണ്ടു പ്രത്യക്ഷപ്പെട്ടത്. ഒരു പാറക്കല്ലിൽ തന്റെ കരങ്ങളിൽ മുഖം അമർത്തിക്കരയുന്ന വിധത്തിലായിരുന്നു മാതാവിന്റെ പ്രത്യക്ഷപ്പെടൽ.

ലോകത്തിൽ മാതാവ് ദർശനം ആർക്കൊക്കെ നല്കിയോ അവരെയെല്ലാം പോലെ തീരെ ദരിദ്രകുടുംബത്തിലെ അംഗങ്ങൾക്കാണ് ലാസലെറ്റിലും മാതാവ് പ്രത്യക്ഷയായത്. മാക്സിമിന, മെലനി എന്നു പേരുള്ള 11ഉം 15ഉം





വയസു പ്രായമുള്ള ഇടയക്കുട്ടികൾക്കായിരുന്നു അതിനുള്ള ഭാഗ്യം. ഭിക്ഷയാചിച്ചുവരെ കഴിഞ്ഞിരുന്ന കുടുംബമായിരുന്നു മെലനിയുടേത് എന്നു പറയുമ്പോൾതന്നെ അവരുടെ സാമ്പത്തിക, സാമൂഹികസ്ഥിതിയെക്കുറിച്ച് ഊഹിക്കാമല്ലോ. എപ്പോഴും പരിശുദ്ധ അമ്മയുടെ നോട്ടം പാവങ്ങളുടെ നേരെയായിരുന്നു. എളിയവരെ ഉയർത്തുകയും അഹങ്കാരികളെ ചിതറിച്ചുകളയുകയും ചെയ്യുന്ന ദൈവത്തിന്റെ അമ്മയ്ക്ക് അങ്ങനെയല്ലാതെ മറ്റൊരു വിധത്തിൽ പ്രവർത്തിക്കാനാവില്ലല്ലോ.

ആടുകളെ മേയ്ച്ചുനടക്കുന്ന കുട്ടികളായിരുന്നു അവർ. ഉച്ചഭക്ഷണം കഴിച്ചതിനു ശേഷം തെല്ലുനേരം വിശ്രമിച്ച അവർ വൈകാതെ ഉറങ്ങിപ്പോയി. ഉറക്കമുണർന്നുനോക്കിയപ്പോൾ ആടുകളെ കാണാനില്ല. പരിഭ്രാന്തരായ കുട്ടികൾ ചുറ്റുപാടും നോക്കുമ്പോൾ അതാ, കുന്നിൻമുകളിൽ ആടുകളുണ്ട്. അവർക്കു സമാധാനവും ആശ്വാസവുമായി. തങ്ങൾ കുറച്ചുനേരം മുമ്പ് വിശ്രമിച്ച കല്ലിൽ ഒരു അഗ്നിഗോളവും, അതിനു നടുവിൽ ഒരു സ്ത്രീയിരുന്നു കരയുന്നതും അപ്പോഴാണ് അവർ കണ്ടത്. കുട്ടികൾ ആദ്യം പരിഭ്രാന്തരായെങ്കിലും, സ്ത്രീ അവരെ ആശ്വസിപ്പിച്ചു:

ഭയപ്പെടേണ്ട മക്കളേ, അടുത്തുവരൂ. നിങ്ങളോടെനിക്കു കുറച്ചുകാര്യങ്ങൾ പറയാനുണ്ട്. ഇതായിരുന്നു ആ സ്ത്രീ അവരോട് ആദ്യം പറഞ്ഞത്. അതുതന്നെയായിരുന്നു മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ ആദ്യനിമിഷം. ഈശോയിലേക്കു തിരിച്ചുവരൂ എന്നാണ് അമ്മ അന്നു കരഞ്ഞുകൊണ്ടു പറഞ്ഞത്.

**എപ്പോഴും പരിശുദ്ധ അമ്മയുടെ നോട്ടം പാവങ്ങളുടെ നേരെയായിരുന്നു.**

അമ്മ കരയാനും പ്രത്യക്ഷപ്പെടാനും ഇടയാക്കിയ സാഹചര്യങ്ങളിലേക്കുകൂടി കടന്നുപോകുന്നത് നല്ലതായിരിക്കും. ഫ്രഞ്ചുവിപ്ലവം ഏല്പിച്ച ധാർമിക അപചയത്തിന്റെയും സദാചാര ധ്വംസനങ്ങളുടെയും പശ്ചാത്തലത്തിലായിരുന്നു മാതാവിന്റെ പ്രത്യക്ഷപ്പെടൽ. 1789ലായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ തുടക്കം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിങ്ങനെയുള്ള ആകർഷണീയമായ ആദർശങ്ങളും സങ്കല്പങ്ങളുമാണ് ഫ്രഞ്ചുവിപ്ലവം അവതരിപ്പിച്ചതെങ്കിലും, അതു ക്രമേണ ജനങ്ങളെ വിശ്വാസരാഹിത്യത്തിലേക്കും അപചയത്തിലേക്കുമാണ് നയിച്ചത്. നോത്രദാം കത്തീഡ്രലിൽവെച്ച് പരസ്യമായി വേശ്യാവൃത്തിയിലേർപ്പെടാൻ മാത്രം മനുഷ്യർ അധഃപതിച്ചു എന്നു പറയുമ്പോൾ വിപ്ലവമേല്പിച്ച ധാർമികാഘാതത്തിന്റെ കാഠിന്യം മനസിലാകുമല്ലോ?

ഗുരുമൊഴി

ടി.എസ് ബിജു

# ഭയത്തെ കീഴടക്കുക

ഗുരുവിന്റെ അടുക്കൽ ആ ചെറുപ്പക്കാരൻ എത്തിയത് ഭയത്തിനു പരിഹാരം തേടിയാണ്. അയാൾക്ക് നല്ല പ്രസംഗകനാകണമെന്നാണ് ആഗ്രഹം. പക്ഷേ ആളുകളെ അഭിമുഖീകരിക്കാൻ കഴിയുന്നില്ല. ഒരു വ്യക്തിയുടെ മുഖത്തു നോക്കി സംസാരിക്കാൻപോലും കഴിയാത്തവിധം അയാൾ ദുർബലനാണ്. അയാൾ ചോദിച്ചു: ഞാൻ എന്തു ചെയ്യും? ഗുരു അയാളുടെ പ്രശ്നം കേട്ടതിനുശേഷം നിർദേശം നല്കി: തെരുവിലേക്കിറങ്ങിച്ചെന്ന് കണ്ടുമുട്ടുന്ന 10 പേരോട് അവരുടെ മുഖത്തുനോക്കി, എനിക്കു ഭയമാണ് എന്നുപറയുക. 10 പേരെ നീ നേരിട്ടുകഴിയുമ്പോൾ ഭയം എന്ന വികാരം നിന്നിൽനിന്ന് അപ്രത്യക്ഷമാകും.

ഗുരു പറഞ്ഞതനുസരിച്ച് യുവാവ് തെരുവിൽ ചെന്നുനിന്നു. ആളുകൾ തിരക്കിട്ടു നടന്നുപോവുന്നു. അതിൽ ആരോടാണ്, എനിക്കു ഭയമാണ് എന്നു തുറന്നുപറയുക എന്നോർത്ത് അവൻ വിഷമിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അയാൾക്കു മനസിലായി, തനിക്കൊരിക്കലും അതു തുറന്നുപറയാൻ കഴിയില്ലെന്ന്. ചെറുപ്പക്കാരൻ നിരാശനായി വീണ്ടും ഗുരുവിന്റെ അടുക്കലെത്തി. അവൻ പറഞ്ഞു: എനിക്കങ്ങനെ പറയാൻ സാധിക്കുന്നില്ല. ഗുരു വീണ്ടും അയാളെ ഉപദേശിച്ചു: നിനക്ക് അങ്ങനെ പറയാൻ കഴിയുന്നില്ലെങ്കിൽ, ഒരിക്കലും നിനക്കൊരു പ്രഭാഷകനാകാനും കഴിയില്ല.

ഗത്യന്തരമില്ലാതെ ചെറുപ്പക്കാരൻ വീണ്ടും തെരുവിലെത്തി. അയാൾ രണ്ടുംകല്പിച്ച് ഒരാളോടു പറഞ്ഞു: എനിക്ക ഭയമാണ്. നിനക്കു ഭയമാണെങ്കിൽ എനിക്കെന്ത് എന്നു ചോദിച്ച് ആദ്യത്തെയാൾ കടന്നുപോയി. ചെറുപ്പക്കാരൻ രണ്ടാമത്തെ ആളെ സമീപിച്ച് അതേ വാചകം ആവർത്തിച്ചു. ഭീരു എന്നു പറഞ്ഞ് അയാൾ അവനെ പരിഹസിച്ചു.

അതിനുശേഷം കണ്ടുമുട്ടുന്ന ഓരോരുത്തരോടായി അയാൾ അതുതന്നെ പറഞ്ഞു.

മനുഷ്യന്റെ ധാർമിക അപഭ്രംശവും മൂല്യച്യുതിയും പാപങ്ങളോടുള്ള ആസക്തിയുമായിരുന്നു മാതാവിന്റെ വിലാപത്തിനു കാരണം. ലാസലെറ്റ് മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ പ്രത്യേകതകളെക്കുറിച്ച് തുടക്കത്തിൽ പറഞ്ഞല്ലോ. അതുകൂടാതെ മറ്റൊരു പ്രത്യേകതകൂടി ഈ ദർശനത്തിനുണ്ട്. പലയിടത്തും മാതാവ് കരഞ്ഞുകൊണ്ടു പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും, മുഴുവൻ സമയവും കരഞ്ഞത് ഇവിടെ മാത്രമാണ്. കരയുന്ന മാതാവ്, കണ്ണീരിന്റെ മാതാവ് എന്നെല്ലാം ലാസലെറ്റ് മാതാവിനെ വിളിക്കുന്നതും അതുകൊണ്ടാണ്.

മാതാവ് തുടർച്ചയായി കരയുന്നുണ്ടായിരുന്നെങ്കിലും, അമ്മയുടെ കണ്ണുകളിൽനിന്ന് ഒഴുകിയിറങ്ങിയ കണ്ണുനീർത്തുള്ളികൾ നിലം പതിക്കാതെ അപ്രത്യക്ഷമായി എന്നാണ് മാക്സിമിനും മെലനിയും സാക്ഷ്യപ്പെടുത്തിയത്. സാധാരണക്കാരായ കുട്ടികൾക്കു പ്രത്യക്ഷപ്പെട്ട മാതാവ്, സാധാരണക്കാരുടെ വേഷമാണ് ധരിച്ചിരുന്നതും. ലോകത്തിലെ ഏതു ഭാഗത്ത് പ്രത്യക്ഷപ്പെടുമ്പോഴും, തദ്ദേശീയവേഷത്തിലാണ് മാതാവിന്റെ പ്രത്യക്ഷീകരണം എന്നത് ഓർക്കുക. വേളാങ്കണ്ണിയിൽ സാരിയുടുത്ത സ്ത്രീയുടെ വേഷത്തിലാണല്ലോ അമ്മ ദർശനം നല്കിയത്. അതതു ദേശങ്ങളുടെ ഹൃദയമുദ്രകൾ വഹിക്കുന്നതിലൂടെ, അത്രത്തോളം ആ ജനങ്ങളുമായി താദാത്മീകരണം പ്രാപിക്കുകയാണ് പരിശുദ്ധ അമ്മ.

ലാസലെറ്റിലെ കർഷകസ്ത്രീകൾ സാധാരണ ധരിക്കാറുള്ള, പാദങ്ങൾവരെ നീണ്ടുകിടക്കുന്ന മേലങ്കിയും അതിനുമുകളിലായി മേൽവസ്ത്രവുമായിരുന്നു അമ്മയുടെ വേഷം. മുത്തുകൾ പതിച്ച വെളുത്ത അങ്കിയായിരുന്നു അത്. സ്വർണനിറത്തിലുള്ള ഏപ്രണുമുണ്ടായിരുന്നു. റോസാപ്പൂവും വെളുത്തഷൂസും ധരിച്ച അമ്മയുടെ കഴുത്തിൽ, ചെറിയൊരു ചങ്ങലയിൽ കുരിശുരൂപവുമുണ്ടായിരുന്നു.

പത്താമത്തെ ആളോട് അതു പറഞ്ഞുകഴിഞ്ഞപ്പോഴേക്കും തന്റെ മനസിലെ ഭയത്തിന്റെ അവസാനത്തെ കണികയും അലിഞ്ഞില്ലാതാകുന്നതുപോലെ അവനു തോന്നി. ആത്മവിശ്വാസത്തോടെ അവൻ ഗുരുവിന്റെ അടുക്കൽ വീണ്ടുമെത്തി. ഗുരു അപ്പോൾ പറഞ്ഞു: 'ഏതു ഭയത്തെയും കീഴടക്കാനുള്ള ആദ്യത്തെ മാർഗം, അങ്ങനെയൊരു ഭയം തനിക്കുണ്ട് എന്നു തുറന്നുസമ്മതിക്കുകയാണ്. അക്കാര്യം സമ്മതിക്കാത്ത കാലത്തോളം നാമതിനെ അടിച്ചമർത്തും. ഫലമോ, നമുക്കൊരിക്കലും ആ ഭയത്തിൽനിന്ന് പുറത്തുകടക്കാൻ കഴിയാതെ വരും. ഭയമുണ്ടെന്നു തുറന്നുസമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് അതിനെ മറികടക്കാനുള്ള മാർഗം നാം അന്വേഷിക്കുന്നത്. നീയിപ്പോൾ ഭയത്തെ കീഴടക്കിയിരിക്കുന്നു. ഇനി വിജയിക്കാനുള്ള വഴികൾ നീ അന്വേഷിക്കുക.

പലപ്പോഴും ഉള്ളിലെ ഭയവും ആളുകളുടെ പ്രതികരണങ്ങളുമാണ് നമ്മെ പിന്നോട്ടുവലിക്കുന്നത്. ഭയത്തെ ഇല്ലാതാക്കുകയും, ആളുകളുടെ അഭിപ്രായങ്ങൾ കൊള്ളേണ്ടവിധത്തിൽ മാത്രം കൊള്ളുകയും, തള്ളേണ്ടവിധത്തിൽ തള്ളുകയും ചെയ്താൽ നാം വിജയിക്കുക തന്നെ ചെയ്യും.

ചെയ്യാൻ ഭയക്കുന്നതെന്തോ അതാദ്യം ചെയ്യുക. ജീവിതത്തിൽ വിജയിക്കാനും ആഗ്രഹിച്ചവ സ്വന്തമാക്കാനുമുള്ള ഏറ്റവും ആദ്യത്തെ മാർഗം അതാണ്. പേടിച്ചാൽ ഒളിക്കാൻ കാടില്ല എന്നാണല്ലോ പഴമൊഴി. പല വിജയങ്ങളും നമ്മുടെ കൈപ്പിടിയിൽ എത്താതെപോകുന്നതിന് കാരണം കഴിവിന്റെ കുറവല്ല, നമ്മുടെ ഭയമാണ്. എനിക്കതു ചെയ്യാൻ കഴിയുമോ, ചെയ്താൽ ശരിയാകുമോ എന്ന ഭയം.

ആത്മവിശ്വാസക്കുറവും ഭയവും തമ്മിൽ ബന്ധമുണ്ട്. ആത്മവിശ്വാസമില്ലാത്തവർ ഭീരുക്കളുമായിരിക്കും. ഓരോ കാലത്തും സന്ദർഭാനുസൃതം നമുക്കു പല ആഗ്രഹങ്ങളും പ്രതീക്ഷകളുമുണ്ടാവുക സ്വാഭാവികമാണ്. അവ സ്വന്തമാക്കുന്നതിന് തടസമായി നില്ക്കുന്നതോ, നമ്മുടെ തന്നെ ഭയങ്ങളും. അതുകൊണ്ട് അവയെ നേരിടുക, ഇല്ലാതാക്കുക. ഭയത്തെ ആരോഗ്യകരമായി അഭിസംബോധന ചെയ്തുകഴിയുമ്പോൾ ഭയം നമ്മുടെ ചവിട്ടടിയിലായിക്കൊള്ളും.

പ്രാർഥന, പരിത്യാഗം, തീക്ഷ്ണത എന്നീ മൂന്നുകാര്യങ്ങളാണ് മാതാവ് കുട്ടികളോടു പറഞ്ഞത്. പാറക്കല്ലിൽനിന്ന് എഴുന്നേറ്റു വന്ന് തന്റെ അരികിലേക്കു ചേർത്തുനിർത്തിയ സൂര്യപ്രഭപോലെയുള്ള ആ സ്ത്രീയുടെ സാമീപ്യം സ്വർഗസമാനമായിരുന്നുവെന്ന് കുട്ടികൾ പിന്നിടു സാക്ഷ്യപ്പെടുത്തി. പക്ഷേ അപ്പോഴും അത് മാതാവാണെന്ന് അവർ തിരിച്ചറിഞ്ഞില്ല. ഏതോ വിശുദ്ധയാണെന്നു മാത്രമേ അവർ കരുതിയുള്ളൂ. പിന്നീട് മറ്റുള്ളവർ പറഞ്ഞാണ്, തങ്ങൾക്കു ദർശനം തന്നത് മാതാവായിരുന്നെന്ന് അവർ തിരിച്ചറിഞ്ഞത്.

മാതാവ് രണ്ടുപേരോടുമായി ഓരോരോ സന്ദേശങ്ങൾ പറഞ്ഞിരുന്നു. പക്ഷേ രണ്ടുപേർക്കും അതു പരസ്പരം അറിയുമായിരുന്നില്ല. മാതാവ് പ്രത്യക്ഷപ്പെട്ട വിവരം അറിഞ്ഞതു മുതൽ അതേക്കുറിച്ച് പലതരത്തിലുള്ള അഭിപ്രായങ്ങളും സംശയങ്ങളും ഉയർന്നുവന്നു. സഭ അതേക്കുറിച്ച് അന്നുമുതൽ പഠിച്ചുതുടങ്ങുകയും ചെയ്തു. എങ്കിലും 1951 സെപ്റ്റംബർ 19നാണ് ഇതേക്കുറിച്ചുള്ള ഔദ്യോഗിക സ്ഥിരീകരണം രൂപതാതലത്തിൽ വന്നത്. മാക്സിമിൻ 40 വയസായപ്പോൾ മരണമടഞ്ഞു; മെലനിയാവട്ടെ, ഒരു കന്യാസ്ത്രീയായതിനു ശേഷം 1904ലും.

1879ൽ ലാസലെറ്റ് ദർശനങ്ങളെക്കുറിച്ച് മെലനി ഒരു പുസ്തകമെഴുതി പ്രസിദ്ധീകരിച്ചിരുന്നു. മാതാവ് നല്കിയ രഹസ്യം അവർ ഇതുവരെയും പരസ്യമാക്കിയിട്ടില്ല എന്നാണ് വിശ്വസിക്കപ്പെടുന്നത്. 1951ൽ മാർപാപ്പയ്ക്കു നല്കിയ മൂന്നുപേജുള്ള ഒരു കത്തിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട് എന്നു വിശ്വസിക്കുന്നവരും ധാരാളം.

മാതാവ് പറഞ്ഞതുപോലെ, നാം വ്യക്തിപരമായി കൂടുതൽ പ്രാർഥിച്ചാൽ മാത്രം പോരാ, സഭയ്ക്കുവേണ്ടി കൂടുതൽ പ്രാർഥിക്കണം. ലാസലെറ്റ് മാതാവ് അതു നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ○

ഡോ. അശ്വിൻ ടോം

# നല്ല മാതാപിതാക്കളാണോ?

**എത്ര തിരക്കിലും മക്കളോടൊപ്പം സമയം ചെലവഴിക്കാനും അവരെ പരിഗണിക്കാനും കഴിയുമ്പോൾ മാത്രമേ നിങ്ങൾ നല്ല മാതാപിതാക്കളായി മാറുകയുള്ളൂ എന്ന കാര്യം മറക്കരുത്.**

മകന്റെ വികൃതിയും കുസൃതിയുംകൊണ്ട് പൊറുതിമുട്ടിയ ഒരു അപ്പന്റെ കഥ പറയാം. മകന് പഠിക്കാൻ തെല്ലും താത്പര്യമില്ല. കളിയാണ് അവന്റെ മനസു നിറയെ. അതും ക്രിക്കറ്റ്. ഇങ്ങനെ ക്രിക്കറ്റു കളിച്ചുനടന്നാൽ നാളെ മകൻ എവിടെയെങ്കിലും എത്തിച്ചേരുമോയെന്ന് അപ്പന് ആശങ്ക. പഠിക്കാതെ കളികൊണ്ടുമാത്രം നടന്നാൽ എന്തു വിശേഷം? ഒരു ദിവസം അപ്പൻ മകനെ വിളിച്ച് ഇങ്ങനെ പറഞ്ഞു: "ക്രിക്കറ്റു കളിക്കാരനാകാനാണ് നിനക്കു താത്പര്യമെങ്കിൽ അതു സാധിച്ചുതരാൻ



ഏതറ്റം വരെയും ഞാൻ നിന്റെ കൂടെയുണ്ടാവും. പക്ഷേ, നല്ല ക്രിക്കറ്റർ എന്നു നീ അറിയപ്പെടുന്നതിനേക്കാൾ അച്ഛനെന്ന നിലയിൽ ഞാൻ ഇഷ്ടപ്പെടുന്നത് നീ നല്ലൊരു മനുഷ്യനാണ് എന്ന് അറിയപ്പെടാനാണ്."

അച്ഛന്റെ ഈ വാക്കുകൾ മകനെ ആഴത്തിൽ സ്വാധീനിച്ചു. ഈ മകൻ പിന്നീട് ക്രിക്കറ്റർ എന്ന നിലയിലും നല്ല മനുഷ്യൻ എന്ന നിലയിലും ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചു. അയാളുടെ പേരത്രെ സച്ചിൻ തെണ്ടുൽക്കർ.

മാതാപിതാക്കളുടെ പ്രോത്സാഹജന

**മാതാപിതാക്കളുടെ പ്രോത്സാഹജനകമായ വാക്കുകളും മക്കൾക്കു നല്കുന്ന പിന്തുണയും ഒരേ സമയം അവരെ നല്ല വ്യക്തികളാക്കും.**

കമായ വാക്കുകളും മക്കൾക്കു നല്കുന്ന പിന്തുണയും ഒരേ സമയം അവരെ നല്ല വ്യക്തികളാക്കും; കഴിവുകൾ തേച്ചു മിനുക്കിയെടുക്കാൻ അവർക്കു സഹായകമാകുകയും ചെയ്യും. പേരന്റിംഗ് എന്ന മഹത്തായ ദൗത്യത്തിൽ പരാജയപ്പെടുന്ന മാതാപിതാക്കളെ നോക്കുക. നിരന്തരം പരിഭവങ്ങളും കുറ്റപ്പെടുത്തലുകളുമായി അവർ മക്കൾക്കു പിന്നാലെ കാണും. നല്ലവരും കഴിവുറ്റവരുമായി മാറാൻ സാധ്യതയുള്ള കുഞ്ഞുങ്ങളാണ് ഇങ്ങനെ അകാലത്ത് മുരടിച്ചുപോകുന്നത്. ഒരാൾ നല്ലതോ ദുഷിച്ചതോ ആയി മാറുന്നത്, കുട്ടിക്കാലം അയാൾക്കു നല്കിയ അനുഭവങ്ങളുടെ പിൻബലത്തിലാണ്. അതുകൊണ്ടുതന്നെയല്ലേ, വഴിതെറ്റിപ്പോയവരെ ഉദാഹരിക്കാൻ ഇപ്പോഴും ഹിറ്റ്ലറെ കടമെടുക്കേണ്ടിവരുന്നത്.

വിവിധതരം പേരന്റിംഗ് രീതികളുടെ ഉടമകളായിരിക്കുമല്ലോ മാതാപിതാക്കൾ. അവരുടെ പേരന്റിംഗ് ഏതു രീതിയിലാണോ

## പേരന്റിംഗ് മക്കളിലേല്പിക്കുന്ന മാറ്റങ്ങൾ

*ചില കുട്ടികൾ തുടർച്ചയായി കളവ് പറയുന്നവരായിരിക്കും. വേറെ ചിലർ ആത്മവിശ്വാസമില്ലാത്തവരും. ചിലരുടെ കൗമാരകാലം മാതാപിതാക്കളോടുള്ള നിരന്തരമായ പോരാട്ടത്തിന്റേതായിരിക്കും. നാടുവിട്ടുപോകുന്നതുൾപ്പെടെയുള്ള പല കാര്യങ്ങളും അവർ ചെയ്തെന്നുമിരിക്കും. കർക്കശ സ്വഭാവക്കാരായ മാതാപിതാക്കളുടെ മക്കളിലാണ് ഈ പ്രവണതകൾ പൊതുവേ കണ്ടുവരുന്നത്.*

*ആത്മനിയന്ത്രണമില്ലാത്ത ചില കുട്ടികളെ കണ്ടിട്ടില്ലേ. അവർക്ക് ഒരാഗ്രഹവും അടക്കിവെക്കാനാവില്ല. ചോദിക്കുന്നതെല്ലാം അവർക്ക് അപ്പോൾതന്നെ കിട്ടിയിരിക്കണം. മറ്റുള്ളവരെ പരിഗണിക്കാനോ അവരെ സഹായിക്കാനോ വിമുഖതയുള്ളവർ. മാതാപിതാക്കളുടെ അമിതലാളന ഒരു കാരണമാവാം.*

*മറ്റുള്ളവരെ അമിതമായി ആശ്രയിക്കാത്തവരും, മാനസികാരോഗ്യവും വൈകാരികപക്വതയും ഉള്ളവരുമായിരിക്കും ഉത്തമരക്ഷിതാക്കളുടെ മക്കൾ. ജീവിതത്തിൽ വിജയിക്കുന്നത് അവരാണ്. അവർ സന്തോഷമുള്ളവരും നേട്ടങ്ങൾ കൈവരിക്കാൻ കഴിവുള്ളവരുമായിരിക്കും. മാതാപിതാക്കളിൽ ഒരാളെങ്കിലും ഉത്തമരക്ഷകർത്താവാണെങ്കിൽ അവരുടെ മക്കൾ സദ്ഗുണങ്ങളുള്ളവരായി വളരുമെന്ന് ഉറപ്പാണ്.*



ബ്യൂട്ടി ടിപ്സ് BEAUTY TIPS

അനഘ ആനി

## ചർമം ചുളിയുന്നുവോ?

ചർമം കണ്ടാൽ പ്രായം തോന്നുകയില്ല എന്ന പരസ്യവാചകം കേൾക്കാത്തവർ കാണില്ല. ചർമവും പ്രായവും തമ്മിൽ ബന്ധമുണ്ട്. പ്രായംചെല്ലുമ്പോൾ ശരീരത്തിൽ ചുളിവുകൾ പ്രത്യക്ഷപ്പെടുക തികച്ചും സ്വാഭാവികം. കണ്ണിനുചുറ്റും വശങ്ങളിലും കഴുത്തിലുമൊക്കെയാണ് ഇത്തരം ചുളിവുകൾ ആദ്യം പ്രത്യക്ഷപ്പെടുന്നത്. പ്രായത്തിനു പുറമെ മാനസികപിരിമുറുക്കവും സ്ട്രെസും ചർമംചുളിയാൻ കാരണമാകാം. അകാലത്തിലെ ചുളിവുകൾക്ക് ഒരുപക്ഷേ ഇതാവാം കാരണം. മറ്റു ചില കാരണങ്ങളുമുണ്ട്. ദീർഘനേരം ഉറക്കമിളയ്ക്കുന്നതും ദീർഘസമയം സൂര്യപ്രകാശമേല്ക്കുന്നതുമാണ് അവയിൽ പ്രധാനം. രാത്രി ഒരു മണിമുതൽ മൂന്നുമണി വരെ ഗാഢനിദ്ര ലഭിക്കുന്നവരുടെ ചർമത്തിൽ ചുളിവുകൾ നന്നേ കുറവായിരിക്കും. ചർമം പുനരുജ്ജീവിക്കുന്ന സമയമാണിത്.

ചർമത്തിലെ ചുളിവുകൾ പരിഹരിക്കാൻ മാർഗങ്ങളുണ്ടോ? ഉണ്ട്.

* ശുദ്ധമായ ആവണക്കെണ്ണ ഉപയോഗിച്ച് കണ്ണുകളുടെ അടിയിലും വശങ്ങളിലും മസാജ് ചെയ്യുക. ഒരു മണിക്കൂറിനുശേഷം തണുത്ത വെള്ളമുപയോഗിച്ച് മുഖം കഴുകുക.
* നാരങ്ങാനീര് തുല്യ അളവിൽ വെള്ളം ചേർത്ത് കണ്ണുകൾക്കടിയിൽ പുരട്ടുക.
* പൈനാപ്പിൾ നീരുകൊണ്ട് മുഖം മസാജ് ചെയ്യുക.
* വൈറ്റമിൻ ഇ അടങ്ങിയ ഭക്ഷ്യവസ്തുക്കളും ക്രീമും ഉപയോഗിക്കുക.
* പാതിപഴുത്ത വാഴപ്പഴം നന്നായി ഉടച്ച് ക്രീംപരുവത്തിലാക്കി മുഖത്തിന്റെ താഴെ നിന്നു മുകളിലോട്ട് എന്ന ക്രമത്തിൽ നന്നായി തേച്ചുപിടിപ്പിക്കുക. കഴുത്തിലും കണ്ണുകൾക്കു ചുറ്റും ഇത് സാവധാനം തേച്ചുപിടിപ്പിക്കാം. അരമണിക്കൂർ കഴിഞ്ഞ് ഇളംചൂടുള്ള വെള്ളത്തിൽ മുഖം കഴുകുക.

അതനുസരിച്ചായിരിക്കും മക്കളുടെ വ്യക്തിത്വം രൂപപ്പെടുന്നത്. ഏതാനും ചില രീതികളെക്കുറിച്ചു പറയാം.

**അഥോറിറ്റേറിയൻ പേരന്റിംഗ്**

പേരു സൂചിപ്പിക്കുന്നതുപോലെ ഇക്കൂട്ടർ കർക്കശക്കാരാണ്. ഇത്തരക്കാരെ tiger parenting എന്നും വിളിക്കാറുണ്ട്. മക്കളുടെമേൽ അവരുടെ അനുവാദമോ സമ്മതമോ ഇല്ലാതെ തീരുമാനങ്ങൾ നടപ്പിലാക്കും; സ്വന്തം ഇഷ്ടങ്ങൾ അടിച്ചേല്പിക്കും. മക്കളുടെ കൊച്ചുകൊച്ചു കാര്യങ്ങൾ തുടങ്ങി തീർത്തും വ്യക്തിപരമായ കാര്യങ്ങൾ വരെ തീരുമാനിക്കുന്നത് മാതാപിതാക്കളാണ്. മക്കൾ തങ്ങളെ ചോദ്യം ചെയ്യാൻ പാടില്ലെന്നാണ് അവരുടെ ആഗ്രഹം. ചെയ്യുന്നതെല്ലാം മക്കളുടെ നന്മയ്ക്കാണെന്ന ന്യായവാദം ഇവർ ഉയർത്തിക്കൊണ്ടേയിരിക്കും.

**ജെല്ലിഫിഷ് പേരന്റിംഗ്**

മുകളിൽ പറഞ്ഞതിന്റെ നേർവിപരീതമാണ് ഇത്. മക്കളുടെ മേൽ യാതൊരു നിയന്ത്രണവുമില്ല.



## ചിക്കൻ കേക്ക്

ഫുഡ് കോർണർ
ആനി മാത്യു

പലതരം കേക്കുകൾ കഴിച്ചിട്ടുണ്ട്. പക്ഷേ ചിക്കൻ കേക്ക് കഴിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നുതന്നെ ചിക്കൻ കേക്ക് ഈവനിംഗ് സ്നാക്സായി കഴിക്കാം. വേണ്ട ചേരുവകളും ഉണ്ടാക്കേണ്ട വിധവും:



**ചേരുവകൾ**

ചിക്കൻ വേവിച്ചത് - ഒരു കപ്പ്
മുട്ട - നാലെണ്ണം
വെണ്ണ - ഒരു ടേബിൾ സ്പൂൺ
എണ്ണ - ഒരു ടേബിൾ സ്പൂൺ
സവാള വഴറ്റിയത് - ഒരു ടേബിൾ സ്പൂൺ
വെളുത്തുള്ളി, ഇഞ്ചി - ഒരു ടേബിൾ സ്പൂൺ
ഉപ്പ് - ഒന്നര ടീസ്പൂൺ
മുളകുപൊടി - കാൽ ടീസ്പൂൺ
ഗരം മസാലപ്പൊടി - കാൽ ടീസ്പൂൺ
ബ്രഡ് സ്ലൈസ് - നാലഞ്ചെണ്ണം
ചില്ലി - ഒരു ടേബിൾ സ്പൂൺ
ടൊമാറ്റോ സോസ് - ഒരു ടേബിൾ സ്പൂൺ
മല്ലിയില അരിഞ്ഞത് - ഒരു ടേബിൾ സ്പൂൺ

**തയാറാക്കുന്ന വിധം**

ഒരു പാനിൽ എണ്ണ ചൂടാക്കുക. സവാള, മസാല, ഉപ്പ് എന്നിവ ചിക്കനിൽ ചേർത്ത് നന്നായി ഇളക്കുക. ഇത് തണുക്കാൻ വെക്കണം. ഒരു ബേക്കിംഗ് ട്രേയിൽ അല്പം വെണ്ണ പുരട്ടുക. അതിനുമീതെ മൂന്നു ബ്രഡ് സ്ലൈസ് വെക്കുക. വെണ്ണ, മുട്ട പതപ്പിച്ചത്, രണ്ടുതരം സോസ്, മല്ലിയില, ചിക്കൻ, രണ്ട് ബ്രഡ് സ്ലൈസ് പൊടിച്ചത് ഇവയെല്ലാം ഒരു മിക്സറിലിട്ട് തരിതരിയായി പൊടിച്ചെടുക്കുക. ഈ മിശ്രിതം ബേക്കിംഗ് ട്രേയിലുള്ള ബ്രഡ് സ്ലൈസിൽ പരത്തണം. തുടർന്ന് 200 ഡിഗ്രി സെന്റിഗ്രേഡിൽ നേരത്തെ ചൂടാക്കി വെച്ചിരിക്കുന്ന ഓവനിൽ വെച്ച് ബേക്ക് ചെയ്യണം. ചിക്കൻ കേക്ക് റെഡി.

അവരുടെ ഒരു കാര്യത്തിലും ഇടപെടാതെ ജീവിക്കുന്ന മാതാപിതാക്കളായി കഴിയാനാണ് ഇവർക്കിഷ്ടം.

**നെഗ്ലറ്റ്ഫുൾ പേരന്റിംഗ്**

മക്കളുടെ വൈകാരികാവശ്യങ്ങളെ അവഗണിക്കുകയും, അടിസ്ഥാനാവശ്യങ്ങൾ മാത്രം നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നവരാണ് ഇക്കൂട്ടർ. ടിവി കാണാനോ മൊബൈൽ ഉപയോഗിക്കാനോ വിലക്കുകളൊന്നുമില്ലെന്നു മാത്രമല്ല, യഥേഷ്ടം സമയം അതിന് അനുവദിക്കുകയും ചെയ്യും. പക്ഷേ, കുട്ടികളുമൊത്ത് കൂടുതൽ സമയം ചെലവഴിക്കാൻ ഇവർക്കു താത്പര്യമില്ല.

**ഡോൾഫിൻ പേരന്റിംഗ്**

ഉത്തമരക്ഷിതാക്കൾ എന്നാണ് ഇവരെ വിളിക്കുന്നത്. ഒരേ സമയം ഉറച്ചതും എന്നാൽ വഴക്കമുള്ളതുമായ പേരന്റിംഗ് രീതിയാണിത്. അരുതുകളും വിലക്കുകളും ഉണ്ടെങ്കിലും, കുട്ടികളുടെ സ്വാഭാവികതയെയും സ്വാതന്ത്ര്യത്തെയും ഇവർ മാനിക്കുന്നു. തങ്ങളുടെ പ്രതീക്ഷകൾ സാധിച്ചുതരേണ്ടവരായി മക്കളെ കാണുന്നില്ല. പ്രതീക്ഷകൾ സഫലീകരിക്കാൻ കഴിയാതെ വരുമ്പോൾ കുട്ടികളെ ശിക്ഷിക്കാനും തുനിയില്ല. പകരം അവരെ സംരക്ഷിക്കുന്നവരായി ഇവർ തുടരും. ശിക്ഷയല്ല, ശിക്ഷണരീതികളോടാണ് ഇവർക്കിഷ്ടം.

ഇതിലേതു ശൈലിയാണ് നിങ്ങളുടേത്? എത്ര തിരക്കിലും മക്കളോടൊപ്പം സമയം ചെലവഴിക്കാനും അവരെ പരിഗണിക്കാനും കഴിയുമ്പോൾ മാത്രമേ നിങ്ങൾ നല്ല മാതാപിതാക്കളായി മാറുകയുള്ളു എന്ന കാര്യം മറക്കരുത്. ○

ജോസഫ് സെബാസ്റ്റ്യൻ

# കുറവും നിറവും

**ദൈവം തെരഞ്ഞെടുത്ത എല്ലാ മനുഷ്യരും കുറവുകളുള്ളവരായിരുന്നു. ഒരുപക്ഷേ നമ്മേക്കാൾ കൂടുതൽ കുറവുകളുള്ളവർ.**



വ്യക്തിത്വത്തിന്റെ ദുർബലതയ്ക്കപ്പുറം വില കുറഞ്ഞവരായി നമുക്ക് സ്വയം തോന്നുന്നുണ്ടെങ്കിൽ അതിനു കാരണം ഒന്നേയുള്ളൂ; സാത്താൻ. അവനാണ് നമ്മെ അപകർഷതയിലേക്കും ആത്മനിന്ദയിലേക്കും കുറ്റബോധത്തിലേക്കും തള്ളിയിട്ടുകൊണ്ടിരിക്കുന്നത്. എപ്പോഴും അപകർഷതയുടെ ഭാണ്ഡം ചുമന്നാണ് ജീവിക്കുന്നതെങ്കിൽ, സാത്താനാണ് അയാളുടെ ജീവിതത്തെ നിയന്ത്രിക്കുന്നതെന്ന് ഉറപ്പാണ്.

നീ കഴിവില്ലാത്തവൻ,
നീ പാപി,
നീ വൃത്തികെട്ടവൻ...

ഇങ്ങനെ നിരന്തരം സാത്താൻ നമ്മോട് ഉള്ളിലിരുന്നു മന്ത്രിച്ചേക്കാം. നാമതിന് ചെവികൊടുക്കുമ്പോൾ സാത്താന് കൂടുതൽ ഉത്സാഹമാകും. നമ്മൾ സന്തോഷിക്കുന്നതോ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതോ സാത്താനിഷ്ടമില്ലല്ലോ. നിഷേധാത്മകചിന്തകൾ ഓരോന്നായി ഇട്ടുതന്ന് സാത്താൻ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനു കാരണം അതുതന്നെ. ഫലമോ, ഓരോ ദിവസം കഴിയുംതോറും ആത്മനിന്ദയിൽ നാം ചുരുണ്ടുകൂടുന്നു. അപകർഷതയുടെ ചുഴിയിൽ വട്ടം കറങ്ങുന്നു. ഒട്ടും സന്തോഷമില്ലാത്തവരായി മാറുന്നു.

ശരിയാണ്, എന്തുമാത്രം കുറവുകളുള്ള വ്യക്തിയാണ് ഞാൻ. എനിക്കു മാത്രം അറിയാവുന്ന എന്തെല്ലാം ബലഹീനതകളും ദൗർബല്യങ്ങളും പാപപ്രവണതകളും എനിക്കുണ്ട്. അങ്ങനെയുള്ള എനിക്ക് എങ്ങനെ ദൈവത്തെക്കുറിച്ചു സംസാരിക്കാൻ കഴിയും? പ്രസംഗിക്കാനും എഴുതാനും കഴിയും? അതൊക്കെ വിശുദ്ധജീവിതം നയിക്കുന്നവർക്കു മാത്രമുള്ളതല്ലേ. ഇങ്ങനെ ചില വിചാരങ്ങൾ സ്ഥിരം തലയിൽ കയറുകയും കൂടുകൂട്ടുകയും ചെയ്തിരിക്കുന്ന ആളുകൾ സാവധാനം ദൈവശുശ്രൂഷയിൽ നിന്ന് അകന്നുപോകും. ക്രമേണ ആത്മനിന്ദയിൽ കോർത്ത്, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം പാപജീവിതം നയിക്കും. ഒടുവിൽ തകർന്നുതരിപ്പണമാവുകയും ചെയ്യും.

സാത്താൻ ഒരിക്കലും നമ്മുടെ കഴിവുകളെപ്രതി അഭിനന്ദിക്കുകയില്ല. ആത്മവിശ്വാസത്തോടെ ജീവിക്കാൻ സഹായിക്കുകയുമില്ല. അതിനുവേണ്ടിയാണ് നമ്മുടെ പാപങ്ങളെ അവനെപ്പോഴും പെരുപ്പിച്ചുകാണിക്കുന്നത്; കുറവുകളെ എടുത്തുകാണിക്കുന്നത്. ദൈവം നമ്മുടെ ഉള്ളിൽ വെളിച്ചം കൊളുത്തിവെച്ചിട്ടുണ്ട്. നമുക്കും മറ്റുള്ളവർക്കും ഉപകാരപ്പെടുന്ന വിധത്തിലാണ് അത്. ആ വെളിച്ചത്തെ അണയ്ക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. അതിനായാണ് അവൻ നിരന്തരം ഓരോ മാർഗങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്.

ഇത്തരമൊരു സാഹചര്യത്തിലൂടെ കടന്നുപോകുന്നവരെല്ലാം അറിയേണ്ട ഒരു കാര്യമുണ്ട്. ദൈവം തെരഞ്ഞെടുത്ത എല്ലാ മനുഷ്യരും കുറവുകളുള്ളവരായിരുന്നു. ഒരുപക്ഷേ നമ്മേക്കാൾ കൂടുതൽ കുറവുകളുള്ളവർ. എന്നിട്ടും അവരെ മഹത്തായ

കാര്യങ്ങൾക്കായി ദൈവം നിയോഗിച്ചു. അവരുടെ കുറവുകളെല്ലാം പരിഹരിച്ചതിനു ശേഷമായിരുന്നില്ല ദൈവത്തിന്റെ തെരഞ്ഞെടുപ്പ്. പകരം, എല്ലാ കുറവുകളോടെയുമായിരുന്നു. ചില ഉദാഹരണങ്ങൾ ഇക്കാര്യം കൂടുതൽ വ്യക്തമാക്കും.

നോഹ മദ്യപാനിയായിരുന്നു. മദ്യപിച്ചു മദോന്മത്തനായതിനെ തുടർന്ന് അയാളുടെ ജീവിതത്തിൽ സംഭവിച്ച അപചയങ്ങൾ നമുക്കറിയാം. ആ നോഹയെയാണ് പ്രളയകാലത്ത് ദൈവം എല്ലാവിധ മുന്നറിയിപ്പുകളും നല്കി സുരക്ഷിതതീരത്തെത്തിക്കുന്നത്.

കൊലപാതകം ചെയ്ത മോശയെ ഇസ്രായേൽ ജനതയുടെ നേതാവായി ദൈവം തെരഞ്ഞെടുക്കുന്നു. മോശ വിക്കനുമായിരുന്നു. ശാരീരികമായും ആത്മീയമായുമുള്ള ഈ കുറവുകൾ മോശയെ ഉപയോഗിക്കുന്നതിൽനിന്ന് ദൈവത്തെ പിന്തിരിപ്പിച്ചില്ല. ദൈവം മോശയോട് മുഖാഭിമുഖം സംസാരിക്കുന്നുപോലുമുണ്ട്. അതൊക്കെയറിയുമ്പോഴേ ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ സൗന്ദര്യവും തീരുമാനത്തിലെ മഹത്വവും നമുക്കു മനസിലാക്കാനാവൂ.

ലോകത്ത് ആദ്യത്തെ ഫാൻസിഡ്രസ് മത്സരം നടത്തിയ വ്യക്തിയാണ് യാക്കോബ്. കള്ളത്തരവും കൃത്രിമത്വവും കാട്ടിയവൻ. എന്നിട്ടും, പുതിയൊരു ദേശത്തിന്റെയും ജനതയുടെയും സംസ്കാരപാത ദൈവം വെട്ടിത്തുറന്നത് അയാളിലൂടെയാണ്. യാക്കോബിന്റെ കാപട്യങ്ങളുടെയും സ്വാർഥതയുടെയും പേരിൽ ദൈവം അയാളെ വെറുക്കുകയോ ശപിക്കുകയോ ചെയ്യുന്നില്ല. യാക്കോബിനെ ദൈവം സമർഥമായി ഉപയോഗിക്കുകയാണ്.

വ്യഭിചാരിയും കൊലപാതകിയുമായിരുന്നു ദാവീദ്. എന്നിട്ടും ദൈവം അയാളെ വിശേഷിപ്പിക്കുന്നത്, എന്റെ ഹൃദയത്തിന് ഇണങ്ങിയവൻ എന്നാണ്. ദാവീദിന്റെയുള്ളിലെ പാപാഭിമുഖ്യംമൂലം ദൈവം അയാളിൽനിന്ന് മുഖം തിരിക്കുന്നില്ല. സോളമനും പിതാവിന്റെ വഴിയെ ചരിച്ചവനായിരുന്നു. പക്ഷേ തിരുവചനത്താളുകളിലെ ഏക ജ്ഞാനി അയാളാണ്. എവിടെ നിന്നുകിട്ടി ആ ജ്ഞാനം? ദൈവം നല്കി.

പത്രോസ് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവനായിരുന്നു. അവസരവാദി. സ്ഥാനത്തിനും മാനത്തിനുമനുസരിച്ചു കസേരകളി നടത്തിയവൻ. എന്നിട്ടും ക്രിസ്തു അദേഹത്തെയാണ് സഭയുടെ താക്കോൽക്കൂട്ടം ഏല്പിക്കുന്നത്; തുറക്കാനും പൂട്ടാനുമുള്ള സർവവിധസ്വാതന്ത്ര്യത്തോടും കൂടി. നമ്മുടെ ബലഹീനതകളും പാപചായ്‌വുകളും കണക്കിലെടുക്കാതെയാണ് ദൈവം നമ്മെ ഉപയോഗിക്കുന്നത്. അത്തരമൊരു തിരിച്ചറിവുണ്ടാകുമ്പോഴേ, നമ്മൾ നടത്തുന്ന ദൈവശുശ്രൂഷ അഹങ്കാരലേശമില്ലാതെ നിർവഹിക്കാനാവൂ. എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഏറ്റവും വിനയത്തോടെ പറയാൻ കഴിയൂ. വിജയങ്ങൾക്കു പിന്നിൽ നമ്മുടെ കഴിവുകളല്ല, ദൈവത്തിന്റെ ശക്തിമാത്രമേയുള്ളൂ.

ദൈവം നമ്മുടെ കുറവുകൾ മനസിലാക്കുന്നുണ്ട്. ആത്മീയജീവിതത്തിൽ മാത്രമല്ല കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും പലതരത്തിലുള്ള കുറവുകൾ നമുക്കുണ്ടാകാം. നമ്മോടു ചേർന്നു നില്ക്കുന്നവർക്കും ഇത്തരം കുറവുകളുണ്ട്. നമ്മുടെയും മറ്റുള്ളവരുടെയും കുറവുകൾ മനസിലാക്കിയിട്ടുതന്നെയാണ് ദൈവം നമ്മെ കൂട്ടിയോജിപ്പിച്ചിരിക്കുന്നത്. ഈ വിചാരം ഇണയുടെ, സഹപ്രവർത്തകരുടെ കുറവുകൾക്കു മുമ്പിൽ സഹിഷ്ണുത പുലർത്താൻ നമുക്കു ബലംതരും.

ദൈവം നമ്മെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഏതെങ്കിലും കാര്യങ്ങൾക്കായ് അഭിഷേകം ചെയ്തിട്ടുണ്ടെങ്കിൽ - എഴുത്ത്, വചനപ്രഘോഷണം, ദൈവശുശ്രൂഷയുടെ ഇതരമാനങ്ങൾ - അതൊരിക്കലും നമ്മുടെ കഴിവുകളെ ഓർത്തല്ല, കുറവുകളെ മാനിച്ചാണെന്നു വിശ്വസിക്കുക. ദൈവം തരുന്ന ഒരേയൊരു ഉറപ്പ് ഇതാണ്: നിനക്ക് എന്റെ കൃപ മതി. ദൈവത്തിന്റെ കൃപയ്ക്കപ്പുറം നില്ക്കുന്ന മറ്റൊരു വരവുമില്ല. ഈ ആനുകൂല്യം പാപംചെയ്തു ദൈവത്തെ വേദനിപ്പിക്കാനുള്ള ലൈസൻസാണോ? ഒരിക്കലുമല്ല. ഓരോ നിമിഷവും നാം വിശുദ്ധീകരിക്കപ്പെടണം. ദൈവത്തിൽ എത്തുന്നതുവരെ വിശുദ്ധീകരണപ്രക്രിയ തുടരണം. ഉടഞ്ഞുപോകാവുന്ന മൺകുടങ്ങളിലാണല്ലോ ദൈവം അനുഗ്രഹങ്ങളുടെ നിധി ഒരുക്കിവെച്ചിരിക്കുന്നത്. ○







റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# കുടുംബവും ശിഷ്യത്വവും

**ഹൃദയകാഠിന്യത്തിൽ നിന്നുളവാകുന്ന മാനസാന്തര വൈമുഖ്യമാണ് പരിശുദ്ധാത്മാവിനെതിരായ പാപം.**

എല്ലാ ക്രൈസ്തവരും ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ക്രൈസ്തവകുടുംബങ്ങൾ ശിഷ്യത്വത്തിന്റെ പാതയിലൂടെയാണ് ചരിക്കേണ്ടത്. ശിഷ്യത്വത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തിയാൽ കുടുംബങ്ങളെ രണ്ടു ഗണങ്ങളായി തിരിക്കാം. ഒന്നാമത്തേത്, പൊള്ളയായ ശിഷ്യത്വം അവകാശപ്പെടുന്ന കുടുംബങ്ങൾ; രണ്ടാമത്തേത്, ആധികാരികതയുള്ള ശിഷ്യത്വത്തിന്റെ സരണിയിൽ ചരിക്കുന്ന കുടുംബങ്ങൾ. പൊള്ളയായ ശിഷ്യത്വം പിന്തുടരുന്ന കുടുംബങ്ങൾ നാമമാത്രക്രിസ്ത്യാനികളുടെ ഭവനങ്ങളായിരിക്കും. അവർ ക്രിസ്തീയപാരമ്പര്യത്തിൽ ഊറ്റംകൊള്ളും. ക്രിസ്തീയനാമങ്ങൾ സ്വീകരിക്കും. ക്രിസ്തീയാചാരങ്ങളും പെരുനാളുകളും തിരുനാളുകളും മറ്റു കർമങ്ങളും മോടിയായി നടത്തും. പക്ഷേ, ക്രിസ്തുവിന്റെ വചനമനുസരിച്ച് ജീവിക്കാൻ അവർ തയാറല്ല. ക്രിസ്തു ആവശ്യപ്പെടുന്ന ത്യാഗത്തിന്റെ ഇടുങ്ങിയ വഴിയേ ചരിക്കാതെ, ലോകഭോഗങ്ങളുടെ വിസ്തൃതമാർഗത്തിലൂടെ ചരിക്കാനാണ് അവർക്കിഷ്ടം. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ കാലഹരണപ്പെട്ടതായി അവർ കണക്കാക്കുന്നു. അവ പ്രാവർത്തികമാക്കാൻ പറ്റില്ല. ലോകത്തിൽ നേട്ടം കൊയ്യണമെങ്കിൽ ക്രിസ്തുവിനെ വിട്ട് ഭൗതികതയുടെ വഴിയെ ചരിക്കണം. എന്നാൽ, പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന അവർക്ക് ക്രിസ്തുവിന്റെ നാമവും ആചാരങ്ങളും ഉപേക്ഷിക്കാനാവില്ല. സമൂഹത്തിൽ സ്ഥാനം നിലനിർത്താനാണ് ഇവയൊക്കെ അവർ ഉപയോഗിക്കുന്നത്. അവരെയാണ് 'വെള്ളയടിച്ച കുഴിമാടങ്ങളേ' എന്ന് യേശു സംബോധന ചെയ്യുന്നത്.

രണ്ടാമത്തെ ഗണത്തിൽ ഉൾപ്പെട്ടവയാണ് ആധികാരികത(authenticity)യുള്ള കുടുംബങ്ങൾ. അവർ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ഇടുങ്ങിയ പാതയിലൂടെ ചരിക്കും. ക്രിസ്തുവിന്റെ പാതയിൽനിന്ന് കുതറി മാറാനുള്ള എല്ലാ പ്രലോഭനങ്ങളെയും ചെറുത്തു തോല്പിക്കും. നഷ്ടം സഹിച്ചും ക്രിസ്തുവിന്റെ മൂല്യങ്ങൾ മുറുകെപ്പിടിക്കും. ലോകദൃഷ്ട്യാ അവർ അവഹേളിതരായെന്നുവരാം. പക്ഷേ, ക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിൽ അവർ ആനന്ദംകൊള്ളും.

ഈ രണ്ടു ഗണങ്ങളിൽപ്പെട്ട കുടുംബങ്ങൾ തമ്മിലുള്ള സംഘർഷം നമ്മുടെ സമൂഹത്തിലുണ്ട്; സഭയിലുമുണ്ട്. പൊള്ളയായ ശിഷ്യത്വത്തിന്റെ പാതവിട്ട് ആധികാരിക ശിഷ്യത്വത്തിന്റെ പാത സ്വീകരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന തിരുവചനമാണ്, മർക്കോസിന്റെ സുവിശേഷം മൂന്നാം അധ്യായം 13 മുതൽ 35 വരെയുള്ള ഭാഗം. അവയെ അധികരിച്ചുള്ള വചനധ്യാനം ചുവടെ ചേർക്കുന്നു.





### ശിഷ്യത്വത്തെ കുറിക്കുന്ന വാക്കുകൾ

ശിഷ്യനെ കുറിക്കാൻ സുവിശേഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പദം 'മത്തേത്തേസ്' എന്നതാണ്. 'മന്താനോ' എന്ന ഗ്രീക്കു ക്രിയാപദത്തിൽനിന്ന് ഉത്ഭവിച്ച വാക്കാണിത്. 'പഠിക്കുക' എന്നാണിതിന് അർഥം. 'തൽമീദ്' എന്ന ഹീബ്രുപദത്തിന് ശിഷ്യൻ എന്ന അർഥമാണുള്ളത്. ഗുരുവിന്റെ കീഴിൽ ശിക്ഷണം നേടുന്നവർ എന്ന് വാച്യർഥം. യേശുവാകുന്ന ഏകഗുരുവിന്റെ കീഴിൽ പഠിക്കുകയും, പഠിക്കുന്നവ ജീവിതത്തിൽ പ്രാവർത്തികമാക്കി ജീവിക്കുകയും ചെയ്യുന്നവനാണ് ശിഷ്യൻ. മർക്കോസിന്റെ സുവിശേഷത്തിൽ 41 പ്രാവശ്യവും, മത്തായിയുടെ സുവിശേഷത്തിൽ 67 പ്രാവശ്യവും, ലൂക്കായുടെ സുവിശേഷത്തിൽ 34 പ്രാവശ്യവും, യോഹന്നാന്റെ സുവിശേഷത്തിൽ 74 പ്രാവശ്യവും 'മത്തേത്തേസ്' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഇതിൽനിന്ന് ഈ പദത്തിന് സുവിശേഷകർ നല്കുന്ന പ്രാധാന്യം വ്യക്തമാണല്ലോ.

'അക്കോളൂത്തെയിൻ' (akolouthein) എന്ന ഗ്രീക്കു ക്രിയാപദത്തിന് 'അനുഗമിക്കുക' എന്നർഥം. ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് ശിഷ്യൻ. ഈ പദം മത്തായി 25 പ്രാവശ്യവും, മർക്കോസ് 18 പ്രാവശ്യവും, ലൂക്കാ 17 പ്രാവശ്യവും, യോഹന്നാൻ 18 പ്രാവശ്യവും സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തുവുമായുള്ള അഭേദ്യബന്ധവും, ക്രിസ്തുവിന്റെ വചനം പാലിച്ചു ജീവിക്കാനുള്ള സന്നദ്ധതയും വെളിപ്പെടുത്തുന്ന പദമാണിത്. 'ദെവുത്തെ ഒപ്പീസോ' എന്നൊരു പദംകൂടി ശിഷ്യനെ കുറിക്കാൻ മർക്കോസ് ഉപയോഗിക്കുന്നുണ്ട് (മർക്കോ. 1:17,20; 4:19; 8:34). 'യേശുവിന്റെ പിന്നാലെ പോകുക' എന്നാണിതിനർഥം. യേശുവുമായുള്ള ഗാഢബന്ധത്തെ കുറിക്കുന്ന പദമാണിത്. ഈ മൂന്നു പദങ്ങളും ശിഷ്യത്വത്തിന്റെ അടിസ്ഥാന സവിശേഷതകൾ വെളിപ്പെടുത്തുന്നു: ശിഷ്യൻ ഗുരുവുമായി ഗാഢബന്ധം പുലർത്തുന്നവനാണ്; യേശുവാകുന്ന ഗുരുവിൽനിന്ന് നിരന്തരം പഠിക്കുന്നവനാണ്; പഠിക്കുന്നവ ജീവിതത്തിൽ പ്രായോഗികമാക്കുന്നവനാണ്; യേശുവിന്റെ പാഠശാലയിൽ ശിക്ഷണം നേടുന്നവനാണ്; യേശുവിന്റെ വചനങ്ങൾ പാലിക്കാനും അവിടുത്തെ പാതയിൽ ചരിക്കാനും സദാ സന്നദ്ധനാകുന്നവനാണ്; യേശുവിന് ജീവിതം സമർപ്പിച്ച വ്യക്തിയാണ്.

### പന്ത്രണ്ടു ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പ്

"പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ. 3:13-15).

> **ശിഷ്യത്വത്തിന്റെ കാഴ്ചപ്പാടിൽ കുടുംബങ്ങൾ രണ്ടു തരമുണ്ട്. ഒന്നാമത്തേത്, പൊള്ളയായ ശിഷ്യത്വം അവകാശപ്പെടുന്ന കുടുംബങ്ങൾ; രണ്ടാമത്തേത്, ആധികാരികതയുള്ള ശിഷ്യത്വത്തിന്റെ വഴിയേ ചരിക്കുന്ന കുടുംബങ്ങൾ.**

യേശു മലമുകളിലേക്കു കയറി, അവിടെവെച്ചാണ് ശിഷ്യരെ തെരഞ്ഞെടുക്കുന്നത്. പിതാവിന്റെ ഹിതം ആരായുന്നതിന് പ്രാർഥിക്കാൻ വേണ്ടിയാവണം അവിടുന്ന് മലമുകളിലേക്കു കയറിയത്. ദീർഘനേരം പ്രാർഥിച്ച് പിതാവിന്റെ തിരുവിഷ്ടം മനസിലാക്കിയശേഷമാണ് യേശു ശിഷ്യരെ തെരഞ്ഞെടുക്കുന്നതെന്നത് ശ്രദ്ധേയമാണ്. ശിഷ്യർ ഗുരുവിനെപ്പോലെ പ്രാർഥനയുടെ മനുഷ്യരാകണം. ലൂക്കായുടെ സുവിശേഷത്തിൽ ശിഷ്യരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യേശു രാത്രി മുഴുവൻ പ്രാർഥിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 6:12).

തനിക്കിഷ്ടമുള്ളവരെയാണ് യേശു തെരഞ്ഞെടുക്കുന്നത്. ഓരോ ക്രൈസ്തവകുടുംബവും യേശുവിന് ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടായ്മാസമൂഹമാണ്. അവിടുന്ന് കുടുംബത്തെ സ്നേഹിക്കുന്നു. മൂന്നു പ്രത്യേക കാര്യങ്ങൾക്കാണ് യേശു ശിഷ്യരെ തെരഞ്ഞെടുക്കുന്നത്.

**പ്രാർഥനയിലൂടെയും വചനധ്യാനത്തിലൂടെയും കൂദാശകളിലൂടെയും സ്നേഹപ്രവൃത്തികളിലൂടെയും യേശുവുമായുള്ള സജീവബന്ധം കാത്തുസൂക്ഷിക്കുന്ന കുടുംബങ്ങളാണ് ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ഭവനങ്ങൾ.**

1) തന്നോടുകൂടെ ആയിരിക്കുവാൻ: 'മെത്ത് അവുത്തു' എന്ന പ്രത്യേക ശൈലിയാണ് സുവിശേഷകൻ ഉപയോഗിക്കുന്നത്. യേശുവിനോടുകൂടെയായിരിക്കുക എന്നുവെച്ചാൽ യേശുവുമായി വ്യക്തിപരമായ ബന്ധം പുലർത്തി ജീവിക്കുക എന്നർഥം. യേശുവുമായുള്ള ഐക്യം, യേശുവിനെ പിഞ്ചെല്ലാനുള്ള സന്നദ്ധത, യേശുവിന്റെ വചനം പാലിച്ച് ജീവിക്കാനുള്ള തീരുമാനം, യേശുവിന്റെ ജീവിതത്തിൽ ഭാഗഭാക്കാകാനുള്ള ധീരത, യേശുവിനെ നിരന്തരം ശ്രവിക്കാനുള്ള തീക്ഷ്ണത, യേശുവുമായി പ്രാർഥനയിൽ ഒന്നാകാനുള്ള ആഗ്രഹം മുതലായവയെല്ലാം 'മെത്ത് അവുത്തു' (തന്നോടുകൂടെ ആയിരിക്കുക) എന്ന ശൈലിയിൽ ഉള്ളടങ്ങുന്നുണ്ട്. ക്രിസ്തീയകുടുംബങ്ങളുടെ ഐഡന്റിറ്റി അഥവാ തനതാത്മകത വെളിപ്പെടുത്തുന്നത് യേശുവിനോടുകൂടെ ആയിരിക്കുന്നതിലാണ്. യേശുവുമായുള്ള സജീവബന്ധം പ്രാർഥനയിലൂടെയും വചനധ്യാനത്തിലൂടെയും കൂദാശകളിലൂടെയും സ്നേഹപ്രവൃത്തികളിലൂടെയും കാത്തുസൂക്ഷിക്കുന്ന കുടുംബങ്ങളാണ് ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ഭവനങ്ങൾ.

2) പ്രസംഗിക്കാൻ അയയ്ക്കപ്പെടുന്നതിനാണ് ശിഷ്യർ തെരഞ്ഞെടുക്കപ്പെടുന്നത്. 'പ്രസംഗിക്കുക' എന്നതിനെ കുറിക്കാൻ 'കേറൂസോ' എന്ന ഗ്രീക്കു ക്രിയ ഉപയോഗിച്ചിരിക്കുന്നു. ഇത് വാചികമായ പ്രഘോഷണം മാത്രമല്ല, ജീവിതത്തിലൂടെയുള്ള സാക്ഷ്യമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. വാക്കും പ്രവൃത്തിയും വഴി കുടുംബം യേശുവിന് സാക്ഷ്യംവഹിക്കണം. കുടുംബത്തിലെ സ്നേഹവും ഐക്യവും ഉത്തരവാദിത്വബോധവും മൂല്യാധിഷ്ഠിത നിലപാടുകളും കണ്ട് മറ്റുള്ളവർ യേശുവിലേക്ക് ആകർഷിക്കപ്പെടണം. അതോടൊപ്പം സഭയുടെ സുവിശേഷപ്രചരണാർഥമുള്ള സകല സംരംഭങ്ങളിലും കുടുംബം സഹകരിക്കണം. ഇടവകയിൽ സജീവപങ്കാളിത്തം വഹിക്കുന്നതിലൂടെ ഇതു സാധിക്കും.

3) അധികാരപൂർവം പിശാചുക്കളെ ബഹിഷ്കരിക്കുക എന്നതാണ് ശിഷ്യന്റെ മൂന്നാമത്തെ ധർമം. 'എക്ബാള്ളോ' എന്ന ഗ്രീക്കുപദമാണ്


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 February | - 8,9,10 (Zion) | - Booking going on |
| | - 17,18,19 (Chry | - Booking going on |
| | - 24,25,26 (Zion) | - Booking going on |
| 2025 March | - 8,9,10 (Zion) | - Booking going on |
| | - 24,25,26 (Zion) | - Booking going on |
| 2025 April | - 7,8,9 (Zion) | - Booking going on |
| | 23,24,25 (Zion) | - Booking going on |
| | 28,29,30 (Zion) | - Booking going on |

*അന്വേഷണങ്ങൾക്ക്*
ഫോൺ - 0481 2424476 സമയം – 11 am to 5 pm

**പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം**
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
മാർച്ച് – 16,17,18,19
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ – 8086399023, 9495107045

'ബഹിഷ്കരിക്കുക' എന്നതിനെ കുറിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. എല്ലാ അടിമത്തങ്ങളിൽ നിന്നും മനുഷ്യരെ മോചിപ്പിക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാന പരമായ അർഥം. 'പിശാച്' മനുഷ്യനെ അടിമപ്പെടുത്തുന്ന എല്ലാ തിന്മകളുടെയും പ്രതീകമാണ്. ദാരിദ്ര്യം, രോഗം, ചൂഷണം, അന്ധവിശ്വാസങ്ങൾ, അനീതി, അധർമം, അഴിമതി, അക്രമം, ഭിന്നത, അജ്ഞത മുതലായവയെല്ലാം വിവിധ രൂപങ്ങളിലുള്ള അടിമത്തങ്ങളാണ്. യേശുവിന്റെ വെളിച്ചം അടിമത്തം നീക്കിക്കളയുന്നു; മനുഷ്യരെ യഥാർഥ സാഹോദര്യത്തിലും സ്നേഹത്തിലും ബന്ധിപ്പിക്കുന്നു. കുടുംബത്തിനുള്ളിലും സമൂഹത്തിലും രാഷ്ട്രത്തിലാകമാനവും ഈ വിമോചനത്തിന്റെ ശുശ്രൂഷ നിർവഹിക്കാൻ കുടുംബാംഗങ്ങൾക്കു കടമയുണ്ട്.

വചനം പ്രഘോഷിക്കുക, വിമോചന പ്രവർത്തനങ്ങൾ നടത്തുക എന്നിവ സഭയിലും സമൂഹത്തിലും കുടുംബം നിർവഹിക്കേണ്ട പ്രധാന ധർമങ്ങളാണ്. സുവിശേഷകനായ മർക്കോസ് പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകൾ രേഖപ്പെടുത്തുന്നുണ്ട്. ഈ ശ്ലീഹന്മാർ സഭയെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. ശ്ലീഹന്മാർക്കു ലഭിച്ച വിളി സഭയിലെ എല്ലാ വ്യക്തികൾക്കും ലഭിക്കുന്ന വിളിയുടെ പ്രാഗ്രൂപമാണ്. ആകയാൽ ഈ വിളിയിൽ ഉൾച്ചേർന്നിരിക്കുന്ന കടമകൾ ഏറ്റെടുത്ത് സഭയെ ചൈതന്യവത്താക്കുക എന്നത് ഓരോ ക്രിസ്തീയ കുടുംബത്തിന്റെയും ഉത്തരവാദിത്വമാകുന്നു.

## ശിഷ്യർ നേരിടുന്ന പ്രതിസന്ധികൾ

ശിഷ്യർ രണ്ട് പ്രധാന പ്രതിസന്ധികളാണ് നേരിടുന്നത്. ഒന്നാമത്തെ പ്രതിസന്ധി സ്വന്തക്കാരിൽനിന്നും ബന്ധുജനങ്ങളിൽനിന്നും; രണ്ടാമത്തെ പ്രതിസന്ധി എതിരാളികളിൽനിന്നും.



**കുടുംബത്തിലെ സ്നേഹവും ഐക്യവും ഉത്തരവാദിത്വബോധവും മൂല്യാധിഷ്ഠിത നിലപാടുകളും കണ്ട് മറ്റുള്ളവർ യേശുവിലേക്ക് ആകർഷിക്കപ്പെടണം.**

"അനന്തരം അവൻ ഒരു ഭവനത്തിൽ പ്രവേശിച്ചു. ജനങ്ങൾ വന്നുകൂടിക്കൊണ്ടിരുന്നു. തന്മൂലം ഭക്ഷണം കഴിക്കാൻപോലും അവർക്കു കഴിഞ്ഞില്ല. അവന്റെ സ്വന്തക്കാർ ഇതുകേട്ട് അവനെ പിടിച്ചുകൊണ്ടുപോകാൻ പുറപ്പെട്ടു. കാരണം, അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു എന്ന് അവർ കേട്ടിരുന്നു..." (മർക്കോ. 3:19-21).

'കായി എർക്കെത്തായി എയിസ് ഓയിക്കോസ്' (3 :20) എന്ന ഗ്രീക്കുവാക്യത്തെ 'അനന്തരം അവൻ ഒരു ഭവനത്തിൽ പ്രവേശിച്ചു' എന്നാണ് പി.ഒ.സി ബൈബിളിൽ വിവർത്തനം ചെയ്തിരിക്കുന്നത്. 'അവൻ ഭവനത്തിലേക്കു പോയി' എന്നാണ് ശരിയായ വിവർത്തനം. 'ഓയിക്കോസ്' എന്ന വാക്കിന് 'ഭവനം,' 'കുടുംബം' എന്നെല്ലാം അർഥമുണ്ട്. യേശു തന്റെ കുടുംബത്തിലേക്കു പോയി എന്നാണ് മനസിലാക്കേണ്ടത്. ഇവിടെ യേശുവിന്റെ കുടുംബം, താൻ തെരഞ്ഞെടുത്ത തന്റെ ശിഷ്യർ ഉൾക്കൊള്ളുന്ന പുതിയ സമൂഹമാണ്. നസ്രത്തിലെ രക്തബന്ധത്തിന്റെ കുടുംബം വീട്ട് ശിഷ്യത്വത്തിന്റെ പുതിയ കുടുംബം യേശു സ്ഥാപിക്കുകയാണ്. ഈ കുടുംബം നേരിട്ട ആദ്യത്തെ പ്രതിസന്ധി, രക്തബന്ധത്തിൽപ്പെട്ട സ്വന്തക്കാരുടെ എതിർപ്പാണ്. യേശുവിന് സുബോധം നഷ്ടപ്പെട്ടു അഥവാ ഭ്രാന്തു പിടിച്ചു എന്ന് അവർ ധരിച്ചുവശായി. അതുകൊണ്ട് അവർ യേശുവിനെ പിടിച്ചുകൊണ്ടുപോകാൻ പുറപ്പെടുകയാണ്.

പൊള്ളയായ ശിഷ്യത്വം പുണരുന്ന കുടുംബവും ആധികാരിക ശിഷ്യത്വത്തിന്റെ പാത പുണരുന്ന കുടുംബവും തമ്മിലുള്ള സംഘർഷമാണിവിടെ കാണുന്നത്. യേശു

വിനെ പിടിച്ചുകൊണ്ടുപോകാൻ പുറപ്പെട്ടിരിക്കുന്ന സ്വന്തക്കാർക്ക്, യേശുവിന്റെ ശിഷ്യത്വത്തിന്റെ പാത മനസിലാകുന്നില്ല. അവർ ഭൗതിക കാഴ്ചപ്പാടിലൂടെയാണ് യേശുവിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നത്. സുവിശേഷത്തിന്റെ വെല്ലുവിളി അവർക്ക് ഏറ്റെടുക്കാനാവുന്നില്ല. എന്നാൽ യേശു സ്ഥാപിച്ച ശിഷ്യത്വത്തിന്റെ പുതിയ കുടുംബം സുവിശേഷത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് ത്യാഗത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാൻ പരിശീലനം നേടുകയാണ്. നമ്മുടെ കുടുംബങ്ങൾ 'ശിഷ്യത്വസദനങ്ങളായി' രൂപാന്തരപ്പെടണം. എങ്കിലേ ലോകത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന ആധികാരികതയുള്ള കുടുംബങ്ങളായി അവ പരിണമിക്കൂ. സുബോധം നഷ്ടപ്പെട്ടവൻ എന്നുപറഞ്ഞ് യേശുവിനെ തള്ളിക്കളഞ്ഞ്, ഭൗതികനേട്ടങ്ങൾക്കായി അധാർമികതയുടെ വഴിയേ സഞ്ചരിക്കുന്ന കുടുംബങ്ങൾക്കുള്ള താക്കീതാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന ഈ വചനം.

> **നിരന്തരം മാനസാന്തരപ്പെടുന്ന കുടുംബങ്ങളാണ് ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ആധികാരികതയുള്ള കുടുംബങ്ങൾ.**

ശിഷ്യർ നേരിടുന്ന രണ്ടാമത്തെ വെല്ലുവിളി എതിരാളികളിൽ നിന്നാണ്. അവർ യേശുവിൽ പിശാചുബാധ ആരോപിക്കുന്നു. "ജറുസലേമിൽ നിന്നു വന്ന നിയമജ്ഞർ പറഞ്ഞു: അവനെ ബേൽസെബൂൽ ആവേശിച്ചിരിക്കുന്നു. പിശാചുക്കളുടെ തലവനെക്കൊണ്ടാണ് അവൻ പിശാചുക്കളെ പുറത്താക്കുന്നത്" (മർക്കോ. 3:22). യേശു അവരുടെ വാദം ഖണ്ഡിക്കുന്നു: അന്തഃഛിദ്രമുള്ള ഭവനമോ രാജ്യമോ നിലനില്ക്കുകയില്ല. സാത്താൻ സാത്താനെതിരെ ഭിന്നിക്കുക സാധ്യമല്ല. ഭിന്നിച്ചാൽ അവന്റെ രാജ്യം നിലനില്ക്കുകയില്ല. ശക്തനായ സാത്താനെ ബന്ധിച്ചശേഷം അവനെ കവർച്ച ചെയ്ത്, അവന്റെ സാമ്രാജ്യം തകർക്കുകയാണ് താൻ പിശാചുബാധ ഒഴിപ്പിക്കലിലൂടെ ചെയ്യുന്നത്. തന്നിലുള്ള ദൈവാത്മാവ് ദുഷ്ടാരൂപിയായ സാത്താനേക്കാൾ എത്രയോ മടങ്ങ് ശക്തിയുള്ളവനാണ്! തന്റെ ശക്തമായ പ്രവർത്തനങ്ങളിലൂടെ ആ ദൈവാത്മാവ് സാത്താനെ പരാജയപ്പെടുത്തുകയാണെന്ന് യേശു ശക്തിയുക്തം സ്ഥാപിക്കുന്നു. അങ്ങനെ എതിരാളികളുടെ വാദത്തിന്റെ മുനയൊടിക്കുന്നു. ദൈവാത്മാവിനാലാണ് താൻ പിശാചുക്കളെ ഒഴിപ്പിക്കുന്നതെന്ന് നിസംശയം വ്യക്തമാക്കുന്നു.

കുടുംബം ജഡികതയുടെയും ഭൗതികതയുടെയും പിറകെ പരക്കംപാഞ്ഞുകൊണ്ട് സുവിശേഷമൂല്യങ്ങളിൽനിന്ന് അകലുമ്പോൾ, അവ പിശാചിന്റെ കെണിയിൽപ്പെടുകയാണ്. ശിഷ്യത്വത്തിന്റെ ആധികാരികതയില്ലാത്ത പൊള്ളയായ കുടുംബങ്ങൾ പിശാചിന്റെ കെണിയിലാണെന്ന കാര്യം മറക്കേണ്ട.

**പരിശുദ്ധാത്മാവിനെതിരായ പാപം**

"മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും അവർ പറയുന്ന ദൂഷണങ്ങളും ക്ഷമിക്കപ്പെടും. എന്നാൽ പരിശു


ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Feb 2

സിയാൻ ബാസ്റ്റിൻ സ്രാമ്പിക്കൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Feb 3

അരോൺ റോജി കരിമറ്റം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Feb 4

ദീപക് ജോർജ് വാഴപ്പള്ളി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Feb 5

യൂലിസിസ് സ്കറിയാ നാലുകോടി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



Feb 6

ഒരു വിശ്വാസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി

ദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവന് ഒരു കാലത്തും പാപത്തിൽനിന്ന് മോചനമില്ല" (മർക്കോ. 3:28-29).

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശു ചെയ്ത വിമോചനപ്രവർത്തനങ്ങൾ പിശാചിൽ ആരോപിച്ചതാണ് പരിശുദ്ധാത്മാവിനെതിരായ പാപം. "അവൻ ഇങ്ങനെ പറഞ്ഞത്, തനിക്ക് അശുദ്ധാത്മാവുണ്ട് എന്ന് അവർ പറഞ്ഞതിനാലാണ്" (മർക്കോ. 3:30). യേശുവിന്റെ വിമോചനപ്രവർത്തനങ്ങൾ സാത്താന്റെ പ്രവർത്തനങ്ങളായി കാണുന്നവർ ദുഷ്ടഹൃദയമുള്ളവരാണ്; യേശുവിനും ദൈവരാജ്യത്തിനുമെതിരെ ഹൃദയം കഠിനമാക്കുന്നവരാണ്. അവർ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കാൻ തയാറല്ല. ഇപ്രകാരം ഹൃദയകാഠിന്യത്തിൽ നിന്നുളവാകുന്ന മാനസാന്തരവൈമുഖ്യമാണ് പരിശുദ്ധാത്മാവിനെതിരായ പാപം. ഈ പാപം ഗുരുതരമാണെന്ന് യേശു ഇവിടെ സമർഥിക്കുന്നു. സുവിശേഷവചനമനുസരിച്ച് അനുതപിക്കുന്ന വ്യക്തികളോട് ദൈവം എല്ലാ പാപങ്ങളും ക്ഷമിക്കും. ക്ഷമിക്കപ്പെടാത്ത പാപമില്ല. എന്നാൽ മാനസാന്തരപ്പെടാതെ ഹദയം കഠിനമാക്കുന്നവർക്ക് എങ്ങനെ പാപമോചനം കിട്ടും? ദൈവത്തിനെതിരെയുള്ള നിരന്തരമായ മറുതലിപ്പുമൂലം അവർ തങ്ങൾക്കുതന്നെ പാപമോചനം അസാധ്യമാക്കിത്തീർക്കുകയാണ്. അതിനാൽ "ഒരുകാലത്തും പാപമോചനമില്ല" എന്ന പ്രസ്താവന താർക്കികരൂപത്തിലുള്ള (rhetoric) വാക്യമായി കണക്കാക്കിയാൽ മതി. പാപത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിന് സുവിശേഷകൻ ഉപയോഗിക്കുന്ന പ്രത്യേക ശൈലിയാണ് താർക്കിക വ്യവഹാരഭാഷ.

പരിശുദ്ധാത്മാവിന്റെ വരങ്ങളിലും ഫലങ്ങളിലും വളരുന്ന ഭവനമാണ് ക്രിസ്തീയകുടുംബം. മാനസാന്തരപ്പെടാനുതകുംവിധം എളിമയുള്ളവർക്കാണ് പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നത്. നിരന്തരം മാനസാന്തരപ്പെടുന്ന കുടുംബങ്ങളാണ് ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ആധികാരികതയുള്ള കുടുംബങ്ങൾ.

**ശിഷ്യരുടെ കുടുംബം**

"യേശുവിന്റെ അമ്മയും സഹോദരരും വന്ന് പുറത്തുനിന്നുകൊണ്ട് അവനെ വിളിക്കാൻ ആളയച്ചു. ജനക്കൂട്ടം അവനു ചുറ്റും ഇരിക്കുകയായിരുന്നു" (മർക്കോ. 3:31). അമ്മയും സഹോദരരും (രക്തബന്ധത്തിൽപ്പെട്ടവർ) വന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ യേശുവിന്റെ മറുപടി: "ആരാണ് എന്റെ അമ്മയും സഹോദരരും? ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും എന്റെ സഹോദരരും. ദൈവഹിതം നിറവേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരരും" (മർക്കോ. 3:33-35).

രക്തബന്ധത്തിൽപ്പെട്ടവർ തന്റെ ശിഷ്യത്വകുടുംബത്തിൽ ഉൾപ്പെട്ടവരാകണമെന്നില്ല. തന്റെ ചുറ്റും ദൈവവചനം കേട്ടുകൊണ്ടിരിക്കുന്ന അതായത് ദൈവഹിതം നിറവേറ്റുന്ന മനുഷ്യരാണ് യഥാർഥത്തിൽ തന്റെ ശിഷ്യത്വകുടുംബത്തിലെ അംഗങ്ങൾ. നമ്മുടെ കുടുംബങ്ങൾ ബാഹ്യമായ ചില മതാനുഷ്ഠാനങ്ങൾ നിറവേറ്റുന്നതുകൊണ്ടുമാത്രം ക്രിസ്തുവിന്റെ കുടുംബങ്ങളാകണമെന്നില്ല. ദൈവവചനം ശ്രവിക്കുകയും പാലിക്കുകയും ദൈവഹിതം നിറവേറ്റുകയും ചെയ്യുന്നവർ മാത്രമാണ് ക്രിസ്തുവിന്റെ കുടുംബത്തിലെ അംഗങ്ങൾ.

യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിനെതിരായ വാക്യമായി ഇതിനെ ആരും കാണരുത്. കാരണം, ദൈവവചനം കേട്ട്, പാലിച്ച്, ദൈവഹിതം നിറവേറ്റിയ ശിഷ്യരിൽ ഒന്നാംസ്ഥാനം മറിയത്തിനാണ്. "ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38) എന്ന മറിയത്തിന്റെ പ്രത്യുത്തരത്തിൽ ശിഷ്യത്വത്തിന്റെ സമസ്തചൈതന്യവും ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ തന്റെ അമ്മയ്ക്കെതിരായിട്ടല്ല യേശു ഇതു പറയുന്നത്; മറിച്ച്, ദൈവവചനമനുസരിച്ചു ജീവിക്കുന്നവരാണ് തന്റെ കുടുംബത്തിലെ അംഗങ്ങൾ എന്ന സത്യം ഉറച്ചു പ്രഘോഷിക്കുന്നതിനുവേണ്ടിയാണ്. വചനം ഉൾക്കൊണ്ട് ദൈവഹിതം നിറവേറ്റിയ തന്റെ അമ്മയെ മാതൃകയാക്കണമെന്ന സൂചനകൂടി ഈ വാക്യത്തിൽ ഒളിഞ്ഞിരിപ്പുണ്ട്.

നമ്മുടെ കുടുംബങ്ങൾ ദൈവവചനത്തിന്റെ പാതയിൽ ചരിച്ച്, ദൈവഹിതം നിറവേറ്റുന്ന ആധികാരികതയുള്ള ശിഷ്യരുടെ കൂട്ടായ്മയായി പരിവർത്തനപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഈ തിരുവചനധ്യാനം നമ്മെ സഹായിക്കും.

(തുടരും)

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# കെട്ടിയവന് കിട്ടിയ മുട്ടൻ പണി!

**കൂട്ടെന്തിനെന്നു ചോദിച്ചതിനു കിട്ടിയ ഉത്തരം കേട്ടു ഞാൻ ഞെട്ടി!**
**"ഒരു രസത്തിന് കൂടെ ആരെങ്കിലും വേണ്ടേ അച്ചാ...!!"**

**അ**യൽപക്കത്തെ അച്ചൻ അറിഞ്ഞുകൊണ്ടാണോ എന്നറിയില്ല, ഒരുത്തിയെ കെട്ടുകുമ്പസാരത്തിനും ഉപദേശത്തിനുമായി അന്വേഷണഫോമുമായി എന്റെ അടുക്കലയച്ചിരിക്കുന്നു! കെട്ടിനു മുമ്പുള്ള വേദപാഠം കേൾക്കാൻ വന്ന പെണ്ണ് മുട്ടനൊരു കുരിശുവരച്ചു! നെറ്റി മുതൽ നെഞ്ചുവരെ ഒരു നെടുനീളം വരയങ്ങ് കാച്ചി; പിന്നെ കുറുകെ അഞ്ചാറു ചെറുവരകളും! ഒന്നും ചൊല്ലാതെ 'കുരിശുവര' നടത്തിയ അവളോട് ഞാൻ ചോദിച്ചു: "സ്ലീബാക്രോസ് വരയ്ക്കാൻ അല്ലല്ലോ പറഞ്ഞത്?" ചമ്മലൊന്നും കൂടാതെ, പമ്മലുപോലുമില്ലാതെ അവൾ ചുമ്മാതിരുന്നു. വേണമെങ്കിൽ അച്ചൻ ഇതുകൊണ്ടൊക്കെ തൃപ്തിപ്പെട്ട് കെട്ടുനടത്തിയാൽ മതി എന്ന മട്ടിലാണിരുപ്പ്. പ്രാർഥന ചൊല്ലിച്ചാൽ ഞാൻ തന്നെ 'പാടുപെട്ടുപോകും' എന്നു തോന്നിയതിനാൽ "എന്തിനാണ് കുട്ടീ വിവാഹം?" എന്നു ചോദിച്ചു. ചുമ്മാതൊരു കൂട്ടിനു മാത്രമാണ് കെട്ടെന്നായി മറുപടി. കൂട്ടെന്തിനെന്നു ചോദിച്ചതിനു കിട്ടിയ ഉത്തരം കേട്ടു ഞാൻ ഞെട്ടി! "ഒരു രസത്തിന് കൂടെ ആരെങ്കിലും വേണ്ടേ അച്ചാ...!!" ഒന്നുകിൽ ഇവൾക്കു വട്ട്! അല്ലെങ്കിൽ പാതി പൊട്ട്! അതുമല്ലെങ്കിൽ കെട്ടാനിഷ്ടമില്ലാത്തവളെ വീട്ടുകാർ കെട്ടിവലിച്ച് എന്റെ മുമ്പിൽ കൊണ്ടിട്ടത്! കളി കഴിഞ്ഞ് കാര്യത്തിലേക്കു കടക്കാമെന്ന എന്റെ കടുപ്പിച്ച വാക്കും കറുത്ത മുഖവും അവളെ കാര്യഗൗരവമുള്ളവളാക്കി. "അച്ചാ, എനിക്കീ കല്യാണമേ വേണ്ടച്ചാ...!" 10 വർഷമായി ബംഗളൂരുവിൽ ഐറ്റി കമ്പനികളിൽ ചുറ്റിപ്പറ്റിയായിരുന്നു ജീവിതം. കുഞ്ഞുപ്രായത്തിൽപോലും വീട്ടിൽ പ്രാർഥനയോ, സ്ഥിരമായ പള്ളിയിൽ പോക്കോ, വേദപഠനപരിപാടിയോ ഇല്ല. ഗൾഫിലുണ്ടായിരുന്ന അപ്പനും നാട്ടിൽ അടിച്ചുപൊളിച്ചു ജീവിച്ച അമ്മയും ആത്മീയതയുടെ അടിസ്ഥാനകാര്യങ്ങളിൽപോലും ശ്രദ്ധയില്ലാത്തവരായിരുന്നു. ആങ്ങളയും അമ്മയുമൊത്ത് അപ്പന്റെ പണംകൊണ്ട് ആഡംബരത്തോടെ ജീവിച്ച അവളോട്, കല്യാണം വേണ്ടെന്നു പറയാനുള്ള കാരണമാരാഞ്ഞു. ആറുവർഷത്തിലധികമായി മനോരോഗത്തിനു മരുന്നു കഴിക്കുന്നുണ്ടത്രേ! "വർക്ക്ലോഡ്" വരുത്തിയ ഉത്കണ്ഠയും ഉറക്കമില്ലായ്മയും അധികമായപ്പോൾ അടുത്ത കൂട്ടുകാർ കൊടുത്ത 'മയക്കുമരുന്ന്' പിന്നീട് ഉഗ്രപ്രശ്നങ്ങൾ സൃഷ്ടിച്ചു. ഒടുവിൽ മനോരോഗത്തിനുള്ള മരുന്നു വേണമെന്നായി! വിഭ്രാന്തികൾക്കു വിരാമമായെങ്കിലും, വിവാഹജീവിതത്തോടു താത്പര്യമില്ല. വീട്ടുകാരുടെ മുമ്പിൽ എന്തെങ്കിലും കാട്ടിക്കൂട്ടാമെന്നു കരുതി വന്നതാണ്. കെട്ടുന്നവനിട്ട് എന്തെങ്കിലും ഒരു 'മുട്ടൻ പണി' കൊടുത്തിട്ട് പെട്ടെന്നു ബംഗളൂരുവിനു പോയി കൂട്ടുകാരുമൊത്ത് കഴിഞ്ഞുകൂടാനുള്ള പ്ലാനിലാണ് പെണ്ണ്. കല്യാണമൊരു പൊല്ലാപ്പാണെന്നും, കിട്ടുന്നതൊക്കെ ചെലവിട്ട് കൂട്ടുകാരുമായി കുറെക്കാലംകൂടി 'ഒറ്റയ്ക്കങ്ങ്' നില്ക്കുന്നതാണ് നല്ലതെന്നും അവളങ്ങ് ഉറപ്പിച്ച മട്ടായി! ഒടുവിൽ ഒരു നല്ല കൗൺസിലിംഗിനും ആത്മീയജീവിതത്തിനും അവളെ സമ്മതിപ്പിച്ചത് അത്രയും ആശ്വാസകരമായി. വീട്ടുകാരെ വിളിപ്പിച്ച് വിവരങ്ങൾ പറഞ്ഞു. അവരുടെ പ്രതികരണങ്ങൾ കണ്ടുകേട്ടപ്പോഴേ കുറവു ചെറുതല്ലെന്നും, 'നിർമാണവൈകല്യം' നിശ്ചയിക്കാവുന്നതിലും അധികമാണെന്നും പിടികിട്ടി. കെട്ടാനുറപ്പിച്ച ചെക്കനെ കിട്ടാനിരുന്ന 'മുട്ടൻ പണി'യിൽനിന്നും രക്ഷിച്ചതിന് അവന്റെ നന്ദിപ്രകടനം പിന്നാലേ നീണ്ടനേരം കേട്ടിരുന്നു ഞാൻ നിർവൃതിയടഞ്ഞു!

"ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം കെട്ടുപിണഞ്ഞുകിടക്കുന്നു; ശിക്ഷണത്തിന്റെ വടി അതിനെ ആട്ടിയോടിക്കുന്നു" (സുഭാ. 22:15).

അപ്പനമ്മമാരിൽനിന്നും കിട്ടേണ്ട ആത്മീയശിക്ഷണത്തിന്റെ അഭാവമിന്ന് അനേകം ചെറുപ്പക്കാരെ നശിപ്പിക്കുന്നു. വിശ്വാസപരിശീലനം വീട്ടിൽ കിട്ടാത്തവരുടെ വൈകാരിക-ആത്മീയതലങ്ങളിലെ തകർച്ച വലുതായിരിക്കും. ലോകസുഖങ്ങളുടെ ഒഴുക്കിനൊത്തുപോകുന്ന മാതാപിതാക്കളുടെ മക്കൾ തിന്മയുടെ അഗാധഗർത്തത്തിലായിരിക്കും പതിക്കുക. അവശ്യസമയത്ത് നല്കേണ്ട ആത്മീയബോധ്യങ്ങൾ കിട്ടാതെവരുന്നവർ തിന്മയുടെ കെട്ടുകളിൽ വല്ലാതെ പെട്ടുപോകും; ഒടുവിൽ പൊട്ടിത്തകരുകയും ചെയ്യും. അതുകണ്ട് നെഞ്ചുപൊട്ടിയിട്ടു കാര്യമുണ്ടോ?

"അടക്കമില്ലാത്ത മകൾ പിതാവിനും ഭർത്താവിനും അപകീർത്തി വരുത്തുകയും, അവരാൽ വെറുക്കപ്പെടുകയും ചെയ്യുന്നു" (പ്രഭാ. 22:5). ○

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu